# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 6
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
സെപ്റ്റംബർ 2011

# നൂറുദിന വിസ്മയം
## പഞ്ചായത്ത് വകുപ്പിലും

സി. യു. ജി. സിംകാർഡ് വിതരണം

പൗരാവകാശരേഖ

സെക്രട്ടറി തസ്തിക ഏകീകരണം





'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

**പഞ്ചായത്ത് രാജ്** സെപ്റ്റംബർ 2011

# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 നൂറുദിന വിസ്മയം: റിപ്പോർട്ട്
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



10 ഇൻഫർമേഷൻ കേരള മിഷൻ
ടി.പി. സുധാകരൻ



13 ശിശുസൗഹൃദ പഞ്ചായത്ത് യാഥാർത്ഥ്യമാകുമ്പോൾ
ഡോ. പി.പി. ബാലൻ

16 പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം - ഒരു സമീപനം
എൻ. സുരാജ്

18 വയലുകൾ മറയുമ്പോൾ കുഞ്ഞാറ്റ കുരുവികളും കൂടൊഴിയും
സി.എൻ. ബാലകൃഷ്ണൻ

22 ചെറുനഗരങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന് പോംവഴി
കെ.പി. ഫിലിപ്പോസ്



24 മദ്ധ്യപ്രദേശിലെ 'കെസ്ല മോഡൽ' ഇറച്ചിക്കോഴി വളർത്തൽ
ഡോ. എസ്. ആർ. റാണി



26 ക്ഷീരകർഷകരെ സഹായിക്കാം
ഡോ. മരിയ ലിസ മാത്യു



28 വർഷകാലത്തെ കാലിവളർത്തൽ
ഡോ. എൻ. ശുദ്ധോദനൻ

30 പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്

33 ധനപരിപാലനത്തിൽ പുതിയ കാൽവെയ്പ്
ആൽജോ സി. ചെറിയാൻ



35 വയോജനങ്ങൾക്ക് കൈത്താങ്ങായി സന്ദീപനം
ബി. മനോജ്

36 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ



38 അഗ്രോ സൂപ്പർ ബസാർ: കർഷകരുടെ മിത്രം
വി.എസ്. ലാലി



40 കുമരകം ഗ്രാമപഞ്ചായത്തിന് സ്നേഹസാഗരം കൊണ്ടൊരു സമ്മാനം
ഡി.ജി. പ്രകാശൻ

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ



## ഇങ്ങനെയും ഒരു സർപഞ്ച്

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം സാക്ഷാൽക്കരിക്കാൻ വേണ്ടി ഗ്രാമസ്വരാജ് അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കാൻ ശ്രമിച്ച് വിജയം കൈവരിച്ച പഞ്ചാബിലെ ജലന്തർ ജില്ലയിലെ സച്ചേവാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സന്ത് ബൽബിർസിങ് ഇന്ത്യാ മഹാരാജ്യത്തിന് ഒരു മാതൃകാ പഞ്ചായത്ത് പ്രസിഡന്റാണ്. വ്യക്തിപരമായി അദ്ദേഹത്തിന് ഉയർന്ന വിദ്യാഭ്യാസമോ ഇംഗ്ലീഷ് പരിജ്ഞാനമോ ഇല്ല. എങ്കിലും അനുഭവം ഗുരുവാക്കി സ്വന്തം കുടുംബത്തിൽ തുടങ്ങിയ വികസനപ്രക്രിയ ഒരു പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ നടപ്പിലാക്കി ജനങ്ങളെയും നാടിനെയും സ്വയം പര്യാപ്തമാക്കിയിരിക്കുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതൊരു മാതൃകയായി സ്വീകരിച്ചിരുന്നെങ്കിൽ നമ്മുടെ കൊച്ചുകേരളം എത്ര മനോഹരമായ ഭൂപ്രകൃതി ദേശമായി മാറിയേനേ? ത്യാഗമനസ്ഥിതിയുടെയും അർപ്പണ മനോഭാവത്തിന്റെയും പ്രതീകമായി മാറിയ സന്ത് ബൽബിർസിങിനെ ലോകത്തിനു പരിചയപ്പെടുത്തിയ ഡോ. പി.പി. ബാലൻസാറിനും ഇതു പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് എഡിറ്റർക്കും അഭിനന്ദനങ്ങൾ.

**വി.സി. കുര്യാച്ചൻ,** *വാഴയിൽ വീട്, പൂത്തൃക്ക പി.ഒ, എറണാകുളം*

## ആഗസ്റ്റ് ലക്കം കൃഷിയുടെ കൈപ്പുസ്തകം

കേരളത്തിലെ പ്രധാന കൃഷികളായ നെല്ല്, തെങ്ങ് വിളകളെപ്പറ്റി അതിന്റെ നടീൽ മുതൽ വിളവെടുപ്പു വരെയുള്ള കാര്യങ്ങൾ ആധികാരികമായും വിശദമായും വിവരിച്ചുകൊണ്ടുള്ള ആഗസ്റ്റ് ലക്കം പഞ്ചായത് രാജ് മാസികയിലെ ലേഖനങ്ങൾ ഒന്നിനൊന്ന് മെച്ചപ്പെട്ടവയായിരുന്നു. കൃഷിയെപ്പറ്റിയും കൃഷി രീതികളെപ്പറ്റിയുമുള്ള ഒരു കൈപ്പുസ്തകമായി സൂക്ഷിക്കാവുന്ന തരത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പഞ്ചായത്ത്രാജിന് ഒരായിരം അഭിനന്ദനങ്ങൾ നേരുന്നു.

**അനുരാജ്. വി,** *ആരാമം, കുന്ദംകുളം, തൃശൂർ*

## പഞ്ചായത്ത് ഗൈഡ് പൊതുജനങ്ങൾക്ക്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പഞ്ചായത്ത് ഗൈഡ്-2012' പൊതുജനങ്ങൾക്ക് വിലയ്ക്ക് നൽകുന്നതിന് സർക്കാർ ഉത്തരവായി. ഗൈഡൊന്നിന് നികുതിയുൾപ്പെടെ 100/- രൂപയാണ് വില. ഗൈഡ് ആവശ്യമുള്ളവർ തിരുവനന്തപുരത്തെ പഞ്ചായത്ത് ഡയറക്ടറേറ്റിലോ, ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിലോ ഒക്ടോബർ 30 നകം പണം അടയ്ക്കേണ്ടതാണ്.

## ഗ്രാമപഞ്ചായത്തുകൾക്ക് ഒൻപത് കമ്പ്യൂട്ടറുകൾ വാങ്ങാം

'സാംഖ്യ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഐ.കെ.എം. സ്പെസിഫിക്കേഷൻ പ്രകാരമുള്ള 9 എണ്ണം വരെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി DGS & D Rate Contract അടിസ്ഥാനത്തിൽ വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായി. (സ.ഉ. (സാധാ)നം. 1972/2011/തസ്വഭവ, തീയതി 22.08.2011).

## പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഫ്രണ്ട് ഓഫീസ്



*സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആരംഭിച്ച ഫ്രണ്ട് ഓഫീസിന്റെ ഉദ്ഘാടനം പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ നിർവ്വഹിക്കുന്നു.*

## പ്രാദേശിക ഭരണം: സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

പ്രാദേശിക ഭരണത്തിൽ പ്രായോഗിക പരിജ്ഞാനമുള്ള ഒരു വിദഗ്ദ്ധ സംഘത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 'കില' നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്രാദേശിക ഭരണത്തിൽ താല്പര്യമുള്ളവർക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഭാവിയിൽ സന്നദ്ധസേവനം നൽകാൻ തയ്യാറുള്ളവർക്കുമാണ് മുൻഗണന. അപേക്ഷയും മറ്റു വിവരങ്ങളും www.kilaonline.orgൽ നിന്നും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴ്സ് ഡയറക്ടർ, പ്രാദേശിക ഭരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്, കില, മുളങ്കുന്നത്തുകാവ്, തൃശൂർ 680581 എന്ന വിലാസത്തിൽ ബന്ധപ്പെടണം. അവസാന തീയതി 2011 ഒക്ടോബർ 31.


# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2011
പുസ്തകം 51
ലക്കം 6
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്ററുടെ പേജ്

## തുടക്കം ശുഭസൂചകം

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പഞ്ചായത്തുവകുപ്പിലും നിരവധി നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് (സി.യു.ജി) മൊബൈൽ സിം കാർഡ് വിതരണം, പൗരാവകാശരേഖ, ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകളുടെ ഏകീകരണം തുടങ്ങി പഞ്ചായത്ത് വകുപ്പിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്ന പരിപാടികളാണ് ആരംഭിച്ചിരിക്കുന്നത്.

ആധുനിക വിവര സാങ്കേതിക വിദ്യയുടെയും വിവര വിനിമയ സഞ്ചയത്തിന്റെയും നൂതന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ടു മാത്രമേ പ്രാദേശിക ഭരണത്തെ പുതിയ തലത്തിലേക്ക് ഉയർത്തുന്നതിനും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് സേവന വികസന ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനു പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിനും സാധിക്കൂ. അതിലേക്കുള്ള ചുവടുവയ്പാണ് പഞ്ചായത്ത് വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർക്കും ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പൊതുവായ സേവനപരിധിയിൽപ്പെടുന്ന മൊബൈൽ ഫോൺ ഉപഭോക്താക്കളുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്തി സിം കാർഡുകൾ നൽകിയതിലൂടെ സർക്കാർ നടത്തിയിരിക്കുന്നത്. ബ്യൂറോക്രസിയുടെ ചുവപ്പുനാടയിലെ കുരുക്കുകൾ അഴിക്കുന്നതിനും പൊതുജനങ്ങൾക്ക് പ്രാദേശിക ഭരണസംവിധാനം കൂടുതൽ പ്രാപ്യമാക്കുന്നതിനും സി.യു.ജി. സംവിധാനം നിർണ്ണായകമായി തീരും. അതോടൊപ്പം പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ആഫീസും പഞ്ചായത്ത് ഡയറക്ടറേറ്റും ജില്ലാ ആഫീസുകളും ഗ്രാമപഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന തരത്തിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ അഞ്ചിൽ കൂടുതൽ കമ്പ്യൂട്ടറുകൾ പാടില്ലെന്ന നിബന്ധന മാറ്റി ഒമ്പതെണ്ണം വരെ വാങ്ങുന്നതിനു നിർദ്ദേശം നൽകി കഴിഞ്ഞു.

കേരളത്തിൽ, ഇന്ന് പൗരജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിൽ ഭൂരിഭാഗവും പ്രദാനം ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളാണ്. ഓരോ ഗ്രാമപഞ്ചായത്തും നൽകുന്ന സേവനങ്ങളും അതിന്റെ നിബന്ധനകളും സമയപരിധിയും ഉൾപ്പെടുത്തി പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ നിർണ്ണായക പങ്കു വഹിക്കുന്ന പഞ്ചായത്തുവകുപ്പിനു സമഗ്രമായ ഒരു പൗരാവകാശരേഖ ഉണ്ടായിരുന്നില്ല. അതു പരിഹരിക്കപ്പെട്ടിരിക്കുകയാണ്. പഞ്ചായത്ത് ഡയറക്ടറേറ്റ്, ജില്ലാ ആഫീസുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും പഞ്ചായത്ത് ഭരണവുമായി ബന്ധമുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്നും പൗരജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും അനുബന്ധ വിവരങ്ങളും ഉൾക്കൊള്ളുന്ന പഞ്ചായത്ത് വകുപ്പിന്റെ പൗരാവകാശരേഖ സുതാര്യവും അഴിമതിരഹിതവുമായി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനോടൊപ്പം ഉദ്യോസ്ഥ സമീപനത്തിൽ മാറ്റം വരുത്തി വകുപ്പിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും പ്രവർത്തനം സമയബന്ധിതവും ജനസൗഹൃദപരവുമാക്കി മാറ്റുന്നതിനും വഴിയൊരുക്കും.

ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകൾ ഏകീകരിച്ച് ഉയർന്ന ശമ്പളസ്കെയിലിൽ ഒറ്റ തസ്തികയാക്കിയ നടപടി ജീവനക്കാരുടെ ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്ക്കാരവും ഒപ്പം അവരുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതുമാണ്. പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്ക്കരിച്ചത് 1983ലാണ്. പഞ്ചായത്തുകളിലെയും വകുപ്പിലെയും ഉദ്യോഗസ്ഥരുടെ ആവശ്യകത പരിശോധിച്ച് മതിയായ ജീവനക്കാരെ കണ്ടെത്തുന്നതിന് മൂന്നംഗ സമിതിയെ ചുമതലപ്പെടുത്താനുള്ള സർക്കാരിന്റെ നീക്കം പ്രാദേശിക ഭരണസമൂഹം അത്യധികം ആഹ്ലാദത്തോടെയാണ് സ്വാഗതം ചെയ്തിരിക്കുന്നത്.

ആശ്രയ പദ്ധതി മുഴുവൻ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതും പഴക്കമേറിയ ഫയലുകൾ തീർപ്പാക്കുന്നതും ഉൾപ്പെടെ പല മേഖലകളിലും ഉദ്ദേശിച്ച ലക്ഷ്യം ഇനിയും പൂർണ്ണമായും കൈവരിക്കേണ്ടതുണ്ടെങ്കിലും കർമ്മനിരതയുടെ നൂറുദിനങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ പഞ്ചായത്ത് വകുപ്പിൽ പുത്തൻ ഉണർവിന്റെയും ആവേശത്തിന്റെയും വെളിച്ചം ജനിപ്പിച്ചിരിക്കുകയാണ്. അർപ്പണബോധത്തോടുകൂടിയുള്ള പ്രവർത്തനത്തിലൂടെ ഈ വെളിച്ചം കൂടുതൽ ദീപ്തവും ഐശ്വര്യപൂർണ്ണവുമാക്കുന്നതിന് വരുംനാളുകളിലും നമുക്ക് കൂട്ടായി യത്നിക്കാം.

പഞ്ചായത്ത് രാജ്

# നൂറുദിന വിസ്മയം

## പഞ്ചായത്ത് വകുപ്പിലും സാക്ഷാത് ക്കരിച്ചു



## പഞ്ചായത്തുകളിലും പഞ്ചവൽസരപദ്ധതി പരിഗണനയിൽ

പഞ്ചായത്തുകളെക്കുറിച്ച് ജനങ്ങൾക്ക് വളരെയധികം പ്രതീക്ഷകളാണുള്ളത്. ഒട്ടേറെ തടസ്സങ്ങൾ ഉള്ളതിനാൽ ജനങ്ങൾ പ്രതീക്ഷിക്കുന്നതരത്തിൽ പഞ്ചായത്തുകൾക്കു പ്രവർത്തിക്കാൻ കഴിയുന്നില്ല. തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമല്ല. വികസനത്തിനുവേണ്ടി, കഴിയുന്നത്ര രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണം. ഗ്രാമസഭകൾ സജീവമാകണം. ഇപ്പോൾ ഗ്രാമസഭകൾ കൂടുന്നില്ല. കൂടിയാൽ തന്നെ അവിടെ ചർച്ച ചെയ്യേണ്ട കാര്യങ്ങളല്ല ചർച്ച ചെയ്യുന്നത്. ഗ്രാമസഭകൾ നാട്ടിലെ കൂട്ടായ്മ ആകണം. അതു വലിയ മാറ്റത്തിന്റെ തുടക്കമാകും.

പഞ്ചായത്തുകളുടെ വാർഷികപദ്ധതിക്കുപകരം അഞ്ചു വർഷത്തെ ദീർഘകാല പദ്ധതി കൊണ്ടുവരുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കും. പഞ്ചായത്തുകളുടെ ഓരോ വർഷത്തെയും പദ്ധതി അംഗീകരിച്ചു കിട്ടാൻ തന്നെ ആറു മാസമെടുക്കുന്നു. പിന്നീട് കഷ്ടിച്ച് ആറു മാസമാണ് പദ്ധതി നടപ്പാക്കാൻ കിട്ടുന്നത്. ചുവപ്പുനാടയിൽ കുടുങ്ങുന്ന ഈ നടപടിക്രമങ്ങൾ ലഘൂകരിച്ചേ മതിയാകൂ. അഞ്ചുവർഷത്തെ പദ്ധതി ആകുമ്പോൾ ആദ്യം അംഗീകാരം നേടിയാൽ പിന്നെ പദ്ധതി സുഗമമായി നടപ്പിലാക്കാം.

പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധിക്കു പരിഹാരം ഉണ്ടാക്കും. ആശ്രയ പദ്ധതി 124 പഞ്ചായത്തുകളിൽ ഇനിയും നടപ്പിലാക്കിയില്ല. ആ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് ഞാൻ നേരിട്ടു കത്തെഴുതി. നടപ്പിലാക്കാത്ത പഞ്ചായത്തുകൾക്ക് ജനാധിപത്യത്തെക്കുറിച്ചു പറയാൻ അവകാശമില്ല. ആരും നോക്കാനില്ലാത്ത രണ്ടു ശതമാനം ആളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആശ്രയ പദ്ധതി ഏറ്റെടുക്കാത്ത പഞ്ചായത്തുകൾക്ക് മറ്റു സ്കീമുകൾക്കുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കേണ്ടിവരുമെന്ന് പ്രസിഡന്റുമാരെ അറിയിച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി തൊഴിലുറപ്പുപദ്ധതി വിപുലീകരിക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിവരുകയാണ്. ചില പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായവർക്ക് യഥാസമയം കൂലി കൊടുക്കുന്നില്ലെന്നു കണ്ടെത്തി. അവർക്കു കിട്ടേണ്ട മറ്റു പല ആനുകൂല്യവും നഷ്ടമാക്കി. ഇതിൽ പങ്കെടുക്കുന്നവർക്കു കിട്ടേണ്ട ആനുകൂല്യമെല്ലാം സമയത്തു ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തണം.■

*(പഞ്ചായത്തു വകുപ്പിന്റെ പൗരാവകാശരേഖ പ്രകാശനവും സിംകാർഡ് വിതരണവും നിർവ്വഹിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്)*

വികസനവും കരുതലും എന്ന മുദ്രാവക്യത്തോടെ കേരള ജനതയുടെ സമസ്ത മേഖലകളിലും വികസനത്തിന്റെയും സേവനത്തിന്റെയും സമൃദ്ധിയുടെയും പുത്തൻ ഉണർവ് പ്രകാശിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി നാടെങ്ങും ജനകീയോത്സവമായി. കർമ്മ പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വകുപ്പിലെ പ്രഖ്യാപനങ്ങളും സാക്ഷാത്ക്കരിക്കപ്പെട്ടു.

പ്രാദേശിക ഭരണ രംഗത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെഴുതുന്ന രണ്ട് പ്രധാന കാൽവയ്പ്പുകൾക്കാണ് പഞ്ചായത്ത് വകുപ്പ് തുടക്കമിട്ടത്. പഞ്ചായത്ത് വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പൊതുവായ സേവന പരിധിയിൽപ്പെടുന്ന മൊബൈൽ ഫോൺ ഉപഭോക്താക്കളുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്തി മൊബൈൽ ഫോൺ സിം കാർഡ് വിതരണം ചെയ്തതാണ് ഒന്നാമത്തേത്. പഞ്ചായത്ത് ഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും തങ്ങൾക്ക് ലഭിക്കാൻ അർഹതയുള്ള സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനും ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള പൗരാവകാശരേഖ പ്രകാശനമായിരുന്നു മറ്റൊന്ന്. അതോടൊപ്പം പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ദീർഘകാലത്തെ ആവശ്യമായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയുടെയും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയുടെയും ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചു.

തിരുവനന്തപുരം അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവനിൽവെച്ച് സെപ്റ്റംബർ 5ന് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി മൊബൈൽ ഫോൺ സിം കാർഡുകളുടെ വിതരണോദ്ഘാടനം നടത്തി. പഞ്ചായത്ത് പ്രസിഡന്റുമാർക്കുള്ള സിംകാർഡ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യുവും സെക്രട്ടറിമാർക്കുള്ള സിംകാർഡ് നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂസൻ തോമസും മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. അതോടൊപ്പം ക്ലോസ്ഡ് യൂസർ ഗ്രൂപ്പിൽപെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി ആദ്യ ആശയ വിനിമയവും മുഖ്യമന്ത്രി നടത്തി. മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമാകുമാരിയുമായാണ് മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചത്.

ഗതാഗതം, ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ പൗരാവകാശരേഖയുടെ പ്രകാശനം നിർവഹിച്ചു. പൗരാവകാശരേഖയുടെ ആദ്യപ്രതി മന്ത്രിയിൽ നിന്നും പി.ടി. മാത്യൂ ഏറ്റുവാങ്ങി. പഞ്ചായത്ത് - സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി തസ്തിക ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് പഞ്ചായത്ത് വകുപ്പ് ഭരണവിഭാഗം ജോയിന്റ് ഡയറക്ടർ ജെ. സദാനന്ദൻ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. തിരുവനന്തപുരം മേയർ കെ. ചന്ദ്രിക, കേരള ടെലികോം ജനറൽ മാനേജർ എസ്. ജ്യോതി ശങ്കർ ഐ.റ്റി.എസ്., പി.ടി. മാത്യൂ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എം. മണികണ്ഠൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ ഐ.എ.എസ് സ്വാഗതവും അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ് നന്ദിയും പറഞ്ഞു.■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



## പഞ്ചായത്തുകളിൽ എം–ഗവേണൻസിനു തുടക്കം

അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും രണ്ടു ദശകങ്ങൾ പിന്നിട്ടിരിക്കുന്നുവെങ്കിലും ഗ്രാമസ്വരാജ് എന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഇനിയും ഏറെ ദൂരം മുന്നോട്ടു പോകാനുണ്ട്. സ്വാശ്രയത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ശക്തികേന്ദ്രമാണ് പഞ്ചായത്തുകൾ. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റുകളായ പഞ്ചായത്തുകൾക്ക് ഏതു മേഖലയിലും സേവനം നൽകാം. പച്ചക്കറികൾക്കും പൂക്കൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാത്ത ഒരു കാലം സംസ്ഥാനത്ത് ഉണ്ടാക്കുക എന്നതാണു പഞ്ചായത്ത് വകുപ്പിന്റെ ലക്ഷ്യം. സ്വാശ്രയ കേരളം എന്ന ആശയം അടുത്ത 5 വർഷം കൊണ്ടു സാക്ഷാത്ക്കരിക്കാൻ ശ്രമിക്കും.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും ക്ലോസ്ഡ് യൂസർ ഗ്രൂപ്പിൽ ഉൾപ്പെടുത്തി മൊബൈൽ ഫോൺ സിം കാർഡുകൾ നൽകുകയാണ്. ഏതു സമയത്തും ജനങ്ങളെ സേവിക്കുന്നതിനു വേണ്ടി ഉപയോഗിക്കാനുള്ളതാണ് ഈ സിം കാർഡുകൾ. ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് പ്രാവർത്തികമാകുന്നതോടെ പഞ്ചായത്തുകളിൽ എം-ഗവേണൻസ് (മൊബൈൽ ഫോൺ ഗവേണൻസ്) സാദ്ധ്യമാകും. നികുതി ഒടുക്കൽ, സർട്ടിഫിക്കറ്റ് വിതരണം, പദ്ധതി നടത്തിപ്പ്, വിവരശേഖരണം എന്നിവയ്ക്കൊക്കെ ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് സംവിധാനം സഹായകമാകും.

പൗരന് ലഭിക്കാനുള്ള സേവനം മൗലികാവകാശമാണ്. സേവനം എന്തെന്നും അതു ലഭിക്കാനുള്ള വ്യവസ്ഥകളും സമയപരിധിയും അറിയാനുള്ള അവകാശവും പൗരനുണ്ട്. അതു യാഥാർത്ഥ്യമാക്കുന്ന പഞ്ചായത്ത് വകുപ്പിന്റെ പൗരാവകാശരേഖ പ്രകാശനം ഒരു ചരിത്രമുഹൂർത്തമാണ്.

പഞ്ചായത്ത് ജീവനക്കാരുടെ ദീർഘകാല ആവശ്യമായ സെക്രട്ടറി തസ്തിക ഏകീകരണം യാഥാർത്ഥ്യമാവുകയാണ്. പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു മൂന്നംഗ സമിതിയെ സർക്കാർ നിയോഗിക്കും. ഒരു പഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കും.■

*(പഞ്ചായത്തു വകുപ്പിന്റെ പൗരാവകാശരേഖ പ്രകാശനവും സിംകാർഡ് വിതരണവും നിർവ്വഹിക്കുന്ന ചടങ്ങിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്)*



ക്ലോസ്ഡ് യൂസർ ഗ്രൂപ്പിൽപ്പെട്ട മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഫോണിൽ സംസാരിക്കുന്നു. പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ, ഗതാഗതം-ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ, മേയർ കെ. ചന്ദ്രിക, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ ഐ.എ.എസ്, കേരള ടെലികോം ജനറൽ മാനേജർ എസ്. ജ്യോതി ശങ്കർ ഐ.റ്റി.എസ്., ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എം. മണികണ്ഠൻ എന്നിവർ സമീപം.

# ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്തുകളെ ആധുനികവത്കരിക്കുന്നതിലൂടെ മാത്രമേ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക സർക്കാരുകളായി പഞ്ചായത്തുകളെ സമ്പൂർണ്ണമായി പരിവർത്തനം ചെയ്യാൻ കഴിയുകയുള്ളൂ. ഇ-ഗവേണൻസിലൂടെയും മറ്റു അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലൂടെയും ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ആധുനികവത്ക്കരണത്തിലൂടെ വിവരവിനിമയ സഞ്ചയം കൂടുതൽ കാര്യക്ഷമമാക്കി ഒരു ഫോൺകോളിലൂടെ പ്രാദേശിക ഭരണസമൂഹവും പൗരജനങ്ങളും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന സംവിധാനത്തിലേക്കാണ് സർക്കാർ ചുവടുവയ്പ്പ് നടത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ ആദ്യമായി ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് സംവിധാനം ആവിഷ്ക്കരിച്ചിരിക്കുന്നു. പഞ്ചായത്ത് വകുപ്പ് ബി.എസ്.എൻ.എൽ.മായി ചേർന്ന് വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർക്കും 978 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പൊതുവായ സേവന പരിധിയിൽപ്പെടുന്ന മൊബൈൽ ഉപഭോക്താക്കളുടെ ഗ്രൂപ്പിൽപ്പെടുത്തി മൊബൈൽ ഫോൺ സിംകാർഡുകൾ വിതരണം ചെയ്തു.

രണ്ടു പ്ലാനുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും 149 രൂപയും സർവ്വീസ് ടാക്സും ഉൾപ്പെട്ട തുകയാണ് പ്രതിമാസവാടക. ഈ പ്ലാനിൽ പരസ്പരം പരിധിയില്ലാതെ സൗജന്യ കാളുകൾ ചെയ്യാവുന്നതാണ്. ഈ ഗ്രൂപ്പിൽപ്പെടാത്ത മറ്റു ബി.എസ്.എൻ.എൽ. മൊബൈൽ ഫോണുകളിലേക്ക് 300 മിനിറ്റ് സൗജന്യ ലോക്കൽകാളുകൾ ലഭിക്കുന്നതാണ്. മറ്റ് മൊബൈൽ/ലാന്റ് ഫോണുകളിലേക്ക് 200 മിനിറ്റ് സൗജന്യകാളുകൾ ലഭിക്കുന്നതാണ്. കൂടാതെ 350 ലോക്കൽ/നാഷണൽ എസ്.എം.എസ്. അയയ്ക്കാവുന്നതുമാണ്.

പഞ്ചായത്തു വകുപ്പിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ മുതൽ മുകളിലേക്ക് പഞ്ചായത്ത് ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് 199 രൂപയും സർവ്വീസ് ടാക്സും ഉൾപ്പെടുന്ന പ്ലാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ പ്ലാനിൽ ഉൾപ്പെട്ടവർക്ക് സൗജന്യമായി 1000 മിനിറ്റ് ബി.എസ്.എൻ.എൽ ലോക്കൽ മൊബൈൽ കാളുകളും മറ്റു മൊബൈലുകളിലേക്ക് 200 മിനിറ്റ് ലോക്കൽ കാളുകൾ ചെയ്യുന്നതിനും 200 എസ്.എം.എസുകൾ അയയ്ക്കുന്നതിനും കഴിയും.

പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ പ്ലാൻ ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും മറ്റു ഉദ്യോഗസ്ഥരുടെ ചെലവ് അതത് വർഷത്തെ ബജറ്റ് തുകയിൽ നിന്നും വഹിക്കുന്നതാണ്. പ്ലാൻ തുകയിൽ നിന്നും അധികരിച്ചുവരുന്ന തുക ബന്ധപ്പെട്ട വ്യക്തികൾ ഒടുക്കേണ്ടതാണ്.പഞ്ചായത്തുകളുടെയും പഞ്ചായത്ത് വകുപ്പിന്റെയും പ്രവർത്തനകാര്യക്ഷമത ഉയർത്തുന്നതിനും സേവന ഭരണകാര്യ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനും ഈ ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് സംവിധാനം വഴിയൊരുക്കും. ■



# പൗരാവകാശരേഖാ പ്രകാശനം അഭിനന്ദനാർഹം

പാവപ്പെട്ടവന്റെ അവകാശം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സേവന അവകാശ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ചർച്ചകൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം സമയബന്ധിതമായും അഴിമതി രഹിതമായും ലഭിക്കുന്നതിനും അതിലൂടെ സാമൂഹ്യനീതി നടപ്പിലാക്കുന്നതിനും ഉതകുന്ന പൗരാവകാശരേഖയുടെ പ്രസിദ്ധീകരണം അഭിനന്ദനാർഹമാണ്. ■

*(പഞ്ചായത്തു വകുപ്പിന്റെ പൗരാവകാശരേഖ പ്രകാശനം ചെയ്തതിനുശേഷം ഗതാഗതം-ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ നടത്തിയ പ്രസംഗത്തിൽ നിന്ന്)*







## പഞ്ചായത്ത് വകുപ്പ്

# പൗരാവകാശ രേഖ

സംസ്ഥാനത്ത് ഇന്നു പൊതുജനങ്ങൾക്കു ലഭിക്കുന്ന സേവനങ്ങളുടെ വലിയൊരു പങ്ക് പ്രദാനം ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളാണ്. കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളുടെയും മാർഗ്ഗദർശിയും ഫെസിലിറ്റേറ്ററും എന്ന നിലയിൽ പഞ്ചായത്ത് വകുപ്പ് ഏറ്റവും പ്രമുഖമായ സേവനദാതാവാണ്. പഞ്ചായത്ത് വകുപ്പിൽ ആദ്യമായിട്ടാണ് ഒരു പൗരാവകാശരേഖ തയ്യാറാക്കി പ്രകാശനം ചെയ്യുന്നത്. പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകൾ, ജില്ലാ പെർഫോർമൻസ് ആഡിറ്റ് ആഫീസർമാരായ അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർമാരുടെ ആഫീസുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങളുടെ സമയക്രമം വ്യത്യസ്തമായതിനാൽ ആ വിവരം രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പഞ്ചായത്തീരാജുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും വിവരാവകാശ നിയമത്തെയും മറ്റും സംബന്ധിക്കുന്ന വിവരങ്ങളും എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പ്രസിഡന്റ്/സെക്രട്ടറിമാരുടെയും ടെലഫോൺ/മൊബൈൽ ഫോൺ നമ്പരുകളും ഇ-മെയിൽ അഡ്രസ്സും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനു തങ്ങൾക്ക് ലഭിക്കാൻ അർഹതയുള്ള സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുവാനും ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം ഉറപ്പുവരുത്തുന്നതിനും ഈ രേഖ ഫലപ്രദമാകുന്നതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഓരോ ഗ്രാമപഞ്ചായത്തുകളും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും സമയക്രമവും വ്യവസ്ഥ ചെയ്തു പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ■



*മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ ഗതാഗതം-ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ പഞ്ചായത്തു വകുപ്പിന്റെ പൗരാവകാശരേഖ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂവിന് നൽകി പ്രകാശനം ചെയ്യുന്നു. പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ, മേയർ കെ. ചന്ദ്രിക, അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ് എന്നിവർ സമീപം.*

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*














തദ്ദേശഭരണ സംവിധാനത്തിൽ വളരെ വിപുലമായ ഇ-ഗവേണൻസ് പരിപാടിയാണ് ഇൻഫർമേഷൻ കേരള മിഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പ്രസ്താവിച്ചു. സർക്കാരിന്റെ നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി ഇക്കഴിഞ്ഞ സെപ്തംബർ 5ന് ഐകെഎം അങ്കണത്തിൽ വെച്ച് ഐകെഎം സംസ്ഥാനതല ഹെൽപ് ഡസ്ക്, പരിഷ്ക്കരിച്ച ഐകെഎം വെബ് സൈറ്റ്, പഞ്ചായത്ത് ജീവനക്കാരുടെ വെബ് അധിഷ്ഠിത പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടിംഗ് സംവിധാനം എന്നിവ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുജന സേവനം അർത്ഥവത്താക്കുന്ന ഒട്ടേറെ സംരംഭങ്ങളാണ് ഐകെഎം വികസിപ്പിച്ചിട്ടുള്ളത്. എല്ലാ വകുപ്പുകളും ഇപ്പോൾ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം(ജിഐഎസ്) സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള ലാബുകളും മറ്റും സ്ഥാപിക്കുകയാണ്. ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ ഐകെഎമ്മിന്റെ പങ്കു വളരെ വലുതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വിവരങ്ങളുടെ ലഭ്യതയും ഉപയോഗവും വർധിപ്പിക്കുന്നതിനും ഇതു സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.


*ഐകെഎം സംസ്ഥാനതല ഹെൽപ് ഡസ്ക്, പരിഷ്ക്കരിച്ച ഐകെഎം വെബ്സൈറ്റ്, പഞ്ചായത്ത് ജീവനക്കാരുടെ വെബ് അധിഷ്ഠിത പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടിംഗ് സംവിധാനം എന്നിവ പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു. എം.എ. വാഹിദ് എം.എൽ.എ. സമീപം.*

വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗവുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഹെൽപ് ഡസ്ക്ക് സംഭവിധാനം പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഐകെഎം ജീവനക്കാർ അത്യധികം അദ്ധ്വാനിച്ചതു കൊണ്ടാണ് ഈ മഹത്തായ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. സാങ്കേതിക ജോലികൾ നിർവഹിക്കുന്ന ഐകെഎം ജീവനക്കാരുടെ വേതന വർധനവ് വളരെ ഗൗരവത്തോടെ തന്നെ സർക്കാർ പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു.

ചടങ്ങിൽ അഡ്വ. എം.എ. വാഹിദ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തിൽ പ്രത്യേക അഭിമാനമുണ്ടെന്നും ഇവിടുത്തെ ജീവനക്കാരുടെ അത്യദ്ധ്വാനം കൊണ്ടാണ് ഇന്നു വെബ് അധിഷ്ഠിത സേവന സംവിധാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കാൻ സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ജി. ഹാപ്പികുമാർ സേവന സാമൂഹ്യസുരക്ഷാ പെൻഷൻ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. നഗരസഭാ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഐകെഎം ചെയ്യുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പൊതുജനങ്ങൾ നഗരസഭകളിലും പഞ്ചായത്തുകളിലും കയറിയിറങ്ങേണ്ട സ്ഥിതിയാണുള്ളത്. വെബ് അധിഷ്ഠിത സേവനങ്ങൾ യാഥാർത്ഥ്യമാവുന്നതോടെ ഇക്കാര്യത്തിൽ വലിയ മുന്നേറ്റമാണ് നടക്കുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു. ശ്രീകാര്യം വാർഡു കൗൺസിലർ ബി. വിജയകുമാർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ഐകെഎം എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ ചടങ്ങിനു സ്വാഗതം ആശംസിക്കുകയും നടന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ചടങ്ങിൽ ഐകെഎം പരിശീലന വിഭാഗം മേധാവി ടി.പി. സുധാകരൻ നന്ദി പ്രകാശിപ്പിച്ചു.

തദ്ദേശഭരണസ്ഥാപനങ്ങൾ കമ്പ്യൂട്ടർവല്ക്കരിച്ച് ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി രൂപീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ കേരളത്തിലെ 977 ഗ്രാമ പഞ്ചായത്തുകളിലും (ഇടുക്കി ജില്ലയിൽ ഇടമലക്കുടി ഒഴികെ) 152 ബ്ലോക്ക് പഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഹാർഡ്വെയർ വിന്യാസം, ഇലക്ട്രിക്കൽ വയറിംഗ്, നെറ്റ്വർക്കിംഗ് തുടങ്ങിയവ പൂർത്തിയാക്കി വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. ഇടമലക്കുടിയിൽ സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സൗരോർജ്ജം ഉപയോഗപ്പെടുത്തി ഇ-ഗവേണൻസ് പരിപാടികൾ നിർവഹിക്കുന്നതിനായി അനെർട്ട്, എൻഐസി എന്നിവയുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സിവിൽ രജിസ്ട്രേഷൻ, പദ്ധതി ആസൂത്രണം, അംഗീകാരം, നിർവ്വഹണം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, റവന്യൂ സംവിധാനം, എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ഫയൽ ട്രാക്കിംഗ് തുടങ്ങിയവ കൈകാര്യം ചെയ്യാനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രവർത്തിച്ചു വരുന്നു. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിങ്ങിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ എല്ലാ നഗരസഭകളിലും നേമം ബ്ലോക്കിലെ എല്ലാ ഗ്രാമ പഞ്ചായത്തുകൾ, നേമം ബ്ലോക്ക് പഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിലും പ്രവർത്തിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ എല്ലാ പഞ്ചായത്തുകളിലും വിന്യസിക്കുന്നതി



# നൂറുദിന വിസ്മയം
## തദ്ദേശ സ്വയംഭരണ വകുപ്പ്

**കൂറുമാറിയാൽ കുടുങ്ങും**

തദ്ദേശസ്ഥാപനങ്ങളിലെ കൂറുമാറ്റ നിയമം കർക്കശമാക്കാൻ ഓർഡിനൻസ്. ചിഹ്നം അനുവദിക്കുന്ന പാർട്ടിയാണ് വിപ്പ് പുറപ്പെടുവിക്കേണ്ടത് എന്നതാണ് ഇതിലെ പ്രധാന മാറ്റം. ഒരു പാർട്ടിയിൽ നിന്നും വിജയിച്ചവർ പാർട്ടിയെ മറികടന്ന് നിലപാടെടുക്കുന്നതു തടയാൻ പുതിയ ഓർഡിനൻസിനു കഴിയും.

**തദ്ദേശ സ്ഥാപനങ്ങൾക്ക് വൻ പദ്ധതി**

തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങളും ഭരണവും മെച്ചപ്പെടുത്താൻ 1097 കോടി രൂപയുടെ വൻ പദ്ധതി നടപ്പാക്കുന്നു. ലോകബാങ്കിൽ നിന്നു ലഭിക്കുന്ന പണം പഞ്ചായത്തുകൾക്കു ഗ്രാന്റായി നൽകും. സംസ്ഥാന സർക്കാർ 30 വർഷം കൊണ്ട് തിരിച്ചടയ്ക്കും.

**പ്രസിഡന്റിനും സെക്രട്ടറിക്കും സിം കാർഡ്**

എല്ലാ പഞ്ചായത്തു പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും സൗജന്യ മൊബൈൽ സിം കാർഡ് നല്കി.

**പാവപ്പെട്ടവരിലേക്ക്**

ആശ്രയ പദ്ധതി നടപ്പാക്കാതിരുന്ന 138 തദ്ദേശ സ്ഥാപനങ്ങളിൽ 75 എണ്ണത്തിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. പൂർണ്ണമായും തളർന്നുപോയ 4775 പേരെ ആശ്രയ പദ്ധതിയിൽ സംരക്ഷിക്കുന്നു. അരയ്ക്കു താഴെ തളർന്നു പോയവർക്കു തൊഴിൽ പരിശീലനം നല്കുന്ന നൂതനപദ്ധതിക്ക് ഉടനെ തുടക്കം കുറിക്കും. തദ്ദേശ സ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അങ്കൺവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം നല്കുന്നതിനുള്ള ഫയൽ മുഖ്യമന്ത്രി ഒപ്പുവച്ചു. ഭാവിയിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കു മത്സരിക്കാൻ അങ്കൺവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ജോലി രാജിവയ്ക്കേണ്ടതില്ല. തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് അവരുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുവാൻ അവസരം.

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഹാജർ കൈകൊണ്ട് എഴുതുന്നതിനു പകരം കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്ന ഇ-മസ്റ്റർറോൾ പദ്ധതി കേരളം മൊത്തം വ്യാപകമാക്കി. എല്ലാ ജില്ലകളിലും ഒരു പഞ്ചായത്തിൽ വീതം സോഷ്യൽ ഓഡിറ്റ് നടന്നു. 152 ബ്ലോക്കിലും ഓരോ പഞ്ചായത്തിൽ ഓഡിറ്റിംഗ് നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**മാലിന്യവിമുക്ത കേരളം**

ഫലപ്രദമായ കോയമ്പത്തൂർ മോഡൽ വേയ്സ്റ്റ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് കോയമ്പത്തൂർ കോർപ്പറേഷനുമായി ചർച്ച ചെയ്യും. തിരുവനന്തപുരത്ത് വിളപ്പിൽശാല, തൃശൂരിൽ ലാലൂർ, എറണാകുളത്ത് ബ്രഹ്മപുരം എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ മാലിന്യപ്രശ്നത്തിൽ മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തി. ■

**കംപ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനത്തിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സംശയ നിവാരണത്തിനും സാങ്കേതിക സഹായത്തിനുമായി ബന്ധപ്പെടാൻ ഇൻഫർമേഷൻ കേരളാ മിഷൻ ഒരുക്കുന്ന സൗകര്യമാണ് ഹെൽപ് ഡസ്ക് സംവിധാനം. ടെലിഫോൺ നമ്പർ 0471 – 2579779**



*സർക്കാരിന്റെ നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി ഐകെഎം സംസ്ഥാനതല ഹെൽപ് ഡസ്ക്, പരിഷ്ക്കരിച്ച ഐകെഎം വെബ്സൈറ്റ്, പഞ്ചായത്ത് ജീവനക്കാരുടെ വെബ് അധിഷ്ഠിത പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടിംഗ് സംവിധാനം എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പ്രസംഗിക്കുന്നു.*

നുള്ള പരിശീലനം കിലയുമായി ചേർന്ന് നടന്നുവരുന്നു.

കംപ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനത്തിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സംശയനിവാരണത്തിനും സാങ്കേതിക സഹായത്തിനുമായി ബന്ധപ്പെടാൻ ഇൻഫർമേഷൻ കേരളാ മിഷൻ ഒരുക്കുന്ന സൗകര്യമാണ് ഹെൽപ് ഡസ്ക് സംവിധാനം. (ടെലിഫോൺ നമ്പർ 0471-2579779).

കർഷകത്തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, ഇന്ദിരാഗാന്ധി ദേശീയവാർധക്യകാല പെൻഷൻ തുടങ്ങിയ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അംഗീകരിക്കുന്നതും അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ പരസ്യപ്പെടുത്തുന്നത് പെൻഷനർമാർക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വളരെ ഉപകാരപ്രദമാണ്. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയാണ്.

പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് വിശദാംശങ്ങൾ ഓരോ ജീവനക്കാരനും അവരുടെ യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് പരിശോധിക്കാവുന്ന തരത്തിൽ കഴിഞ്ഞ പത്ത് വർഷത്തെ വിവരങ്ങൾ സ്ഥാപന പി.എഫ്.എ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വെബ്സൈറ്റിലൂടെ ലഭ്യമാക്കുകയാണ്.

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇൻഫർമേഷൻ കേരള മിഷന്റെ മുഴുവൻ പ്രവർത്തനങ്ങളും ക്രോഡീകരിച്ചു കൊണ്ടുള്ള പുതിയ വെബ്സൈറ്റ് http://infokerala.org നിലവിൽ വരികയാണ്. ഐ കെ എമ്മിലെ വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾക്ക് പുറമേ പരിശീലന മാനുവൽ, വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുടെ യൂസർ മാനുവൽ എന്നിവയും ഈ വെബ്സൈറ്റ് വഴി ലഭിക്കും.■

*തയ്യാറാക്കിയത്: **റ്റി.പി. സുധാകരൻ***
*പരിശീലന വിഭാഗം മേധാവി*
*ഇൻഫർമേഷൻ കേരള മിഷൻ*

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഐകെഎം വികസിപ്പിച്ച വെബ് അധിഷ്ഠിത സേവനങ്ങൾ

- ജനന മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ: www.cr.lsgkerala.gov.in
- സാമൂഹ്യ സുരക്ഷാ പെൻഷനുകൾ: www.welfarepension.lsgkerala.gov.in
- മുനിസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ: www. kmpecpf.lsgkerala.gov.in
- പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിംഗ് : www.kpepf.lsgkerala.gov.in
- തദ്ദേശസ്വയംഭരണവകുപ്പിന്റെ പോർട്ടൽ: www.lsgkerala.gov.in
- പദ്ധതി ആസൂത്രണ, അംഗീകാര, നിർവഹണ വിവരങ്ങൾ: www. sulekhaweb.lsgkerala.gov.in
- വസ്തുനികുതി, ഇ-പെയ്മെന്റ് സൗകര്യങ്ങൾ (ഇ-പെയ്മെന്റ് സൗകര്യം തിരുവനന്തപുരം നഗരസഭയിൽ മാത്രം. മറ്റു സ്ഥാപനങ്ങളിൽ ഉടനെ ആരംഭിക്കും) www.tax.lsgkerala.gov.in
- ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം അധിഷ്ഠിത കഡസ്ട്രൽ ഭൂപടങ്ങൾ: www.gis.lsgkerala.gov.in
- ഫയൽ ട്രാക്കിംഗ് സംവിധാനം: www.filetracking.lsgkerala.gov.in
- സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ: www.go.lsgkerala.gov.in
- ഈ സേവനങ്ങൾ ഐ കെ എം വെബ്സൈറ്റ് വഴിയും ലഭിക്കും: http://infokerala.org







# ശിശുസൗഹൃദ പഞ്ചായത്ത് യാഥാർത്ഥ്യമാകുമ്പോൾ

**ഡോ. പി.പി. ബാലൻ**

ശിശുക്കൾ രാജ്യത്തിന്റെ ഭാവി സമ്പത്താണെന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണല്ലോ. അതുകൊണ്ടു തന്നെയാണ് ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ഇതിന് ഇടം കിട്ടിയത്. കുട്ടികൾക്കായുള്ള ദേശീയ നയവും പ്രാധാന്യത്തോടെ ഇന്ത്യയിൽ നിലനിൽക്കുന്നു. ശ്രദ്ധേയമായ മറ്റൊരു കാര്യം കുട്ടികളെ സംബന്ധിച്ച നിർവ്വചനമാണ്. ഗർഭാവസ്ഥ മുതൽ 18 വയസ്സു വരെ കുട്ടികളുടെ വിഭാഗത്തിൽപ്പെടുന്നു എന്നതാണിത്. ലോകജനസംഖ്യയിലെ കുട്ടികളിൽ 20 ശതമാനവും ഇന്ത്യയിൽ അധിവസിക്കുന്നു എന്നു പറയുമ്പോൾ അവരുടെ വികസനം തന്നെയാണ് ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്നത് എന്നു കാണാം. അത് വിവിധ വികസന മേഖലകളിലൂടെയും ഏകോപനത്തിലൂടെയും ഒരു സമഗ്രവികസന കാഴ്ചപ്പാടിലൂടെയും മാത്രമേ നേടാൻ സാധിക്കുകയുള്ളൂ.

കുട്ടികൾക്ക് അനുയോജ്യമായ ലോകം എന്ന മഹത്തായ ആശയം മുന്നോട്ടു വെച്ചത് 1989 ലെ അന്തർദേശീയ ഉടമ്പടിയാണ് (Convention on Rights of Children). ഏറെ സങ്കീർണമായ കാര്യങ്ങൾ ഇവ ഉൾക്കൊള്ളുന്നു. ഇവ നടപ്പിലാക്കുന്നതിനു പ്രാദേശിക ഭരണകൂടങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്നതാണു യാഥാർത്ഥ്യം. അധികാരവികേന്ദ്രീകരണത്തിൽ വളരെ മുന്തിയ പരിഗണന നൽകുന്ന കേരളം പോലുള്ള സംസ്ഥാനങ്ങളിൽ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള ഒട്ടനവധി പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സാധിക്കും. ഇതിലേക്ക് അനുകരണീയമായ മാതൃകയായി കിലയിൽ ശിശുവിഭവ കേന്ദ്രം (Child Resource Centre) ഇതിനകം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. UNICEF ആണ് ഇതിനു സാങ്കേതിക സഹായം നൽകുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനം ഇന്ത്യയിൽ ആദ്യമായാണെന്നു തന്നെ പറയാം.

നമ്മുടെ കുട്ടികളുടെ പുരോഗതി ലക്ഷ്യമാക്കുന്ന ഉദ്യമങ്ങളിൽ കേരളത്തിനു ശ്രദ്ധേയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, പരിരക്ഷ എന്നിങ്ങനെ വിവിധ മേഖലകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളം ഏറെ മുന്നിലാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്തു പ്രശംസനീയമായ പങ്കു വഹിച്ചു എന്ന യാഥാർ

ത്ഥ്യം എല്ലാവരും അംഗീകരിക്കുന്നതാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ പിൻബലം ആരോഗ്യ-വിദ്യാഭ്യാസ-പരിരക്ഷാ മേഖലകളിലെ നേട്ടത്തിന്റെ മേന്മ വർദ്ധിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഇന്നത്തെ കുട്ടികൾ അഭിമുഖീകരിക്കുന്നത് അതീവ സങ്കീർണ്ണ പ്രശ്നങ്ങളാണ്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെയും അവരുടെ ഭാവി പുരോഗതിയെയും സമഗ്രമായി കാണാൻ കഴിയാത്തതു കൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾക്ക് ഉചിത പരിഹാരം ഉണ്ടാക്കാൻ കഴിയാതെ പോകുന്നത്.

### പ്രശ്നങ്ങൾ പലവിധം

നമ്മുടെ നാട്ടിലെ ശിശുക്കൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അവർക്ക് നേരെയുള്ള അക്രമം, ലൈംഗികപീഡനങ്ങൾ, കൗമാരപ്രായ പ്രശ്നങ്ങൾ, അന്യദേശത്തുള്ള ബാലവേല, രോഗപ്രതിരോധ കുത്തിവെയ്പ്പുകളുടെ അഭാവം, ശാരീരിക വൈകല്യങ്ങൾ, ശിശുസൗഹൃദ പശ്ചാത്തല സൗകര്യമില്ലായ്മ, ആൺപെൺ വകഭേദം, വിളർച്ച, പോഷകാഹാരകുറവ് എന്നിവ സാധാരണയായി കണ്ടു വരുന്ന പ്രശ്നങ്ങളാണ്. എന്നാൽ ഏറെ സങ്കീർണ്ണമായ രണ്ടാം തലമുറ പ്രശ്നങ്ങളും നിരവധിയുണ്ട്. മദ്യത്തോടും മയക്കുമരുന്നിനോടുമുള്ള ആസക്തി, ആത്മഹത്യാ പ്രവണത, മാനസികാരോഗ്യക്കുറവ്, ജീവിതശൈലീരോഗങ്ങൾ, രക്ഷിതാക്കളുടെ ഇടയിലുള്ള വിവാഹ മോചനം, കുടുംബകലഹങ്ങൾ, കുടിവെള്ള മലിനീകരണം, ടൂറിസം മേഖലയിൽ കണ്ടു വരുന്ന ദുഷ്പ്രവണത എന്നിവ ഈ ഗണങ്ങളിൽപ്പെടുന്നു. കുട്ടികളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമുണ്ടെന്ന കാര്യവും നമുക്കു വിസ്മരിച്ചു കൂടാ. അനാഥരും ആലംബഹീനരുമായ കുട്ടികളെ കൂടാതെ ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥായിയായി രോഗമുള്ളവർ, ലൈംഗിക തൊഴിലാളികളുടെ കുട്ടികൾ, ബാലവേല ചെയ്യുന്നവർ, എച്ച്.ഐ.വി /എയ്ഡ്സ് ബാധിതർ തുടങ്ങിയവരും എക്കാലവും പ്രത്യേകം പരിഗണന അർഹിക്കുന്നു.

### പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെ?

അടിസ്ഥാനപരമായി ഒരു ശിശു വികസന നയം രൂപീകരിക്കുകയാണ് വേണ്ടത്. ഇതു പ്രദേശികതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തന്നെയായിരിക്കണം. ഈ നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭാവി പരിപാടികൾ കരുപ്പിടിപ്പിക്കേണ്ടത്. ഇതു നിലവിലുള്ള വനിതാ ശിശുവികസന വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിലായിരിക്കുന്നതാണ് ഉചിതം. തുടക്കത്തിൽ ശിശു പദവി പഠനം നടത്തുന്നത് അഭികാമ്യമാണ്. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഇതിനു നേതൃത്വപരമായ പങ്കു വഹിക്കാൻ കഴിയും. തുടർന്നു സമഗ്രമായ ശിശു വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ട് രൂപീകരണം നടത്താം. വിവിധ വിഷയ വികസന മേഖലകളിൽ ശിശുവികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നു കണ്ടെത്തിയ ശേഷമായിരിക്കണം ഇങ്ങനെ ചെയ്യേണ്ടത്. പല വകുപ്പുകളിൽ ചിതറി കിടക്കുന്ന സേവനങ്ങളുടെ ഏകോപനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനു വനിതാ ശിശു വർക്കിംഗ് ഗ്രൂപ്പിനെ കൂടാതെ മറ്റു സ്ഥാപനങ്ങളുടെ സഹായവും തേടാവുന്നതാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളായ അങ്കണവാടികൾ, സ്കൂളുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ സേവനവും തേടേണ്ടതാണ്. കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരെകൂടി വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്ന പ്രവർത്തനവും ഏറെ ഗുണം ചെയ്യും. കുട്ടികളുടെ സ്കോർ കാർഡ് (score card) ഉപയോഗിച്ചുകൊണ്ടുള്ള റേറ്റിങ്ങ് (rating) പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ ആരായുന്നതിനും ഏറെ സഹായകമാണ്. ഇതിനൊക്കെ പുറമെ പ്രസ്തുത പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളും ശിശു വികസനം മുഖ്യ അജണ്ടയായി കാണേണ്ടതായിട്ടുണ്ട്. തുടർന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശിശു വികസന കൂട്ടായ്മ രൂപപ്പെടുത്താനും കഴിയണം.

### ശിശു വികസന കേന്ദ്രം (Child Resource Centre)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പരിശീലന കേന്ദ്രമായ കിലയിൽ ഇതിനകം ഒരു ശിശു വികസന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു യഥാർത്ഥ ശിശു സൗഹൃദ പഞ്ചായത്ത് എങ്ങനെ രൂപപ്പെടുത്താം? അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണം? എന്നീ കാര്യങ്ങളിൽ ഉൾക്കാഴ്ച നൽകുന്നതിനാണ് ഈ



സ്ഥാപനം കൊണ്ട് ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട ദേശീയ അന്തർദേശീയ മാതൃകകൾ കണ്ടെത്തി പ്രചരിപ്പിക്കുകയാണ് ഇതിന്റെ മറ്റൊരു ലക്ഷ്യം. കുട്ടികളുടെ സമഗ്രവികസന നയരൂപീകരണത്തിനു വേണ്ട അക്കാദമിക് സഹായവും ഈ കേന്ദ്രം നൽകുന്നതാണ്. പരിശീലനം, വെബ് അടിസ്ഥാനത്തിലുള്ള ലൈബ്രറി വ്യാപനം, ശിശുവികസന ഗവേഷണ പരിപാടികൾ, പ്രവൃത്യുന്മുഖ ഗവേഷണം (action research), പൊതുവേദി രൂപീകരണം, സെമിനാറുകൾ, ചർച്ച, ക്ലാസ്സുകൾ, പഠനകളരികൾ, മൊഡ്യൂൾ തയ്യാറാക്കൽ, ശിശുവികസന ഗ്രന്ഥങ്ങൾ രചിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ കേന്ദ്രം ഏറ്റെടുത്തു നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത കേന്ദ്രത്തെ റോൾ മോഡലായി കാണാവുന്നതാണ്.

### ശിശു സൗഹൃദ പഞ്ചായത്ത്

വിവിധ ശിശു വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാനപങ്ങളെ സംബന്ധിച്ചിടത്തോളം അതു ശിശു സൗഹൃദ പഞ്ചായത്തിലേക്കുള്ള കാൽവെയ്പ്പായി കാണാം. ഏതടിസ്ഥാനത്തിലായിരിക്കണം ഒരു തദ്ദേശസ്വംയഭരണ സ്ഥാപനത്തെ ശിശു സൗഹൃദ പഞ്ചായത്തായി അംഗീകരിക്കാൻ സാധിക്കുക. ഇതിനു ചില പ്രധാന സൂചകങ്ങളുണ്ട്. ഇവ താഴെ ചേർക്കുന്നു.

1. ജനന രജിസ്ട്രേഷൻ – 100 ശതമാനം
2. വിവാഹ രജിസ്ട്രേഷൻ – 100ശതമാനം
3. പ്രതിരോധ കുത്തിവെയ്പ്പ് – സമ്പൂർണ്ണം
4. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും
5. സ്കൂൾ പ്രവേശനം – പ്രാഥമിക തലം സമ്പൂർണ്ണം
6. സ്കൂൾ കൊഴിഞ്ഞുപോക്ക് – 0 ശതമാനം
7. അനാഥാലയം അന്തേവാസി (തദ്ദേശീയർ) – 0 ശതമാനം
8. ബാലമരണങ്ങൾ – നിർമ്മാർജ്ജനാവസ്ഥ
9. ആശുപത്രി പ്രസവം – 100 ശതമാനം
10. ശൈശവ വിവാഹം – നിർമ്മാർജ്ജനാവസ്ഥ
11. വൈകല്യമുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം
12. എല്ലാ വിദ്യാലയങ്ങളിലും ആനുപാതിക ടോയ്‌ലറ്റ് ലഭ്യത.
13. എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ള ലഭ്യത.
14. കുട്ടികൾക്കെതിരെ അതിക്രമങ്ങളില്ലാത്ത അവസ്ഥ (Zero crime).
15. എല്ലാ കുട്ടികൾക്കും ആരോഗ്യ പരിശോധന
16. സീറോ സോൺ പ്രഖ്യാപനം

മുകളിൽ ചേർത്ത സൂചകങ്ങളിലെ ചുരുങ്ങിയ പത്ത് എണ്ണം സാധ്യമാവുമ്പോൾ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ശിശു സൗഹൃദമായി അംഗീകരിക്കാനും പ്രഖ്യാപിക്കാനും സാധിക്കും. എന്നാൽ ഒരു പ്രഖ്യാപനം മാത്രമല്ല ഇവിടെ ലക്ഷ്യം. ശിശു വികസനവുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ നടത്തുക തന്നെയാവണം ആത്യന്തിക ലക്ഷ്യം.



**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പരിശീലന കേന്ദ്രമായ കിലയിൽ ഇതിനകം ഒരു ശിശു വികസന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു യഥാർത്ഥ ശിശു സൗഹൃദ പഞ്ചായത്ത് എങ്ങനെ രൂപപ്പെടുത്താം? അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണം? എന്നീ കാര്യങ്ങളിൽ ഉൾക്കാഴ്ച നൽകുന്നതിനാണ് ഈ സ്ഥാപനം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട ദേശീയ അന്തർദേശീയ മാതൃകകൾ കണ്ടെത്തി പ്രചരിപ്പിക്കുകയാണ് ഇതിന്റെ മറ്റൊരു ലക്ഷ്യം.**

കുട്ടികൾ രാജ്യത്തിന്റെ അമൂല്യസമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമാണ്. കുട്ടികൾക്കായി മുതൽമുടക്കുക എന്നതിനർത്ഥം നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും മെച്ചപ്പെട്ട ഭാവി രൂപപ്പെടുത്തുക എന്നതാണ്. കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക എന്നതു സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ്.

ഈ മേഖലയിൽ വികസിത രാജ്യങ്ങളോടു കിടപിടിക്കത്തക്ക പല നേട്ടങ്ങളും കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞെങ്കിലും ഇതിന്റെ പ്രയോജനം മുഴുവൻ ജനവിഭാഗങ്ങൾക്കും ഒരുപോലെ ലഭ്യമാക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. കുട്ടികളുടെ ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം തുടങ്ങിയവ ഉറപ്പാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയായിരിക്കണം ഇനി അങ്ങോട്ടു ചെയ്യേണ്ടത്.

കേരളത്തിലെ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും പ്രാദേശിക ആസൂത്രണ പ്രക്രിയയിലൂടെ ശിശു വികസന മേഖലയിൽ ഇടപെടൽ ഇതിനകം നടത്തിയിട്ടുണ്ട്. ഇതു കൂടുതൽ ഫലപ്രദമായി ചെയ്യുമ്പോൾ ശിശു വികസനത്തിലെ കേരളത്തിന്റെ ഈ വികസന മാതൃക മറ്റു സംസ്ഥാനങ്ങൾക്കും അയൽരാജ്യങ്ങൾക്കും ഒരു വഴികാട്ടിയായി മാറും. ■

*ലേഖകൻ 'കില' ഡയറക്ടറാണ്*





എൻ. സുരാജ്

# പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം – ഒരു സമീപനം

**ആമുഖം**

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമാണ് പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം. പാർശ്വവത്ക്കരിക്കപ്പെട്ട മുഴുവൻ വിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക വികസനമേ സുസ്ഥിരമാവുകയുള്ളൂ എന്നും അല്ലാതെയുള്ള ഏതൊരു വികസനവും ഒരു പരിഷ്കൃത ജനാധിപത്യത്തിന് ഭൂഷണമല്ല എന്നുമുള്ള കണ്ടെത്തൽ വൈകിയാണെങ്കിലും ഉണ്ടായി എന്നത് ആശ്വാസദായകമാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ അങ്ങേയറ്റം പാർശ്വവത്ക്കരിക്കപ്പെട്ട പട്ടികവർഗ്ഗജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം പ്രസക്തമാവുന്നത്.

**അവസ്ഥ**

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യ 2001 സെൻസസ് പ്രകാരം 3,64,189 ആണ്. സെൻസസ് കണക്കെടുപ്പിനുശേഷം ലിസ്റ്റിൽ ഭേദഗതി വരുത്തുകയും നിലവിലുണ്ടായിരുന്ന മറാത്തി വിഭാഗത്തെ ഒഴിവാക്കുകയും പട്ടികജാതി വിഭാഗക്കാരായിരുന്ന മാവിലൻ, കരിമ്പാലൻ എന്നീ വിഭാഗങ്ങളെ പട്ടികവർഗ്ഗക്കാരായി ഉൾപ്പെടുത്തുകയും ചെയ്തതോടെ ഏകദേശം 30,000നുമേൽ പട്ടികവർഗ്ഗ ജനസംഖ്യയിൽ കൂടുതലായി വന്നിട്ടുണ്ട്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1.24 ശതമാനം മാത്രമാണ് പട്ടികവർഗ്ഗക്കാരായി ഉള്ളത്. ഇതിൽതന്നെ 70 ശതമാനത്തിലധികം അധിവസിക്കുന്നത് നാലു ജില്ലകളിലായാണ്; വയനാട് (37.36%), ഇടുക്കി (14%), പാലക്കാട് (10.89%), കാസറഗോഡ് (8.33%). 2009 ൽ നടത്തിയ ബി.പി.എൽ സർവ്വേ പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളിൽ 79 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 2004–05ൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ സർവ്വേ പ്രകാരം 46% പട്ടികവർഗ്ഗ കുടുംബങ്ങൾ പ്രതിദിനം ശരാശരി 15 രൂപയിൽ താഴെ ചെലവ് ചെയ്യാൻ മാത്രം പ്രാപ്തിയുള്ളവരാണ്. സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു എന്ന് അവകാശപ്പെടുമ്പോഴും ഇവരുടെ സംസ്ഥാന ശരാശരി സാക്ഷരതാ നിരക്ക് 64.35 ശതമാനമാണ്. വയനാട് ജില്ലയിലെ 42 ശതമാനവും പാലക്കാട് ജില്ലയിലെ 46 ശതമാനവും സാക്ഷരത കൈവരിക്കാത്തവരാണ്. സംസ്ഥാനത്ത് ആകെയുള്ള 36 പട്ടികവർഗ്ഗ വിഭാഗങ്ങളിൽ കാട്ടുനായ്ക്കർ, ചോല നായ്ക്കർ,







കൊറഗർ, കുറുമ്പർ, കാടർ എന്നിവ പ്രാക്തനഗോത്രവർഗ്ഗമാണ്. ഏറ്റവും പിന്നാക്കം നില്ക്കുന്ന ഈ വിഭാഗത്തിന്റെ ജനസംഖ്യ 24000 ൽ പരവും സാക്ഷരതാനിരക്ക് 27 ശതമാനവുമാണ്. ജനസംഖ്യയിൽ ഏറ്റവും മുൻപിലുള്ള പണിയ വിഭാഗവും (27%) ഇവരോടൊപ്പം തന്നെ ഏറെ പിന്നാക്കമാണ്. സ്ക്കൂളിൽ ചേരുന്ന വിദ്യാർത്ഥികളിൽ 65 ശതമാനവും പത്താം തരത്തിൽ എത്തുന്നതിന് മുമ്പായി കൊഴിഞ്ഞുപോകുന്നു. ഭവനം, കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവയുടെ കാര്യത്തിൽ 1991 ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യയുടെ 46 ശതമാനം ഇല്ലായ്മയിലാണെങ്കിൽ പട്ടികവർഗ്ഗക്കാരിൽ 62 ശതമാനം പേർ ഇല്ലായ്മയിലാണ്. 2001 ലെ കണക്കുപ്രകാരം മൊത്തം ജനസംഖ്യയുടെ 22 ശതമാനം പേർ മാത്രമേ ഇല്ലായ്മ അനുഭവിക്കുന്നുള്ളൂ. പക്ഷേ പട്ടികവർഗ്ഗക്കാരിൽ ഇത് 52 ശതമാനമാണ്. അതായത് 1991ൽ 16 പോയിന്റായിരുന്ന അന്തരം 2001ൽ 30 പോയിന്റായി ഉയർന്നു.

തൊഴിലിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. പൊതുവിഭാഗം ജനങ്ങൾ കാർഷിക വൃത്തിയിൽ നിന്നും വ്യവസായം, വ്യാപാരം, സർക്കാർ സേവനം തുടങ്ങിയ മേഖലകളിലേക്ക് ഉയർന്നപ്പോൾ പട്ടികവർഗ്ഗക്കാർ ബഹുഭൂരിപക്ഷവും കാർഷികവൃത്തിയിൽ തന്നെ തളച്ചിടപ്പെട്ടു. പൊതുവിഭാഗം ഒഴിഞ്ഞുപോയ ഒഴിവിലാകട്ടെ തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വന്നെത്തുകയും ചെയ്തു.

ഇങ്ങനെ ഓരോ മേഖലയിലും പട്ടികവർഗ്ഗക്കാരുടെ വികസനത്തിന്റെ വളർച്ചാനിരക്ക് മറ്റ് വിഭാഗങ്ങളുടേതിനെ അപേക്ഷിച്ച് വളരെ കുറഞ്ഞ തോതിലാണ് എന്നത് ആശങ്കാജനകമാണ്.

**ഇടപെടലുകൾ**

ഭരണഘടനാപരമായ സംരക്ഷണവും സവിശേഷ പരിഗണനയും പട്ടികവർഗ്ഗത്തിന് നല്കിയിട്ടുണ്ട് (ആർട്ടിക്കിൾ 46,244,330,332,335,339,342). പഞ്ചവത്സരപദ്ധതികളിൽ പ്രത്യേകപരിഗണ നല്കി സംസ്ഥാന സർക്കാരിന്റെ ഒരു പ്രത്യേക വകുപ്പുതന്നെ ഇതിനായി രൂപീകരിക്കപ്പെട്ടു. സംസ്ഥാനസർക്കാരിന്റെ വാർഷിക പദ്ധതികളിൽ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രത്യേക വകയിരുത്തൽ നടത്തി. 1974–75 മുതൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പട്ടികവർഗ്ഗ ഉപപദ്ധതി സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കി. 1996–97 മുതൽ വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കിയതോടെ, പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന നടപ്പാക്കുന്നതിന് മാറ്റിവെച്ച തുകയിൽ 50 ശതമാനം തുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി നല്കുകയും ഊരുകൂട്ടങ്ങൾ മുഖേനയുള്ള പങ്കാളിത്ത ആസൂത്രണ പ്രക്രിയയ്ക്ക് രൂപം നല്കുകയും ചെയ്തു. 2005–06 മുതൽ 2009–10 വരെയുള്ള അഞ്ചുവർഷങ്ങളിലായി 1000 കോടിയിലധികം രൂപയാണു പട്ടികവർഗ്ഗ വകുപ്പും തദ്ദേശഭരണസ്ഥാപനങ്ങളും മുഖേന മാത്രമായി ചെലവഴിച്ചത്. ഇതിനു പുറമേ എല്ലാ വകുപ്പുകളുടേയും പദ്ധതികളിൽ ഈ വിഭാഗത്തിന് മതിയായ പരിഗണന നല്കണമെന്നും നിബന്ധനയുണ്ട്. കേന്ദ്രസർക്കാരിന്റെ പ്രത്യേക പദ്ധതികൾ, സർക്കാർ ഇതര സംഘടനകളുടെ പരിപാടികൾ തുടങ്ങി നാനാതരത്തിലുള്ള ഇടപെടലുകൾ നടക്കുമ്പോഴും ഇവരുടെ അവസ്ഥയ്ക്ക് ആശാവഹമായ പുരോഗതി ഇല്ല എന്നതു ഗൗരവപൂർവ്വം കാണാതെ തരമില്ല.

നാലാളുടെ മുമ്പിൽ നിവർന്നു നിന്നു നാലക്ഷരം പറയാൻ കഴിവുണ്ടാവുക എന്നതു വികസനത്തിന്റെ വേറിട്ടൊരു കാഴ്ചപ്പാടാണ്. ഇപ്രകാരമുള്ള ശേഷി ആർജ്ജിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയാണ് ആ വിഭാഗത്തിന്റെ വികസനത്തിനും അഭികാമ്യമായിട്ടുള്ളത്. കേരളത്തിലെ 36 പട്ടികവർഗ്ഗവിഭാഗങ്ങളുടെ ശക്തിയും സാധ്യതയും തിരിച്ചറിയുക എന്നതാണ് ഇതിനുള്ള ആദ്യചുവട്.



**സാധ്യതകൾ**

നാലാളുടെ മുമ്പിൽ നിവർന്നു നിന്നു നാലക്ഷരം പറയാൻ കഴിവുണ്ടാവുക എന്നതു വികസനത്തിന്റെ വേറിട്ടൊരു കാഴ്ചപ്പാടാണ്. ഇപ്രകാരമുള്ള ശേഷി ആർജ്ജിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയാണ് ആ വിഭാഗത്തിന്റെ വികസനത്തിനും അഭികാമ്യമായിട്ടുള്ളത്. കേരളത്തിലെ 36 പട്ടികവർഗ്ഗവിഭാഗങ്ങളുടെ ശക്തിയും സാധ്യതയും തിരിച്ചറിയുക എന്നതാണ് ഇതിനുള്ള ആദ്യചുവട്. പരമ്പരാഗതമായ ആഹാരശീലങ്ങളും കൃഷിരീതികളും ചികിത്സാ സമ്പ്രദായങ്ങളും ഭവന നിർമ്മാണരീതികളും ഭാഷയും സംസ്ക്കാരവും ഒക്കെത്തന്നെ ഓരോ വിഭാഗത്തിനും സ്വന്തമായുണ്ട്. ഇവയുടെ ശക്തി സ്വാംശീകരിച്ചുകൊണ്ടും അതിനെ അടിസ്ഥാനശിലയായി നിർത്തിക്കൊണ്ടും ഇവരുടെ ശേഷീവികസനത്തിന്റെ രീതികൾ കണ്ടെത്തേണ്ടതുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയായ സർവ്വശിക്ഷാഅഭിയാന്റെ ഭാഗമായി ആരംഭിച്ച ആൾട്ടർനേറ്റ് സ്ക്കൂളുകൾ വഴി നടപ്പാക്കുന്ന മൾട്ടിലെവൽ പഠനരീതികൾ ഇവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്കു തടയുന്നതിനും വലിയതോതിൽ സഹായിച്ചിട്ടുണ്ട്. വയനാട്, പാലക്കാട് ജില്ലകളിലെ ചില ഗ്രാമപഞ്ചായത്തുകൾ നടത്തിയ ഒറ്റപ്പെട്ട പരീക്ഷണങ്ങൾ പഠനവിധേയമാക്കുകയും അവയിലെ നല്ല പാഠങ്ങൾ മറ്റു സ്ഥലങ്ങളിലും പ്രയോഗവത്ക്കരിക്കുകയും ചെയ്യാവുന്നതാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഗുണം വയനാട്, പാലക്കാട് ജില്ലകളിൽ ഏറെ ലഭിച്ചിട്ടുള്ളതു പട്ടികവർഗ്ഗ വിഭാഗത്തിനാണ്. ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കാവുന്നതുമാണ്. വികസനസമീപനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിനുള്ള ആർജ്ജവമുണ്ടാവുകയാണ് അനിവാര്യം എന്നു ചുരുക്കിപ്പറയാം. ■

*ലേഖകൻ പഞ്ചായത്തുവകുപ്പിൽ ജോയിന്റ് ഡയറക്ടറും പട്ടികവർഗ്ഗക്ഷേമ യുവജനകാര്യ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമാണ്*



# വയലുകൾ മറയുമ്പോൾ

സി.എൻ. ബാലകൃഷ്ണൻ

## കുഞ്ഞാറ്റ കുരുവികളും കൂടൊഴിയും

മനുഷ്യന്റെ വിവേചനരഹിതമായ വികസനസങ്കല്പങ്ങൾ പ്രാവർത്തികമാക്കുമ്പോൾ, പ്രകൃതിയിൽ വിത്തുവിതച്ച് സർവ്വനാശത്തിന്റെ വിളകൾ നാം കൊയ്തെടുക്കുന്നു. വയലുകൾ നികത്തി കാർഷികേതര പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്നത് നമ്മുടെ ദീർഘവീക്ഷണമില്ലായ്മയുടെയും ദുരയുടെയും ഏറ്റവും നല്ല ഉദാഹരണമാണ്. നെൽകൃഷി ലാഭകരമല്ലാതായിത്തീരുകയും പ്രധാനവരുമാനമാർഗ്ഗമെന്ന നിലയിൽ കൃഷി ആകർഷകമല്ലാതായിത്തീരുകയും ചെയ്തതോടുകൂടി വയലുകൾ നികത്തി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള പ്രവണത ആരംഭിച്ചു. കെട്ടിടനിർമ്മാണത്തിനു വയലുകൾ വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടുകൂടി ലക്ഷങ്ങൾ മുടക്കി കോടികൾ കൊയ്തെടുക്കുവാനുള്ള ഒരു 'ബിഗ്ഗ് ബിസിനസ്സ്' മേഖലയായി വയലുകൾ മാറി. ലാഭ നഷ്ടങ്ങളുടെ കണക്കുപുസ്തകത്തിൽ താത്ക്കാലിക നേട്ടത്തിന്റെ കണക്കുകൾ എഴുതിച്ചേർത്തുകൊണ്ട് കർഷകർ വയലുകൾ കൈയ്യൊഴിയുകയോ നാണ്യവിളകളിലേക്കു വഴിമാറുകയോ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ നമ്മുടെ വയലുകളുടെ ഏതാണ്ട് 75% ഇന്നു കരഭൂമിയായി മാറിയിരിക്കുന്നു. ഇതു സ്ഥാപിക്കുവാൻ സ്ഥിതിവിവരകണക്കുകളുടെ പിൻബലം ആവശ്യമില്ല, നമ്മുടെ ചുറ്റുപാടും ഒന്നു കണ്ണോടിച്ചാൽ മാത്രം മതി. പൊന്മുട്ടയിടുന്ന ഈ താറാവിനെ ഗളഹസ്തം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഭക്ഷ്യ-ജല-ജൈവ-പാരിസ്ഥിതിക പ്രശ്നങ്ങൾ ദൂരെവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. കനകം വിളയുന്ന പാടങ്ങളിൽ, മരതകക്കുന്നുകൾ ഇടിച്ചു നിരത്തി മണ്ണു നിറച്ചു നികത്തുന്നതുമൂലം എന്നെന്നേയ്ക്കുമായി നമുക്കു നഷ്ടപ്പെടുന്നതു നമ്മുടെ അനിതരസാധാരണമായ ഭൂപ്രകൃതി മാത്രമല്ല, പ്രകൃതിയുടെ സന്തുലിതാവസ്ഥയെത്തന്നെ തകിടം മറിക്കുന്ന നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്കും നാം സാക്ഷ്യം വഹിക്കേണ്ടിവരും.

ഭക്ഷ്യ സ്വയംപര്യാപ്തത ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക ഭദ്രതയുടെ അടിത്തറയാണ്. നമ്മുടെ പ്രധാന ഭക്ഷ്യ വിളയായ നെല്ലിന്റെ ഉല്പാദനം ഓരോ വർഷവും ഭീതിജനകമാം വിധം താഴ്ന്നുകൊണ്ടിരിക്കുന്നു. ഭക്ഷ്യധാന്യങ്ങൾക്കു നാം ഇന്ന് ആശ്രയിക്കുന്ന മറ്റു സംസ്ഥാനങ്ങളിലും നെല്ലിന്റെ ഉല്പാദനം ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭക്ഷ്യവിളകൾ കൃഷിചെയ്തുകൊണ്ടിരുന്ന വയലുകൾ താരതമ്യേന ലാഭകരമായ നാണ്യവിളകളുടെ കൃഷിക്കും വ്യവസായ-പാർപ്പിട നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യാപകമായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. ആഗോളാടിസ്ഥാനത്തിൽതന്നെ നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ആഭ്യന്തര ഉപഭോഗത്തിന്റെ 40% എങ്കിലും നിർവഹിക്കുവാൻ കഴിയുമായിരുന്ന നെൽവയലുകളുടെ നഷ്ടം മൂലം ഭാവിയിൽ നമ്മുടെ ഭക്ഷ്യസുരക്ഷയ്ക്കുണ്ടാകുന്ന ഭീഷണി എത്ര വലുതായിരിക്കുമെന്നൂഹിക്കാവുന്നതാണ്. ലോകം സമീപഭാവിയിൽ ഒരു വൻ ഭക്ഷ്യക്ഷാമത്തിനു സാക്ഷ്യം വഹിക്കേണ്ടിവരുമെന്ന് ഐക്യരാഷ്ട്രസഭതന്നെ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ, കേരളത്തിന്റെ അവസ്ഥ ഏറ്റവും ദയനീയമായിരിക്കും.

നെൽകൃഷി ഇന്നു നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുമ്പോഴും നിലനിൽപ്പിനുവേണ്ടി അവയെല്ലാം നാം തരണം ചെയ്തേ മതിയാവൂ എന്ന വസ്തുത അംഗീകരിക്കേണ്ടിയിരിക്കുന്നു. കാരണം ഭക്ഷ്യോത്പാദനത്തിനു പകരം മറ്റൊന്നില്ല. ജീവന്റെ നിലനിൽപ്പിന്റെ പ്രശ്നമായി കണ്ടു നെൽകൃഷി നേരിടുന്ന എല്ലാ പ്രതിസന്ധികളും തരണം ചെയ്യുവാൻ നമുക്കു കഴിയണം. അതിനു തികച്ചും പ്രായോഗികബുദ്ധിയോടുകൂടിയ സമീപനം എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും ഉണ്ടാകണം. എല്ലാ ഗവേഷണ-വികസന-ക്ഷേമപ്രവർത്തനങ്ങളും സമന്വയിപ്പിച്ചും എല്ലാ താത്പര്യങ്ങളെയും സമവായത്തിലൂടെ ഏകോപിപ്പിച്ചും നെൽകൃഷി വികസനത്തിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കുവാനുള്ള ഇച്ഛാശക്തി നാം പ്രകടിപ്പിച്ചാൽ വിവിധ കാർഷികപാക്കേജുകളും-തൊഴിൽദാന പദ്ധതികളും പ്രയോജനപ്പെടുത്തിയും പരമാവധി യന്ത്രവൽക്കരണം നടപ്പിലാക്കിയും അവശേഷിക്കുന്ന നെൽകൃഷിയെങ്കിലും സംരക്ഷിക്കാൻ കഴിയും. അല്ലെങ്കിൽ നെൽകൃഷിയോടൊപ്പം അമൂല്യങ്ങളായ വയലുകളും നശിക്കും. വയലുകൾ സംരക്ഷിക്കുവാൻ നെൽകൃഷി സംരക്ഷിക്കണം. നെൽകൃഷി നിലനിർത്തുവാൻ വയലുകൾ സംരക്ഷിക്കണം. ജീവൻ നിലനിർത്തുവാൻ നെല്ലും വയലും സംരക്ഷിക്കണം.

**വയലുകൾ നികത്തുന്നതിനു കാരണങ്ങൾ ധാരാളം പറയുവാനുണ്ടാകാം. നെൽകൃഷിയുടെ വർദ്ധിച്ച ഉല്പാദനചെലവ്–തൊഴിലാളി ക്ഷാമം–വർദ്ധിച്ച ജനസാന്ദ്രത–പാർപ്പിടപ്രശ്നം അങ്ങനെ പലതും. എന്നാൽ ഇവയൊന്നും പരിഹാരമില്ലാത്ത സമസ്യകളല്ല. അല്ലെങ്കിൽ വയലുകൾ നശിപ്പിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കാണുവാനും കഴിയുകയില്ല. ജീവന്റെ നിലനിൽപ്പിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ തികച്ചും പ്രായോഗികമായ സമീപനം സ്വീകരിക്കുവാൻ എല്ലാവരും തയ്യാറായാൽ അവശേഷിക്കുന്ന വയലുകൾ എങ്കിലും നമുക്കു സംരക്ഷിക്കാം. ഈ മലനാടിന്റെ ഉണ്മയും, ഉർവ്വരതയും നമുക്കു നിലനിർത്താം.**

ജലസംരക്ഷണവും ജലസംഭരണവും ഇന്നു വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ശുദ്ധജലക്ഷാമത്തിനു പരിഹാരമായി ഇന്നു പ്രചരിക്കപ്പെടുന്ന മഴവെള്ള സംഭരണവും ശേഖരണവും നമ്മുടെ ജലാവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പരിമിതമാണ്. മഴവെള്ളം സംഭരിക്കേണ്ടത് മണ്ണിലാണെന്ന അടിസ്ഥാനതത്വം നാം വിസ്മരിച്ചുകൂടാ. മണ്ണിൽ സംഭരിക്കപ്പെടുന്ന ജലത്തിനുമാത്രമെ മനുഷ്യന്റെ വർദ്ധിച്ച ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുകയുള്ളൂ. ഇവിടെയാണു നമ്മുടെ വയലുകളുടെ വിലമതിക്കാനാകാത്ത പ്രസക്തിയും പ്രാധാന്യവും നാം മനസ്സിലാക്കേണ്ടത്. വയലുകളാണ് ഏറ്റവും വലിയ ജലസംഭരണി. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി മൂലം നമ്മുടെ ഭൂപ്രദേശത്ത് എവിടെ പെയ്യുന്ന മഴയും 24 മണിക്കൂറിനുള്ളിൽ കടലിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ, കുറെ ജലമെങ്കിലും സംഭരിച്ചു നമ്മുടെ ജലാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു നമ്മുടെ വയലുകളും ചതുപ്പുകളും നിർണ്ണായക പങ്കാണു വഹിക്കുന്നത്. ഒരു ഹെക്ടർ വയൽ സംഭരിച്ചു നിർത്തുന്ന ജലം ഉദ്ദേശം 400 ഹെക്ടർ സ്ഥലത്തെ ഭൂജലസംഭരണത്തിനു സഹായകമാകുന്നു എന്നു പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. ഇതിൽ നിന്നും നമ്മുടെ ഭൂപ്രകൃതിയിൽ വയലുകളുടെയും ചതുപ്പുകളുടെയും പ്രാധാന്യം എത്രത്തോളമുണ്ടെന്ന് ഊഹിക്കാവുന്നതാണ്. നമ്മുടെ മലനാട്ടിലും ഇടനാട്ടിലും വയലുകളും ചതുപ്പുകളും അപ്രത്യക്ഷമായാൽ ഭൂഗർഭജലത്തിന്റെ ഉറവകളും അവസാനിക്കും. തീരദേശത്ത് ഭൂഗർഭ ജലത്തിൽ കടൽ വെള്ളം വ്യാപിക്കും. വയലുകളുടെയും ചതുപ്പുകളുടെയും സവിശേഷമായ ജൈവഘടനമൂലം ജലം ആഗിരണം ചെയ്യുവാനും സംഭരിച്ചു നിർത്തുവാനും ഉറവകളായി വനഭൂമിയിലേതുപോലെ ആവശ്യാനുസരണം വിട്ടുതരുന്നതിനും സാധിക്കുന്നു. മറ്റു ഭൂഘടനകൾക്കൊന്നും ഈ ധർമ്മം നിർവ്വഹിക്കുവാൻ സാധിക്കുകയില്ല.

ജലംപോലെ തന്നെ വിലപ്പെട്ട ഊർ





പഞ്ചായത്ത് രാജ്

ജ്ജവും സംരക്ഷിക്കുന്നതിന് വയലുകൾ ഇന്നത്തെ നിലയിൽ സംരക്ഷിച്ചു നിർത്തേണ്ടതാണ്. വയലുകൾ ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം മിക്കവാറും സാധാരണ ഭൂനിരപ്പിൽ നിന്നും താഴ്ന്ന് സ്ഥിതിചെയ്യുന്നവയും പ്രകൃത്യാ ജലസേചനസൗകര്യമുള്ളവയുമാണ്. ഈ സാഹചര്യം ഇല്ലാതാക്കി കൃത്രിമ മാർഗ്ഗത്തിൽ ജലസേചന സൗകര്യം ഒരുക്കുന്നതിനും ഭാരിച്ച മുതൽമുടക്കും ഊർജ്ജവും ചെലവഴിക്കേണ്ടിവരും. അതിനാൽ വയലുകളുടെ സ്വാഭാവികത നിലനിർത്തി കൃഷിചെയ്താൽ നല്ലൊരളവ് ഊർജ്ജം ലാഭിക്കുവാൻ കഴിയും.

പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ചർച്ചകളിലെല്ലാം വനവൽക്കരണവും വൃക്ഷസംരക്ഷണവും മാത്രം പ്രാധാന്യമുള്ള വിഷയങ്ങളാവുന്നു. എന്നാൽ അത്രയുംതന്നെ പ്രാധാന്യത്തോടെ നമ്മുടെ വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ട ബാദ്ധ്യത നാം വിസ്മരിക്കുന്നു. പ്രകൃതിയിൽ വയലുകൾ ഒരുക്കുന്ന ജീവ-ജൈവ ബന്ധം സമാനതകളില്ലാത്ത ആവാസ വ്യവസ്ഥയുടേതാണ്. ഒരു കൊച്ചു വയൽ പ്രദേശം പോലും അനേകം ചെറുസസ്യങ്ങളുടെയും ജലജീവികളുടെയും ഉഭയജീവികളുടെയും നീർപക്ഷികളുടെയും ആവാസവ്യവസ്ഥയാണ്. അതിന്റെ നാശം ആ പ്രദേശത്തിന്റെ പരിസ്ഥിതിയുടെ നാശമാണ്. വയലുകളെ ആശ്രയിച്ചു ജീവിക്കുന്ന അനേകം ജീവജാലങ്ങൾ അതോടെ വംശനാശം നേരിടും. മത്സ്യങ്ങൾ, തവളകൾ, ഞണ്ട്, ഞവണി, വിവിധയിനം നീർപക്ഷികൾ എന്നിവയെല്ലാം നമ്മുടെ വയലുകളുടെയും ചതുപ്പുകളുടെയും ജൈവചക്രത്തിലെ കണ്ണികളാണ്.

നമ്മുടെ ഭൂപ്രകൃതിയുടെ നിലനിൽപ്പിനു വയലുകളും നെൽകൃഷിയും പ്രധാന പങ്കുവഹിച്ചിരുന്നു. നമ്മുടെ തോടുകളും കുളങ്ങളും ജലപാതകളുമെല്ലാം നെൽകൃഷിയുടെ ഭാഗമായിതന്നെ സംരക്ഷിച്ചുപോന്നിരുന്നു. എന്നാൽ നെൽകൃഷി പ്രതിസന്ധിയിലായതോടെ ഇവയെല്ലാം നാശോന്മുഖമായി. റോഡുകൾ കൃഷിയെ സഹായിക്കുമെന്ന പരമ്പരാഗത വിശ്വാസംപോലും ഇവിടെ തിരുത്തിക്കുറിച്ചു. വിത്തുംവളവും വള്ളങ്ങളിൽ ജലമാർഗ്ഗം കൊണ്ടുപോയി കൃഷി നടത്തിയിരുന്ന വയലുകളിൽ ലഭ്യമായ റോഡ് സൗകര്യവും നെൽവയലുകൾ മണ്ണിട്ടു നികത്തുന്നതിനും ഉപയോഗപ്പെടുന്നു. അങ്ങനെ ഭൂപ്രകൃതി ആകെ തകിടം മറിയുന്നു.

മൃഗപരിപാലനരംഗത്ത് നമ്മുടെ പരമ്പരാഗത സമ്പദ് വ്യവസ്ഥയിൽ വയലുകളുടെ പ്രാധാന്യം അദ്വിതീയമായിരുന്നു. കൊയ്തുകഴിഞ്ഞ പാടം നമ്മുടെ കന്നുകാലി സമ്പത്തിന്റെ മേച്ചിൽ പുറങ്ങളായിരുന്നു. പുല്ലിന്റെ ലഭ്യത കുറയുന്ന കാലത്തേക്കു സംഭരിച്ചു വയ്ക്കാവുന്ന ഏറ്റവും ചെലവുകുറഞ്ഞ കാലിത്തീറ്റയായിരുന്നു വൈക്കോൽ. ഇന്നും വൈക്കോൽ കൃത്രിമകാലിത്തീറ്റ നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവാണ്. കാലിസമ്പത്തും വയലും നെൽകൃഷിയും പരസ്പരപൂരകവും പരസ്പരം ബന്ധപ്പെട്ടും കിടക്കുന്നു. ഒന്നിന്റെ നാശം മറ്റതിന്റെ നിലനിൽപ് അപകടത്തിലാക്കും.

കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലും കായൽ നിലങ്ങളിലും മേഞ്ഞുനടക്കുന്ന താറാവിൻകൂട്ടങ്ങൾ ഒരു കാലത്ത് ഗ്രാമീണ കേരളത്തിന്റെ വിസ്മയകാഴ്ചകളിൽ ഒന്നായിരുന്നു. ആയിരക്കണക്കിനു താറാവുകൾ സ്വന്തമായുള്ള താറാവു കൃഷിക്കാർ അന്നു നമ്മുടെ കാർഷിക സമ്പദ്ഘടനയിലെ പ്രമാണിമാരായിരുന്നു. കൊയ്ത്തു കഴിയുന്ന പാടങ്ങൾതോറും ദേശാടനം നടത്തുന്ന താറാവിൻകൂട്ടങ്ങളും നമ്മുടെ ഗ്രാമങ്ങളെ ശബ്ദമുഖരിതമാക്കിയിരുന്നു. താറാവിൻ പറ്റങ്ങൾ വയലും കൃഷിയും കുറഞ്ഞതോടുകൂടി ഇന്നു നാമമാത്രമായിക്കൊണ്ടിരിക്കുന്നു. വയലുകളും നെൽകൃഷിയുമില്ലാതെ താറാവുകൃഷിയും ലാഭകരമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല. വയലുകളുടെ നാശത്തോടെ താരതമ്യേന സംരക്ഷണ ചെലവുകുറവുള്ള ഈ പക്ഷികളും കേരളത്തോടു വിടപറയും.

മത്സ്യോത്പാദനരംഗത്തും നമ്മുടെ വയലുകൾക്ക് അതിപ്രധാനമായ സ്ഥാനമാണുള്ളത്. വയലുകളോടൊപ്പം സംരക്ഷിച്ചിരുന്ന നീർച്ചാലുകളും ജലാശയങ്ങളും മത്സ്യസമ്പത്തിന്റെ ആവാസ വ്യവസ്ഥകളായിരുന്നു. ആധുനിക മത്സ്യകൃഷിയുടെ ഭാഗമായ ഒരു നെല്ലും ഒരു മീനും പദ്ധതിയും നെൽപാടങ്ങളെ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കുന്നത്.

നാടനും പരദേശികളുമായ അനേകം നീർപക്ഷികളും ജീവസന്ധാരണത്തിന് ആശ്രയിക്കുന്നതു വയലുകളെയും ചതുപ്പുകളെയുമാണ്. കൊറ്റിയും നീർകാക്കയും കുളക്കോഴിയും പൊന്മയും എരണ്ടകളും മാത്രമല്ല കുഞ്ഞാറ്റക്കുരുവികളും തത്തകളും വയലിനെ ആശ്രയിച്ചു ജീവിക്കുന്നു. വയലുകളും കൃഷിയുമില്ലാതായാൽ നമ്മുടെ ചുറ്റുപാടുകളെ വർണ്ണാഭമാക്കുന്ന, അന്തരീക്ഷം സംഗീതസാന്ദ്രമാക്കുന്ന അനേകം പക്ഷികൾ അവയ്ക്കു പ്രിയപ്പെട്ട ഈ കൂടൊഴിയും. നമ്മുടെ വരും തലമുറയ്ക്കു കൈമാറുവാൻ ഇതൊന്നുമില്ലാത്ത ഒരു ഊഷരഭൂമിയായിരിക്കും അവശേഷിക്കുന്നത്.

**കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലും കായൽ നിലങ്ങളിലും മേഞ്ഞുനടക്കുന്ന താറാവിൻകൂട്ടങ്ങൾ ഒരു കാലത്ത് ഗ്രാമീണ കേരളത്തിന്റെ വിസ്മയകാഴ്ചകളിൽ ഒന്നായിരുന്നു. താറാവിൻ പറ്റങ്ങൾ വയലും കൃഷിയും കുറഞ്ഞതോടുകൂടി ഇന്നു നാമമാത്രമായിക്കൊണ്ടിരിക്കുന്നു. വയലുകളും നെൽകൃഷിയുമില്ലാതെ താറാവുകൃഷിയും ലാഭകരമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല. വയലുകളുടെ നാശത്തോടെ താരതമ്യേന സംരക്ഷണ ചെലവുകുറവുള്ള ഈ പക്ഷികളും കേരളത്തോടു വിടപറയും.**









ഭൂജല സംരക്ഷണത്തിലെന്നപോലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും വയലുകൾക്കും സുപ്രധാന പങ്കുണ്ട്. മഴക്കാലത്തു നമ്മുടെ നദികളിലും തോടുകളിലും ഒരുമിച്ചൊഴുകിയെത്തുന്ന ജലം നല്ല ഒരളവുവരെ സംഭരിക്കപ്പെടുന്നതു നമ്മുടെ വയലുകളിലാണ്. പ്രളയ ജലത്തിൽ ഒഴുകിയെത്തുന്ന എക്കൽ മണ്ണു നമ്മുടെ വയലുകളെ ഫലഭൂയിഷ്ഠമാക്കിയും അടുത്ത കൃഷിക്കു വളക്കൂറുള്ള മണ്ണൊരുക്കുകയും ചെയ്യുന്നു. വയലുകൾ മണ്ണിട്ടു നികത്തിയാൽ അധിക ജലസംഭരണത്തിനുള്ള വിശാലമായ സാദ്ധ്യതകൾ ഇല്ലാതാവുകയും വെള്ളപ്പൊക്കത്തിന്റെ ഭീകരത രൂക്ഷമാക്കുകയും ചെയ്യും.

**ഭൂജല സംരക്ഷണത്തിലെന്ന പോലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും വയലുകൾക്കും സുപ്രധാന പങ്കുണ്ട്. മഴക്കാലത്തു നമ്മുടെ നദികളിലും തോടുകളിലും ഒരുമിച്ചൊഴുകിയെത്തുന്ന ജലം നല്ല ഒരളവുവരെ സംഭരിക്കപ്പെടുന്നതു നമ്മുടെ വയലുകളിലാണ്. പ്രളയ ജലത്തിൽ ഒഴുകിയെത്തുന്ന എക്കൽ മണ്ണു നമ്മുടെ വയലുകളെ ഫലഭൂയിഷ്ഠമാക്കിയും അടുത്ത കൃഷിക്കു വളക്കൂറുള്ള മണ്ണൊരുക്കുകയും ചെയ്യുന്നു.**

ഇതിനെല്ലാംപുറമേ, ദൈവത്തിന്റെ സ്വന്തം നാടെന്നു നാം അഭിമാനിക്കുന്ന നമ്മുടെ നാടിന്റെ പ്രകൃതിസൗന്ദര്യം പ്രധാനമായും പച്ചവിരിച്ച നമ്മുടെ വയലേലകളായിരുന്നു. വിദേശ ടൂറിസ്റ്റുകളെ ഇങ്ങോട്ടാകർഷിച്ചതും ഈ ഹരിതാഭമായിരുന്നു. അതിന്റെ സ്ഥാനത്തു നമ്മൾ എത്ര മനോഹരസൗധങ്ങൾ വയൽ നികത്തി നിർമ്മിച്ചാലും അതൊന്നും നമ്മുടെ പവിഴപ്പാടങ്ങൾക്കു തുല്യമാവില്ല. ടൂറിസത്തിന്റെ തകർച്ചയ്ക്കും പ്രകൃതിയുടെ ഈ മാറ്റം കാരണമാകും.

സമീപഭാവിയിൽ നാം അനുഭവിക്കേണ്ടിവരുന്ന ഒരു വലിയ ദുരന്തത്തിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കുന്നതിന് അവശേഷിക്കുന്ന വയലുകളെങ്കിലും സംരക്ഷിക്കുന്നതിനു നിയമങ്ങൾ കർശനമാക്കുകയും അതോടൊപ്പം നെൽകൃഷിക്കു പരമാവധി സൗകര്യങ്ങളും നെൽകർഷകർക്കു പരമാവധി പ്രോത്സാഹനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ വിഷയത്തിൽ വലിയ പങ്കുവഹിക്കുവാൻ സാധിക്കും. നെൽവയൽ നീർത്തട സംരക്ഷണ നിയമം, കെട്ടിട നിർമ്മാണ നിയമം എന്നിവ കർശനമായി നടപ്പിലാക്കുകയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും ഉദ്പാദനമേഖലയിൽ വകയിരുത്തുന്ന വികസനഫണ്ട് നെൽകൃഷിവികസനത്തിനു ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്താൽ നെൽ കൃഷി നിലനിർത്താനും അതുവഴി വയലുകൾ സംരക്ഷിക്കപ്പെടുവാനും സാധിക്കും.

വയലുകൾ നികത്തുന്നതിനു കാരണങ്ങൾ ധാരാളം പറയുവാനുണ്ടാ കാം. നെൽകൃഷിയുടെ വർദ്ധിച്ച ഉല്പാദന ചെലവ്- തൊഴിലാളിക്ഷാമം-വർദ്ധിച്ച ജനസാന്ദ്രത-പാർപ്പിടപ്രശ്നം അങ്ങനെ പലതും. എന്നാൽ ഇവയൊ ന്നും പരിഹാരമില്ലാത്ത സമസ്യകളല്ല. അല്ലെങ്കിൽ വയലുകൾ നശിപ്പിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുവാനും കഴിയുകയില്ല. ജീവന്റെ നിലനിൽപ്പിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ തികച്ചും പ്രായോഗികമായ സമീപനം സ്വീകരിക്കുവാൻ എല്ലാവരും തയ്യാറാവുകയും എല്ലാ ശാസ്ത്രസാങ്കേതിക നേട്ടങ്ങളും പ്രയോജനപ്പെടുത്തുകയും പരമാവധി യന്ത്രവൽക്കരണവും ആധുനികവൽക്കരണവും കാർഷിക രംഗത്ത് നടപ്പിലാക്കുകയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ അവശേഷിക്കുന്ന വയലുകൾ എങ്കിലും നമുക്കു സംരക്ഷിക്കാം. ഈ മലനാടിന്റെ ഉണ്മയും, ഉർവ്വരതയും നമുക്കു നിലനിർത്താം. ■

# ചെറുനഗരങ്ങളിൽ മാലിന്യസംസ്ക്കരണത്തിന് പോംവഴി

**കെ.പി. ഫിലിപ്പോസ്**

ഉപഭോഗ സംസ്ക്കാരത്തിന്റെ ബാക്കിപത്രമായി വികസിച്ചുവരുന്ന എല്ലാ സ്ഥലങ്ങളിലും മാലിന്യങ്ങൾ കുമിഞ്ഞു കൂടുകയാണ്. ഖര ദ്രവ വാതക മാലിന്യങ്ങൾ തങ്ങളുടെ പരിസരത്തുനിന്നു പുറത്തായാൽ പ്രശ്നം തീർന്നതായി ഓരോരുത്തരും ആശ്വസിക്കുകയാണിന്ന്. ജലശുദ്ധീകരണശാലയിലെ ടാങ്കുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നു. പുത്തൻ തലമുറ രോഗങ്ങൾക്കുകാരണമായ കൃമികീടങ്ങളും അണുക്കളും പെരുകുന്ന താവളമാണു മാലിന്യങ്ങൾ. തെരുവുനായ്ക്കളുടെ താവളവും ഇവിടെതന്നെ. മനുഷ്യന്റെ നിലനില്പിനെത്തന്നെ ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നത് ഇവിടെയാണ്. ദിനംതോറും വർദ്ധിക്കുന്ന മാലിന്യങ്ങൾ എങ്ങനെ എവിടെ സംസ്ക്കരിക്കുമെന്നറിയാതെ നട്ടം തിരിയുന്ന പ്രാദേശിക ഭരണകർത്താക്കൾ, ആലോചനയില്ലാതെ സ്വീകരിക്കുന്ന നടപടികൾ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് വൻകിട മാലിന്യസംസ്ക്കരണ സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് വളരെയധികം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. സ്ഥലം കണ്ടെത്തുന്നതുതന്നെ പ്രധാനപ്രശ്നം. ഒരു വൻകിട സംസ്ക്കരണശാല വിഭാവനം ചെയ്താൽ മറ്റുള്ളവർ ഉണ്ടാക്കുന്ന മാലിന്യത്തിന്റെ കെടുതി തങ്ങൾ എന്തിനനുഭവിക്കണമെന്ന പ്രദേശവാസികളുടെ ചോദ്യത്തിന് മറുപടിയില്ല. മാലിന്യ ഉത്പാദകർതന്നെ അവ പരിഹരിക്കേണ്ട കടമയിലേക്കാണ് നാം എത്തുന്നത്.

മാലിന്യങ്ങൾ ഖരം, ദ്രവം, വാതകാവസ്ഥയിലാണ്. ഖരമാലിന്യങ്ങളിൽ പെട്ടെന്ന് ദോഷംചെയ്യുന്നവ ജൈവമാലിന്യങ്ങളാണ്. ചീഞ്ഞളിഞ്ഞ് ദുർഗന്ധമുളവാക്കുകയും രോഗഹേതുവുമാകുന്ന ഇവയെ കൈകാര്യം ചെയ്യാനായാൽ 75% പ്രശ്നവും പരിഹരിക്കാം. പ്ലാസ്റ്റിക്, ലോഹപാഴ്വസ്തുക്കൾ, കടലാസ് ഇവയാണ് പ്രധാന ഖരമാലിന്യങ്ങൾ. മേൽപ്പറഞ്ഞവയെല്ലാം പുനചംക്രമണം ചെയ്യാവുന്നവയും ശേഖരിച്ചുവച്ചാൽ വിറ്റു പണമാക്കി മാറ്റാവുന്നവയുമാണ്.

ഹോട്ടൽ, ഹോസ്റ്റൽ, ആശുപത്രി എന്നിവിടങ്ങളിലെ മലിനജലവും ഫാക്ടറികളുടെ രാസവസ്തുക്കൾ കലർന്ന പാഴ്ജലവുമാണ് ദ്രവമാലിന്യങ്ങളിൽ പ്രധാനം. ഫാക്ടറികളിലെ മലിനജലം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിഹരിക്കേണ്ടതാണ്. ഹോട്ടൽ, ഹോസ്റ്റൽ, ആശുപത്രി എന്നിവിടങ്ങളിൽ മലിനജലം ശുദ്ധീകരിച്ചു പുറന്തള്ളിയാൽ പ്രശ്നപരിഹാരത്തിന് സഹായകമാകും.

## മാലിന്യസംസ്ക്കരണത്തിന് സംയോജിത മാർഗ്ഗങ്ങൾ ബോധവൽക്കരണം

സ്വയംനിയന്ത്രണവും ചെറിയ സംസ്ക്കരണ രീതികളും പ്രചരിപ്പിക്കണം. എൽ.പി. സ്ക്കൂൾ മുതൽ എല്ലാ സ്ഥാപനങ്ങളിലും എല്ലാവരും പങ്കെടുക്കുന്ന സീറോ വേസ്റ്റ് കാലയളവ് ആചരിക്കണം. ഇതിനു വിശദമായ പരിപാടി തയ്യാറാക്കി പരിശീലകർ, സന്നദ്ധസേവകർ, വോളണ്ടിയർമാർ, പൊതുജന സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കാളികളാക്കണം.

മാലിന്യ നിർമ്മാർജ്ജനം ജനങ്ങളുടെ ആവശ്യമായി കരുതാൻ അവരെ പ്രേരിപ്പിക്കാൻ കഴിയുന്ന ഒരു സമീപനമായിരിക്കണം ഉണ്ടാവേണ്ടത്. മാലിന്യത്തിന്റെ ദോഷവശങ്ങൾ, അതു സംസ്ക്കരിക്കാവുന്ന വിവിധ മാർഗ്ഗങ്ങൾ, വിജയകഥകൾ, നോട്ടീസ്, ഉപകരണങ്ങളുടെ ഫോട്ടോ, പോസ്റ്റർ, ബാനർ, വീഡിയോ ക്ലിപിംഗുകൾ, തീയറ്ററുകളിൽ സ്ലൈഡുകൾ തുടങ്ങിയ എല്ലാ മാധ്യമങ്ങളും ഉപയോഗപ്പെടുത്തണം. പ്രാദേശിക മാധ്യമങ്ങളുടെ പങ്കാളിത്തം പ്രചരണത്തിന് ഉപയോഗപ്പെടുത്തണം. ഓരോ സ്ഥാപനവും സ്വന്തം സ്ഥലത്തെ മാലിന്യവിമുക്തമാക്കുന്നതോടൊപ്പം തൊട്ടടുത്ത പൊതുസ്ഥലം കൂടി മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു മാതൃക സൃഷ്ടിക്കണം.

തോടും റോഡും പൊതുസ്ഥലവും എല്ലാം ഈ കാമ്പയിനിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സ്ഥിതി ഉണ്ടാകണം.

### സംസ്ക്കരണ മാർഗ്ഗങ്ങൾ

1. മാലിന്യങ്ങൾ ഉറവിടത്തിൽ കുറവു ചെയ്യണം.
2. മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിക്കണം.
3. മാലിന്യങ്ങൾ കഴിയുന്നത്ര ഉറവിടത്തിൽ സംസ്ക്കരിക്കണം.

ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളിൽ ഖരപദാർത്ഥങ്ങളെത്തന്നെ ജൈവപദാർത്ഥങ്ങൾ, പ്ലാസ്റ്റിക്, കടലാസ്, തകരം, ഇരുമ്പ്, ബാറ്ററി എന്നിവയായി തരംതിരിക്കാം.

### ജൈവ പദാർത്ഥങ്ങൾ

(ഭക്ഷ്യാവശിഷ്ടം, പച്ചക്കറി, മീൻ)

a. ദിവസംതോറും കുഴിച്ചുമൂടാം
b. കമ്പോസ്റ്റാക്കി മാറ്റാം.
c. മണ്ണിരകമ്പോസ്റ്റാക്കി മാറ്റാം.
d. ബയോഗ്യാസ് നിർമ്മാണത്തിനു ഉപയോഗിക്കാം.

മേൽപ്പറഞ്ഞ മാർഗ്ഗങ്ങളെല്ലാം പരിസ്ഥിതി സൗഹൃദവും മാലിന്യം പണമാക്കിമാറ്റുന്നതുമാകയാൽ ഈ രീതികളുടെ പ്രസക്തി നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

മാലിന്യങ്ങളുടെ അളവിനനുസരിച്ച് ഉള്ള ബയോഗ്യാസ് ഉപകരണങ്ങൾ ലഭ്യമാണ്. വീടുകളിലേക്ക് 0.5 ഘനമീറ്റർ ശേഷിയുള്ള ചെറിയ ബയോഗ്യാസ് പ്ലാന്റിന് 1 മണിക്കൂർ കത്തിക്കാൻ വേണ്ട ഗ്യാസ് ഉല്പാദിപ്പിക്കാൻ കഴിയും. സ്ഥാപനങ്ങളുടെ ടോയ്‌ലറ്റുകൾ കൂടി ബയോഗ്യാസ് പ്ലാന്റിൽ ബന്ധിച്ച് ടോയ്‌ലറ്റ് മാലിന്യം പോലും ആദായകരമാക്കി മാറ്റാം.

നഗരമാലിന്യങ്ങൾ വികേന്ദ്രീകൃത ബയോഗ്യാസ്, കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് സംസ്ക്കരിക്കണം. എളുപ്പം കൈകാര്യം ചെയ്യാവുന്ന അളവിലധികം ഒരു സ്ഥലത്ത് സംസ്ക്കരിക്കാൻ ശ്രമിക്കരുത്. ജൈവമാലിന്യങ്ങളിൽ നിന്നുള്ള വളം അതതു പ്രദേശത്തെ കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്നത് കർഷകർക്ക് സഹായകമാകും.

### പ്ലാസ്റ്റിക്ക് ഭീകരനെതിരെ

പരിസരം നശിപ്പിക്കുന്ന പ്ലാസ്റ്റിക് വിപത്തായി വളരുകയാണ്. വീടുകൾക്കും ചെറുകിടക്കാർക്കും സംസ്ക്കരിക്കാവുന്നതല്ല പ്ലാസ്റ്റിക്ക്. മാലിന്യ സംഭരണകേന്ദ്രങ്ങളിൽ ഇവ തീയിടുന്നതായി കാണുന്നു. ദിവസങ്ങളോളം നിന്നു കത്തുന്ന തീ സമീപവാസികൾക്കാകെ ശ്വാസകോശരോഗങ്ങൾ ഉണ്ടാക്കുന്നു. പ്ലാ

**ഹോട്ടൽ, ഹോസ്റ്റൽ, ആശുപത്രി എന്നിവിടങ്ങളിലെ മലിനജലവും ഫാക്ടറികളുടെ രാസവസ്തുക്കൾ കലർന്ന പാഴ്ജലവുമാണ് ദ്രവമാലിന്യങ്ങളിൽ പ്രധാനം. ഫാക്ടറികളിലെ മലിനജലം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിഹരിക്കേണ്ടതാണ്. ഹോട്ടൽ, ഹോസ്റ്റൽ, ആശുപത്രി എന്നിവിടങ്ങളിൽ മലിനജലം ശുദ്ധീകരിച്ചു പുറന്തള്ളിയാൽ പ്രശ്നപരിഹാരത്തിന് സഹായകമാകും.**

സ്റ്റിക് കത്തിച്ചുണ്ടാകുന്ന ഓക്സീനുകൾ കാൻസർ ബാധയ്ക്കു കാരണമാണെന്നും കണ്ടെത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് കത്തിക്കുന്നത് തീർത്തും ഒഴിവാക്കണം.

പ്ലാസ്റ്റിക് സംസ്ക്കരണത്തിന് നിരവധി സങ്കേതങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ശേഖരിച്ചു വെയ്ക്കുന്ന വൃത്തിയായ പ്ലാസ്റ്റിക്, റീസൈക്കിളിംഗിന് വില നൽകി എടുക്കുന്ന ഏജൻസികളുണ്ട്. വീട്ടമ്മമാർ, സ്ക്കൂൾ കുട്ടികൾ, വ്യാപാരശാലകൾ എന്നിവരിൽക്കൂടി പ്ലാസ്റ്റിക് ശേഖരിച്ചു വയ്ക്കാനും കൃത്യമായ ഇടവേളകളിൽ അതു വില്ക്കാനും ക്രമീകരണങ്ങളാവാം.

റീസൈക്കിളിംഗ് യൂണിറ്റുകൾക്ക് മെഷിനറി സ്ഥാപിക്കാൻ സഹായധനം നൽകണം. ഒരു ജില്ലയിൽ 1 എന്ന കണക്കിലെങ്കിലും പ്ലാസ്റ്റിക് സംസ്ക്കരണ യൂണിറ്റുകൾ ഉണ്ടാവണം. പൊതുമരാമത്തിന്റെയും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെയും റോഡ് ടാറിംഗിൽ പ്ലാസ്റ്റിക്ക് ചേർക്കാൻ വേണ്ട സാങ്കേതിക വിദ്യ പ്രചരിപ്പിക്കണം. റോഡുകളുടെ ആയുസ് വർദ്ധിക്കുന്ന ഈ നടപടി സാമ്പത്തിക ലാഭവും മാലിന്യസംസ്ക്കരണവും ഉറപ്പാക്കും. ഗ്രേഡ് കുറഞ്ഞ പ്ലാസ്റ്റിക്കിന്റെ ഉല്പാദനവും വില്പനയും വിതരണവും കർശന നിയന്ത്രണത്തിലാക്കണം. മറ്റു പായ്ക്കിംഗ് വസ്തുക്കൾ ഉപയോഗിക്കാൻ പ്രചരണം നടത്തണം.

### കടലാസ്

മാലിന്യങ്ങളിൽ ഏറ്റവും വിലപ്പെട്ടതാണ് കടലാസ്. എല്ലാത്തരം കടലാസും റീസൈക്കിളിംഗ് നടത്താവുന്നതാണ്. പ്രകൃതിയെ നശിപ്പിച്ചാണ് കടലാസ് നിർമ്മിക്കുന്നത് എന്നതുതന്നെ ഈ മാലിന്യത്തെ ഉപയോഗപ്രദമാക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

കടലാസ് പൾപ്പാക്കി മാറ്റുന്നതും മറ്റിനം കടലാസാക്കി മാറ്റുന്നതിനും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ യൂണിറ്റുകൾ ആരംഭിക്കണം. എല്ലാ ഇടങ്ങളിലും കടലാസ് ശേഖരിച്ചുവയ്ക്കാനും മാസത്തിൽ ഒരിക്കൽ അവ ശേഖരിക്കാനും കുടുംബശ്രീ, ജനശ്രീ കൂട്ടായ്മകളെ ചുമതലപ്പെടുത്തണം. സ്ക്കൂൾ, ഓഫീസുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളും കടലാസ് തെരുവിലിടാതെ സൂക്ഷിക്കാൻ നിഷ്ക്കർഷിക്കണം.

### ഇ-വേസ്റ്റ്

ഇലക്ട്രിക്-ഇലക്ട്രോണിക്ക് വേസ്റ്റ് വർഷത്തിൽ 2 തവണയായി ശേഖരിച്ച് പൊതുസ്ഥലത്ത് സംഭരിക്കണം. അവയെ ഒന്നിച്ചു സംസ്ക്കരിക്കാൻ സർക്കാർതല ക്രമീകരണം വേണം.

### നിയമനടപടികൾ

a. മാലിന്യം ഉറവിടത്തിൽ നിയന്ത്രിക്കാൻ നിയമനടപടികൾ കൂടിയേ തീരൂ.
b. ആശുപത്രികൾ, വാണിജ്യസ്ഥാപനങ്ങൾ, വ്യവസായശാലകൾ, ഹോട്ടൽ, ഹോസ്റ്റൽ, ഭവനസമുച്ചയങ്ങൾ എന്നിവ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തിയാലേ പ്രവർത്തനാനുമതി നൽകാൻ പാടുള്ളൂ. അനുയോജ്യമായ അംഗീകൃത സംവിധാനങ്ങൾ അവരുടെ ഇഷ്ടാനുസരണം സ്ഥാപിക്കാം.
c. നിലവിൽ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതകാലയളവിനുള്ളിൽ അതു സ്ഥാപിക്കാൻ സാവകാശം നൽകുകയും അത് പാലിക്കാതിരുന്നാൽ പ്രവർത്തനാവകാശം റദ്ദാക്കുകയും വേണം.
d. മത്സ്യ മാംസ വ്യാപാരകേന്ദ്രങ്ങളിൽ ബയോഗ്യാസ് പ്ലാന്റോ മറ്റ് മാലിന്യ സംസ്ക്കരണ സംവിധാനമോ നിർബന്ധമാക്കണം.

### മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കണം

പഞ്ചായത്ത് നഗരസഭാതലത്തിൽ ആരോഗ്യപ്രവർത്തകർ, മാലിന്യനിർമ്മാർജ്ജന രംഗത്തെ വിദഗ്ധർ, ജനപ്രതിനിധികൾ സന്നദ്ധസംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി നിയമപ്രാബല്യമുള്ള സമിതികൾ രൂപീകരിക്കണം. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പിഴ, പ്രോസിക്യൂഷൻ, ലൈസൻസ് റദ്ദാക്കൽ ഇവ നടപ്പാക്കണം. 3 മാസത്തിൽ ഒരിക്കലെങ്കിലും കമ്മിറ്റി കൂടണം.

കഴിഞ്ഞ 40 വർഷംകൊണ്ട് രൂപപ്പെട്ട മാലിന്യരൂപീകരണസംസ്ക്കാരം അതിലുമധികം നീണ്ട ഒരു കാലയളവിലെ തുടർപ്രവർത്തനം കാര്യക്ഷമമായി നടത്തിയാലേ പരിഹരിക്കാനാവൂ. ഇതിനു സർക്കാരും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും സംഘടനകളും ഒത്തുചേർന്ന് എല്ലാ വിഭാഗം ജനങ്ങളുടെയും പൂർണ്ണപിന്തുണയോടെ പ്രവർത്തിക്കണം. ■

*ലേഖകൻ ഗ്രീൻ വേൾഡ് ഡയറക്ടറാണ്.*



ഡോ. എസ്. ആർ. റാണി

## ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കൊരു മാതൃക

# മദ്ധ്യപ്രദേശിലെ 'കെസ്‌ല മോഡൽ' ഇറച്ചിക്കോഴി വളർത്തൽ

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ലോകമെമ്പാടും ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ലോക ഭക്ഷ്യ സംഘടന (FAO) മാതൃകാ പദ്ധതിയായി പ്രത്യേകം വിലയിരുത്തിയ ഒന്നാണ് മദ്ധ്യപ്രദേശിലെ കെസ്‌ല ജില്ലയിൽ ദളിത്-ആദിവാസി വീട്ടമ്മമാർക്കിടയിൽ നടപ്പിലാക്കിയ ഇറച്ചിക്കോഴി വളർത്തൽ. എഴു സംസ്ഥാനങ്ങളിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഗ്രാമീണ ജനങ്ങൾക്കിടയിൽ 1983 മുതൽ പ്രവർത്തിക്കുന്ന പ്രദാൻ (PRADAN- Professional Assistance for Development Action) എന്ന സർക്കാരിതര സംഘടനയാണ് (NGO) ഈ പദ്ധതിയുടെ മുഖ്യ ആസൂത്രകർ. സ്വയം തൊഴിലിലൂടെ സ്ഥായിയായ വരുമാനം ഉറപ്പാക്കിയതിനുപുറമേ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു കൂട്ടം സ്ത്രീകളെ മുഖ്യധാരയിലേക്ക് കൈപിടിച്ചു നടത്തുവാനും ഈ പദ്ധതിക്കു കഴിഞ്ഞതായി വിലയിരുത്തുന്നു.

നമുക്ക് പരിചിതമായ ഇന്റഗ്രേറ്റഡ് രീതിയിലുള്ള ഇറച്ചിക്കോഴി വളർത്തലുമായി ഏറെക്കുറെ സാമ്യമുണ്ടെങ്കിലും ഗുണഭോക്താക്കളുടെ ക്ഷേമം മാത്രം മുൻനിർത്തി ആസൂത്രണം ചെയ്ത പദ്ധതി എന്ന നിലയിൽ ഇതു ശ്രദ്ധേയമാണ്.

### നിലവിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് രീതി

വളരെ വേഗത്തിൽ വരുമാനം ലഭിക്കുന്ന തൊഴിൽ മേഖല എന്ന നിലയിൽ ഇറച്ചിക്കോഴി വളർത്തൽ വളരെ മുൻപ് തന്നെ പ്രചാരത്തിൽ വന്നെങ്കിലും വിപണിയിലും വിലയിലുമുണ്ടാകുന്ന വ്യതിയാനം, ഗുണമേൻമയുള്ള കുഞ്ഞ്, തീറ്റ എന്നിവ ലഭിക്കാനുള്ള ബുദ്ധിമുട്ട്, വൻകിട വ്യവസായികളുടെ ഇടപെടൽ, വർദ്ധിച്ച മരണനിരക്ക് മൂലമുണ്ടാകുന്ന നഷ്ടം തുടങ്ങിയ കാരണങ്ങളാൽ പലരും രംഗം ഉപേക്ഷിച്ചിരുന്നു. ഈ സമയത്ത് സ്വകാര്യ ഹാച്ചറികളും കോഴിത്തീറ്റ ഉല്പാദകരുമൊക്കെ മുൻപ് കോഴി വളർത്തിയ കർഷകരുടെ ഇടയിൽ ഇന്റഗ്രേറ്റഡ് ഫീമിംഗ് രീതി പരീക്ഷിക്കുകയുണ്ടായി.

ഫാമിലേക്ക് ആവശ്യമായ കുഞ്ഞ്, തീറ്റ, മരുന്ന്, വാക്സിൻ എന്നിവ എത്തിക്കുന്നു. സാങ്കേതിക സഹായം നൽകുന്നതിനാൽ മരണനിരക്ക് പ്രശ്നമാകുന്നില്ല. വിപണനത്തിൽ ശ്രദ്ധിക്കേണ്ടതില്ല.

എന്നാൽ കർഷകർക്ക് റിസ്ക് കുറവാണെങ്കിലും തിരിച്ചെടുക്കുന്ന കോഴികളുടെ വില നിശ്ചയിക്കുന്നതിലെ അപാകത മൂലം ലാഭവിഹിതം പലപ്പോഴും കർഷകർക്ക് ലഭിക്കാതെ പോകുന്നുണ്ട്.





### കെസ്‌ല പദ്ധതിയുടെ പ്രധാന സവിശേഷതകൾ

1. ഇറച്ചിക്കോഴി വളർത്തലിൽ പ്രായോഗിക പരിശീലനം-താല്പര്യമുള്ളവരെ മാത്രം തിരിച്ചറിയാൻ 35 ദിവസം നീണ്ട പരിശീലനത്തിലൂടെ കഴിഞ്ഞു.

2. ഗുണഭോക്താക്കളായ ദളിത്/ആദിവാസി സ്ത്രീകൾക്കായി സ്വയം സഹായ സംഘടനകൾ (SHG) രൂപീകരിച്ചു.

3. സാമ്പത്തിക സഹായം ലഭിക്കുന്ന സർക്കാർ പദ്ധതികൾ കണ്ടെത്തി- കേന്ദ്ര സർക്കാർ പദ്ധതിയായ സ്വരൺ ജയന്തി ഗ്രാം സ്വരോജ്ഗർ യോജനയും (SGSY). ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടിന്റേയും ധനസഹായം ലഭ്യമാക്കി.

4. 'കെസ്‌ല പോൾട്രി സൊസൈറ്റി' എന്ന പേരിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചു.

5. മദ്ധ്യപ്രദേശ് വിമൻ പോൾട്രി പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും വെറ്റിനറി ഡോക്ടർമാർക്കും പുറമേ ഒരു വില്ലേജിന് ഒരു പാരാ വെറ്റിനറി ഉദ്യോഗസ്ഥൻ (വില്ലേജ് ഫെസിലിറ്റേറ്റർ)

6. 40 ഫാമുകൾക്ക് ഒരാൾ എന്ന കണക്കിൽ സാങ്കേതിക വൈദഗ്ദ്ധ്യം നൽകിയ സൂപ്പർവൈസർമാരെയും നിയമിച്ചു.

### പ്രവർത്തനരീതി

- സംഘങ്ങളിലൂടെ ഒരാൾക്ക് ഷെഡ് നിർമ്മിക്കുന്നതിനായി 30,000/ രൂപ ധനസഹായം നൽകി (300 കോഴിയെ വളർത്താൻ 300 ച.അടി വിസ്തീർണ്ണമുള്ള ഷെഡ്).
- ഒരു ബാച്ചിൽ 300 വീതം ഇറച്ചിക്കോഴിക്കുഞ്ഞിനെ നൽകി. ഗുണമേന്മയുള്ള കുഞ്ഞ്, ലിറ്റർ, തീറ്റ, മരുന്ന്, വാക്സിൻ എന്നിവ സൂപ്പർവൈസർമാർ ഫാമിലെത്തിക്കുന്നു. ആഴ്ചയിലൊരിക്കൽ ഫാമിലെത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. ആറാഴ്ച പ്രായത്തിൽ ഫാമിലെത്തി കോഴിയെ തിരികെ വാങ്ങുമ്പോൾ മാത്രം കുഞ്ഞുങ്ങളടക്കമുള്ളവയുടെ വില കിഴിക്കുന്നു.
- സൂപ്പർവൈസർമാരുടെ വേതനം നൽകുന്നതിനായി കോഴിയൊന്നിന് 50-75 പൈസ കർഷകർ നൽകണം. ശരാശരി 600 രൂപ ഒരാൾക്ക് വേതനം ലഭിക്കും. (ഒരു ഫാമിൽ 300 കോഴി- ഒരാൾക്ക് 40 ഫാമുകൾ 50 പൈസ നിരക്കിൽ). ഇങ്ങനെ വർഷം 6 ബാച്ച് കോഴികളെ നൽകി ചെലവുകഴിഞ്ഞ് 9000-16000 രൂപ വരെ പ്രതിവർഷം കർഷകർക്കു വരുമാനമായി ലഭിച്ചിട്ടുണ്ട്.
- സഹകരണ സംഘത്തിന്റെ പ്രതിമാസ അവലോകന യോഗത്തിൽ (വനിതാ കർഷകരുടെ പതിനൊന്ന് അംഗങ്ങൾ ഉൾപ്പെടെ) കോഴിയെ തിരികെ വാങ്ങുന്ന വില മുൻകൂട്ടി നിശ്ചയിക്കുന്നു.
- രേഖകളെല്ലാം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.
- ഇറച്ചി വിൽപ്പനയ്ക്കായി ഭോപ്പാലിൽ 8 റീട്ടെൽ ചിക്കൻ ഷോപ്പുകൾ (Sukhtawa Chicken എന്ന പേരിൽ) നടത്തി. ഉപഭോക്താക്കൾക്കു മുൻപിൽ വച്ച് യന്ത്രസഹായത്തോടെ വൃത്തിയായി സംസ്ക്കരിച്ച് ഇറച്ചി നൽകുന്നു.
- കുടുംബാംഗങ്ങളുടേയും കോഴികളുടേയും ആരോഗ്യ പരിരക്ഷയ്ക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നു.
- വ്യക്തിശുചിത്വം പാലിക്കുവാനുള്ള നിർദ്ദേശങ്ങൾ
- കുട്ടികളെ ഫാമിനുള്ളിൽ പ്രവേശിപ്പിക്കുവാൻ പാടില്ല



- ഒരു ഫാമിലുള്ളവർ മറ്റു ഫാമിൽ പോകാൻ പാടില്ല
- ഷെഡിനു പുറത്തു പാദം മുക്കുവാൻ അണുനാശിനി ചേർത്ത വെള്ളം ഉപയോഗിക്കണം.

കെസ്‌ല പദ്ധതിയിൽ അംഗങ്ങളുടെ കൂടി പങ്കാളിത്തമുള്ള കമ്മിറ്റി കോഴിയുടെ വില മുൻകൂട്ടി നിശ്ചയിച്ചതിനാൽ വിപണിയിലെ വില വ്യതിയാനം കർഷകരെ ബാധിക്കുന്നില്ല. ഗുണമേന്മയുള്ള കുഞ്ഞ്, ലിറ്റർ, തീറ്റ, മരുന്ന്, വാക്സിൻ എന്നിവ സൂപ്പർവൈസർമാർ ഫാമിലെത്തിക്കുന്നതും ആഴ്ചയിലൊരിക്കൽ ഫാമിലെത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ എഴുതി സൂക്ഷിക്കുകയും ആറാഴ്ച പ്രായത്തിൽ ഫാമിലെത്തി കോഴിയെ തിരികെ വാങ്ങുകയും ചെയ്യുന്നതിനാൽ സ്ത്രീകൾക്കു ഉല്പാദനത്തിൽ മാത്രം ശ്രദ്ധിച്ച് ആശങ്കകളില്ലാതെ സ്ഥിരവരുമാനം ലഭ്യമാക്കിയ തൊഴിൽ മേഖലയാക്കാൻ കഴിഞ്ഞു എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. ■

*ലേഖിക തിരുവനന്തപുരം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ അസിസ്റ്റന്റ് ഡയറക്ടറാണ്.*
*ഫോൺ: 9847780828*





# ക്ഷീരകർഷകരെ സഹായിക്കാം

ഡോ. മരിയ ലിസ മാത്യു

നാട്ടിൽ പാലു കുടിക്കുന്നവരുടെ എണ്ണം അനുദിനം കൂടുമ്പോൾ പശുവളർത്തുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കുന്നു.

പാല് സമീകൃത ആഹാരമാണ്. പോഷകസമൃദ്ധവും. അത് ഉണ്ടാക്കിയെടുക്കാനുള്ള കഷ്ടപ്പാടും ചില്ലറയല്ല. മൂല്യം കണക്കിലെടുത്താൽ ഒരു ലിറ്റർ പാലിന് 50 രൂപയെങ്കിലും കിട്ടേണ്ടതാണ്. പക്ഷേ കേരളത്തിലെ പാലുപയോഗിക്കുന്ന മൃഗീയ ഭൂരിപക്ഷത്തിന്റെ സംഘടിതശക്തിക്കു മുമ്പിൽ പശുവളർത്തുന്നവർ മിണ്ടാട്ടം മുട്ടിയ നിസാര ന്യൂനപക്ഷം.

അതിരാവിലെ മൂന്നുമണിക്കുണർന്നു തൊഴുത്തിൽ കഷ്ടപ്പെടുന്ന ക്ഷീരകർഷകന്റെ നൊമ്പരങ്ങൾ സ്ക്കൂളടച്ചാലുടൻ ഭാര്യയേയും പിള്ളേരേയും പെറുക്കിക്കെട്ടി ടൂറു പോകുന്ന മലയാളിക്കു മനസ്സിലാകില്ല. ക്ഷീരകർഷകനു ടൂറില്ല, മഴയില്ല, വെയിലില്ല, മഞ്ഞില്ല, ആഘോഷങ്ങളില്ല എന്നും കുന്നും പശുക്കളോടൊപ്പം.

എന്തുകൊണ്ടു ക്ഷീര കർഷകൻ രംഗം വിടുന്നു. ചെറുപ്പക്കാരെ ഈ മേഖലയിലേക്കാകർഷിക്കാൻ എന്താണുപായം?

ഒരു ചർച്ചയോ, സെമിനാറോ, കിസ്സാൻ ഗോസ്തിയോ (ആത്മ) നടത്താതെ തന്നെ കാരണം ഏവർക്കും അറിയാം. പകൽപോലെ വ്യക്തം. പശു വളർത്തുന്ന കർഷകന് വരവു ചിലവു കൂട്ടിമുട്ടിക്കാനാവുന്നില്ല. തെളിച്ചു പറഞ്ഞാൽ ലാഭകരമല്ല. പാൽ സ്വന്തമായി വിറ്റഴിക്കുന്നവർക്കും പാലിൽ നിന്നു മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്യുന്നവർക്കും പിടിച്ചു നില്ക്കാം. നഷ്ടം സഹിച്ച് ഒരു മേഖലയിലും ആരേയും പിടിച്ചു നിർത്താനാവില്ല. ബോധവൽക്കരണ സെമിനാറുകൾ എത്ര നടത്തിയാലും ഫലമില്ല. സത്യത്തിൽ നല്ല ബോധമുള്ളവരാണ് കർഷകർ. പശുവിനെ എങ്ങനെ വളർത്തണമെന്നും വളർച്ചയുടെ ഓരോ ഘട്ടത്തിലും നൽ കേണ്ട കാലിത്തീറ്റയുടെ അളവും ഇങ്ങോട്ടു പഠിപ്പിക്കാൻ കഴിവുള്ളവർ.

മൃഗസംരക്ഷണ മേഖലയിൽ 32 വർഷത്തെ പ്രവർത്തി പരിചയവും അതിൽ രണ്ടരവർഷം കേരളത്തിന്റെ പാലറയായ പാലക്കാടു ജില്ലയിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറായി ജോലി ചെയ്തത്തിന്റെ അനുഭവവും വച്ചു പറയട്ടെ. പാൽ വില കൂട്ടാതെയും ഒരു കുഞ്ഞു ക്ടാവിനെപ്പോലും അന്യ സംസ്ഥാനത്തുനിന്നു കൊണ്ടുവരാതെയും ഇവിടെ പാലുല്പാദനവും മാംസോല്പാദനവും കൂട്ടാം.

കേരളത്തിൽ ജനിക്കുന്ന എല്ലാ പശുക്കിടാങ്ങളേയും മൂരിക്കിടാങ്ങളേയും കിടാരികളേയും പശുക്കളേയും എരുമകളേയും തീറ്റിപ്പോറ്റാൻ അധികൃതരിൽ നിന്നും ഒരു കൈ സഹായം. അതുമാത്രം മതി. വ്യാജന്മാർ പുറത്താകും. ശരിയായ ക്ഷീരകർഷകനു സഹായം ലഭിക്കും. അന്യസംസ്ഥാനത്തുനിന്നു കൊണ്ടുവരുന്നതിന്റെ ബുദ്ധിമുട്ടും പണച്ചിലവും ആഘാതവും ഒഴിവാക്കുകയും ചെയ്യാം.

## ക്ഷീരകർഷക സൗഹൃദ പദ്ധതികൾ

### കന്നുകുട്ടി പരിപാലന പദ്ധതി

ഇതു വർഷങ്ങളായി മൃഗസംരക്ഷണ വകുപ്പു വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്. ഭൂരിഭാഗം പഞ്ചായത്തുകളും നെഞ്ചിലേറ്റിയ പദ്ധതി. 4–6 മാസം പ്രായമുള്ള ക്ടാക്കൾക്കു പ്രസവിക്കുന്നതുവരെയോ അല്ലെങ്കിൽ 32 മാസം വരെയോ പകുതി വിലയ്ക്ക് കാലിത്തീറ്റ നൽകുന്ന പദ്ധതി. ഇവിടെ ജനിക്കുന്ന ആരോഗ്യമുള്ള എല്ലാ ക്ടാക്കളേയും പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ, ഓർക്കുക ഇന്നത്തെ ക്ടാവു നാളത്തെ പശുവാകും.

### മൂരിക്കിടാവു വളർത്തൽ പദ്ധതി

ജനിക്കുന്ന ക്ടാക്കളിൽ പകുതി മൂരിക്കിടാങ്ങളാണ് (അത് പ്രകൃതി നിയമം). ഇവയെ പാലുകുടിപ്പിച്ച്, കാലിത്തീറ്റ നൽകി പോറ്റാൻ കർഷകർക്കു നിവൃത്തിയില്ല. 4–6 മാസം പ്രായമുള്ള മൂരിക്കിടാങ്ങളെ ഒരുവർഷം പകുതി വിലയ്ക്കു കാലിത്തീറ്റ നൽകി വളർത്തുന്ന പദ്ധതി, കേരളത്തിലാദ്യമായി പരീക്ഷിച്ചതു പാലക്കാടു ജില്ലയിലാണ്. (രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ). ഒന്നര വയസ്സായപ്പോൾ ഈ ക്ടാക്കൾക്ക് 150–180 കി.ഗ്രാം തൂക്കം വച്ചു. പോത്തു കുട്ടികളേയും ഇങ്ങനെ വളർത്താം. അതീവ രുചികരമായ ഇളം മാട്ടിറച്ചി മൂല്യവർദ്ധിത ഉല്പ്പന്നമാക്കി മാർക്കറ്റിലെത്തിച്ചാൽ ലാഭം പതിന്മടങ്ങാകും.

### കിടാരി വന്ധ്യതാ നിവാരണ പദ്ധതി

പലപ്പോഴും നമ്മുടെ ഒന്നാന്തരം കിടാരികൾ 4–5 വയസ്സായിട്ടും ഗർഭം ധരിക്കാതെ കശാപ്പുശാലകളിൽ എത്തുന്നതിന്റെ പ്രധാന കാരണം വന്ധ്യതയാണ്. 80 ശതമാനം വന്ധ്യതയ്ക്കും കാരണം വളർച്ച മുരടിപ്പും വിറ്റാമിൻ ധാതുലവണ കമ്മിയുമാണെന്നു ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു. 2 മുതൽ $3^1/_2$ വയസ്സുവരെ പ്രായമുള്ള മറ്റു വന്ധ്യതാ പ്രശ്നങ്ങളില്ലാത്ത കിടാരികളെ ഗർഭം ധരിക്കുന്നതുവരേയോ പരമാവധി 10 മാസമോ പകുതി വിലയ്ക്ക് 2 കിലോകാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകിയാൽ പോഷണക്കുറവു മൂലമുണ്ടാകുന്ന വന്ധ്യതയ്ക്ക് പരിഹാരമാകും. രാഷ്ട്രീയകൃഷി വികാസ് യോജന പ്രകാരം പാലക്കാടു ജില്ല കഴിഞ്ഞ വർഷം ഈ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

### കറവപ്പശു/എരുമ പോഷണ പദ്ധതി

കറവപ്പശുക്കൾക്കും എരുമകൾക്കും പ്രസവിച്ച ആദ്യമാസം മുതൽ 10 മാസം പകുതിവിലയ്ക്ക് 3 കിലോ കാലിത്തീറ്റ നൽകുന്ന പദ്ധതി. പാലുല്പാദനം കൂട്ടും, കറവപ്പശുക്കൾ പെട്ടെന്നു മദിലക്ഷണം കാണിക്കും, ഗർഭം ധരിക്കും. പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) പ്രകാരവും വിദർഭ പദ്ധതി പ്രകാരവും രാഷ്ട്രീയ കൃഷി വികാസ് യോജനപ്രകാരവും പാലക്കാടു ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണിത്. കൂടുതൽ പശുക്കളെ വളർത്തുന്നവർ, കൂടുതൽ പാലുല്പാദിക്കുന്ന പശുക്കളുടെ ഉടമകൾ എന്നിവർക്കു മുൻഗണന നൽകണം.

### കറവപ്പശു, എരുമ വറ്റുകാല സംരക്ഷണപദ്ധതി

പശുക്കൾക്കും എരുമകൾക്കും വറ്റുകാലത്ത് ഏറ്റവും മികച്ച പോഷണം ലഭിക്കണം. ആദായം ലഭിക്കാത്ത വറ്റുകാലത്ത് കാലിത്തീറ്റ നൽകാൻ പലപ്പോഴും കർഷകർക്കു സാധിക്കാറില്ല. (അറിവില്ലാഞ്ഞിട്ടല്ല, പണമില്ലാഞ്ഞിട്ട്) ഗർഭത്തിന്റെ അവസാന 100 ദിവസം രണ്ടു കിലോ കാലിത്തീറ്റ പകുതി വിലയ്ക്കു നൽകുന്ന പദ്ധതി നടപ്പിലാക്കിയാൽ പാലുല്പാദനത്തിൽ വൻ കുതിച്ചുചാട്ടമുണ്ടാകും.

പാലക്കാടു ജില്ലയിൽ 2009–10 വർഷത്തിൽ വിദർഭ പദ്ധതി പ്രകാരം ജില്ലയിലെ മുപ്പതിനായിരം പശുക്കൾക്കു ഗർഭത്തിന്റെ അവസാന 100 ദിവസം ദിവസേന 1 കിലോ കാലിത്തീറ്റ സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി. ഈ പശുക്കൾ പ്രസവിച്ചപ്പോൾ ഓരോ പശുവിനും ശരാശരി 2 ലിറ്റർ പാലുല്പാദന വർദ്ധനവ് (മുൻ പ്രസവത്തെ അപേക്ഷിച്ച്) രേഖപ്പെടുത്തി. മാത്രമല്ല ഈ പശുക്കൾക്കു ജനിച്ച ക്ടാക്കൾ മികച്ച ജനന തൂക്കവും ആരോഗ്യവും ഉള്ളതായി കണ്ടു. കർഷകർക്ക് ഏറെ താല്പര്യവും പ്രയോജനവും കിട്ടിയ പദ്ധതിയാണിത്.



പശുക്കൾക്കും എരുമകൾക്കും വറ്റുകാലത്ത് ഏറ്റവും മികച്ച പോഷണം ലഭിക്കണം. ആദായം ലഭിക്കാത്ത വറ്റുകാലത്ത് കാലിത്തീറ്റ നൽകാൻ പലപ്പോഴും കർഷകർക്ക് സാധിക്കാറില്ല. ഗർഭത്തിന്റെ അവസാന 100 ദിവസം രണ്ടുകിലോ കാലിത്തീറ്റ പകുതി വിലയ്ക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കിയാൽ പാലുല്പാദനത്തിൽ വൻ കുതിച്ചുചാട്ടമുണ്ടാകും.

### തൊഴിലുറപ്പു പദ്ധതി വഴി തീറ്റപ്പുൽകൃഷി

തൊഴിലുറപ്പു പദ്ധതിയെ ഫലപ്രദമായി മൃഗസംരക്ഷണമേഖലയിൽ പ്രയോജനപ്പെടുത്താം. വഴിയായ വഴിയെല്ലാം പുല്ലും കളയും ചെത്തി വൃത്തിയാക്കുന്ന തൊഴിലാണല്ലോ ഇപ്പോൾ പ്രധാനമായും നടത്തുന്നത്. നമ്മുടെ വഴിയോരങ്ങൾ വൃത്തിയാക്കുന്നതു നല്ലതുതന്നെ. പക്ഷേ തൊഴിലുറപ്പുകാരികൾ പോകുന്നതിന്റെ പുറകെ കളയും പുല്ലും വീണ്ടും കിളിക്കും, വളരും, കാടാകും. സർക്കാരിന്റെയും, പഞ്ചായത്തിന്റെയും റോഡരികുകളിൽ കാടുപിടിച്ചു കിടക്കുന്ന സർക്കാർ ഓഫീസ് പരിസരങ്ങളിലും തൊഴിലുറപ്പു പദ്ധതിപ്രകാരം സി.ഒ. 3 പോലുള്ള കുറ്റിച്ചു നില്ക്കുന്ന തീറ്റപ്പുല്ലു നട്ടു പിടിപ്പിക്കാം. ഇത് വിളവെടുത്ത് കർഷകർക്കു നൽകാം. തീറ്റച്ചെലവിന്റെ നല്ലൊരു ഭാഗം തീറ്റപ്പുല്ലു നൽകി നികത്താം. യഥേഷ്ടം തീറ്റപ്പുല്ലു ലഭിച്ചാൽ പശുക്കൾക്കു നല്ല രോഗപ്രതിരോധ ശേഷിയുണ്ടാകും. റോഡരുകുകളിൽ തീറ്റപ്പുല്ലു വച്ചുപിടിപ്പിക്കാൻ ഗ്രാമപഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും മിൽമയും കെ.എൽ.ഡി. ബോർഡും ക്ഷീരസംഘങ്ങളും കുടുംബശ്രീയും കൈകോർത്താൽ മതി. പച്ചവിരിച്ച നെൽപ്പാടങ്ങൾക്കു വംശനാശം സംഭവിച്ചിരിക്കുന്നു. (റോഡിനിരുവശവും നെൽപ്പാടങ്ങൾ കാണാൻ പാലക്കാട് വരണം.) കേരളമെമ്പാടും പച്ച. റോഡിനിരുവശവും പച്ച വിരിച്ച പുൽപ്പാടങ്ങൾ....ഭാവനയിലൊന്നു കണ്ടു നോക്കൂ. അതൊരു ടൂറിസ്റ്റ് ആകർഷണം കൂടിയാകും. പഞ്ചായത്തിന്റെയും തൊഴിലുറപ്പുകാരുടെയും സഹകരണത്തോടെ പാലക്കാടു ജില്ലയിലെ മൃഗാശുപത്രി പരിസരങ്ങളിൽ മാതൃകാ തീറ്റപ്പുൽ കൃഷി പ്ലോട്ടുകൾ ഉണ്ടാക്കുകയും കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യുന്നുണ്ട്. ■

*ലേഖിക പാലക്കാട് ജില്ലാ മുൻ മൃഗസംരക്ഷണ ആഫീസറാണ്.*



# വർഷകാലത്തെ കാലിവളർത്തൽ

ഡോ. എൻ. ശുദ്ധോദനൻ

കാലവർഷം കാലിവളർത്തുകാർക്ക് കഷ്ടകാലമാണ്. ആർത്തലച്ചുപെയ്യുന്ന മഴയിൽ കന്നുകാലികളെ മേയാൻ പുറത്തുവിടാൻ കഴിയില്ല. വെള്ളം കെട്ടിനില്ക്കുന്ന പാടവരമ്പത്തും പറമ്പിലും പുല്ലരിയുവാൻ പോകുന്നതും വളരെ വിഷമകരം തന്നെ. പഞ്ചായത്തുകളുടെ പദ്ധതിപ്രകാരവും വിവിധ വകുപ്പുകളുടെ പദ്ധതിപ്രകാരവും ബാങ്കുകളിൽ നിന്നും ലോണെടുത്ത് ഒരു പശു, രണ്ടു പശു വാങ്ങി കാലിവളർത്തു തുടങ്ങിയ ചെറുകിട ക്ഷീരകർഷകർക്കാണു കൂടുതൽ പ്രയാസം. അല്പം ശ്രദ്ധ കുറഞ്ഞു പോയാൽ, തൊഴുത്തിൽ വൃത്തികുറഞ്ഞു പോയാൽ അസുഖങ്ങൾ ബാധിച്ച് പശുക്കൾ ചത്തുപോകാനും ഇടയുണ്ട്. അല്പം ശ്രദ്ധിച്ചാൽ നഷ്ടം ഒഴിവാക്കാം.

### വർഷകാലത്തെ തൊഴുത്ത് സംരക്ഷണം

ചോർന്നൊലിക്കുന്ന കാലിതൊഴുത്തുകൾക്കു മേലെ ഫ്ളക്സ് ഷീറ്റുകൾ പുതപ്പായി വിരിച്ച്, നെടുകെയും കുറുകെയും കയർ വരിഞ്ഞു കെട്ടിയാൽ തൊഴുത്തിനകത്തേക്കു മഴവെള്ളം ഇറങ്ങാതെ സൂക്ഷിക്കാം. എല്ലാ പരസ്യകമ്പനികളിലും മീറ്ററിനു 2 രൂപ നിരക്കിൽ ഉപയോഗം കഴിഞ്ഞ ഫ്ളക്സ് ഷീറ്റുകൾ വിലയ്ക്കു കിട്ടും.

ഇറവെള്ളം തെറിച്ചുവീണു തൊഴുത്തിനകം നനയാതിരിക്കുവാനായി പി.വി.സി കുഴൽ രണ്ടായി പിളർന്നതു മേൽക്കൂരയുടെ അരികിൽ പാത്തിയായി പിടിപ്പിച്ചാൽ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഒന്നായി പാത്തിയിലൂടെ ഒഴുകി മഴക്കുഴിയിലേക്കോ, മഴവെള്ള സംഭരണിയിലേക്കോ പൊയ്ക്കൊള്ളും. തൊഴുത്തും പരിസരവും ചെളിമടയായി മാറാതെ സൂക്ഷിക്കുകയും ചെയ്യാം.

കാറ്റടിച്ച് തൊഴുത്തിനകത്തേക്കു മഴവെള്ളം തെറിച്ചു വീണു നനയാതിരിക്കുന്നതിനു പ്ലാസ്റ്റിക് ഷീറ്റ്, ഫ്ളെക്സ് ഷീറ്റ്, കാലിതീറ്റ ചാക്ക് കൂട്ടിതുന്നിയത് ഇവയിലേതെങ്കിലും ഒന്ന് കർട്ടൻ പോലെ കെട്ടി കൊടുത്താൽ മതിയാകും. വെയിൽ കണ്ടാൽ കർട്ടൻ ചുരുട്ടി മുകളിൽ കെട്ടിവെക്കുന്നതോടെ തൊഴുത്തിനകം ഈർപ്പരഹിതമാകുകയും ചെയ്യും. മഴക്കാലത്ത് തൊഴുത്തിനകത്തുതന്നെ ദിവസം മുഴുവൻ കെട്ടിയിട്ടിരിക്കുന്ന കന്നുകാലികൾക്ക് ഈച്ച, കൊതുക്, ചോര കുടിക്കുന്ന പ്രാണികൾ എന്നിവയിൽ നിന്നും ഉപദ്രവം ഒഴിവാക്കുന്നതിന് എളുപ്പ വഴികളുണ്ട്. പശു തൊഴുത്തിൽ പുകയിടുകയോ മൺചട്ടിയിൽ ചകിരി കത്തിച്ച് അതിനുമുകളിൽ ശീമക്കൊന്നയില ഇട്ട് പുകയ്ക്കുകയോ ചെയ്താൽ ചോരകുടിക്കുന്ന എല്ലാ കീടങ്ങളും തൊഴുത്തിൽ നിന്നും പാലായനം ചെയ്യും. പശുക്കളുടെ ദേഹത്ത് പച്ചകർപ്പൂരം വേപ്പെണ്ണ ഇവയുടെ മിശ്രിതം പുരട്ടുന്നതും ചോരകുടിക്കുന്ന പ്രാണികളെ തടയുവാൻ വളരെ ഉപകാരപ്പെടും.








മഴക്കാലത്ത് പശുക്കൾക്കു പഴകിയതും പൂപ്പൽ പിടിച്ചതുമായ ആഹാര സാധനങ്ങൾ നല്കുന്നതു പൂപ്പൽ വിഷബാധയേൽക്കുന്നതിന് ഇടയാക്കും. കഠിനമായ വയറിളക്കം, പനി, വിശപ്പില്ലായ്മ തുടങ്ങിയ ലക്ഷണങ്ങൾ പശുക്കൾ കാണിക്കുന്നതിനും ചത്തുപോകുന്നതിനും ഇടയാക്കും. മഴയിൽ അളിഞ്ഞുപോയ വൈക്കോൽ, പൂപ്പൽ പിടിച്ച കടലപ്പിണ്ണാക്ക്, മഴയേറ്റ് അളിഞ്ഞ ചക്ക തുടങ്ങിയവയാണ് ഇക്കാലത്തെ വില്ലന്മാർ. കാലിത്തീറ്റ ചാക്ക് നിലത്തുവെയ്ക്കുന്നതിനു പകരം ഒരു മരപലകയിൽ വെയ്ക്കുന്നതു നിലത്തുനിന്നും ഈർപ്പം കടക്കുന്നതിനെ തടയുവാൻ നല്ലൊരു മാർഗ്ഗമാണ്.

നനഞ്ഞ പച്ചപ്പുല്ലു മാത്രം നല്കുന്നതു പശുക്കൾക്കു കഠിനമായ വയറിളക്കം ഉണ്ടാകുന്നതിനു കാരണമാണ്. പുൽക്കെട്ട് അഴിച്ചു പരത്തിയിട്ട് വെള്ളം ചോർന്നതിനുശേഷം നല്കണം. പുല്ലിനൊപ്പം ഉണങ്ങിയ വയ്ക്കോൽ കലർത്തി നല്കുന്നതു കാലവർഷത്തെ വയറിളക്കം തടയുന്നതിനു പ്രയോജനകരമാണ്.

പുറത്തു പോകാതെ നില്ക്കുന്ന പശുക്കൾക്ക് അരികഞ്ഞി ഭക്ഷണമായി നല്കുന്നത് ശരീരത്തിന്റെ ഊഷ്മാവു നിലനിർത്തുന്നതിനും 'കീറ്റോസിസ്' എന്ന രോഗം വരാതെ സംരക്ഷിക്കുന്നതിനും പാൽ കൂടുന്നതിനും പ്രയോജനപ്രദമാണ്. കഞ്ഞിയിൽ 50 ഗ്രാം അപ്പക്കാരം അഥവാ കാസ്റ്റിക് സോഡാപ്പൊടി കലർത്തി നല്കുന്നതു വളരെ പ്രയോജനപ്രദമാണ്.

തൊഴുത്തിൽ, നിലം വൃത്തിയായി സൂക്ഷിക്കുന്നത് 'അകിടുവീക്കം' പോലെയുള്ള വർഷകാല രോഗം വരാതെ സൂക്ഷിക്കുന്നതിന് ഉപകാരപ്പെടും. ചാണകം വിസ്സർജ്ജിക്കുന്നത് അപ്പപ്പോൾ തന്നെ കോരിമാറ്റുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. കെട്ടിക്കിടക്കുന്ന ചാണകവും മൂത്രവും കലർന്ന കുഴമ്പിൽ അകിടു മുങ്ങി കിടക്കുമ്പോൾ, മുലകാമ്പിൽ കൂടി ഉള്ളിൽ കടക്കുന്ന അണുക്കളാണ് അകിടുവീക്കമുണ്ടാകുന്നതിനു പ്രധാനകാരണം. മഴക്കാലത്ത് പശുക്കളുടെ അകിടു പൊട്ടാസ്യം പെർമാംഗനേറ്റ് ലായനിയിൽ കഴുകുന്നത് അണുനശീകരണത്തിനു നല്ലൊരു മാർഗ്ഗമാണ്.

തൊഴുത്തിന്റെ നിലം ബ്ലീച്ചിംഗ് പൗഡർ, കുമ്മായം എന്നിവ വിതറി ഒരു മണിക്കൂറിനുശേഷം ഉരച്ചു കഴുകുന്നത് അണുനശീകരണത്തിനു മാത്രമല്ല, നിലത്ത് വഴുക്കൽ ഉണ്ടാകുന്നതു തടയുന്നതിനും ഉപകാരപ്രദമാണ്.



**പശു തൊഴുത്തിൽ പുകയിടുകയോ മൺചട്ടിയിൽ ചകിരി കത്തിച്ച് അതിനു മുകളിൽ ശീമക്കൊന്നയില ഇട്ട് പുകയ്ക്കുകയോ ചെയ്താൽ ചോരകുടിക്കുന്ന എല്ലാ കീടങ്ങളും തൊഴുത്തിൽ നിന്നും പാലായനം ചെയ്യും. പശുക്കളുടെ ദേഹത്ത് പച്ചകർപ്പൂരം വേപ്പെണ്ണ ഇവയുടെ മിശ്രിതം പുരട്ടുന്നതും ചോരകുടിക്കുന്ന പ്രാണികളെ തടയുവാൻ വളരെ ഉപകാരപ്പെടും.**

മഴക്കാലത്ത് പശുക്കളുടെ ദേഹത്തുണ്ടാകുന്ന മുറിവുകൾ, പശുക്കുട്ടികളുടെ പൊക്കിൾക്കൊടി എന്നിവ പഴുത്ത് പുഴുക്കൾ നിറയുന്നതിനു സാധ്യതയുണ്ട്. ഈച്ചകളുടെ ബ്രീഡിംഗ് സീസണായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. മുറിവിൽ ഈച്ചകൾ മുട്ടയിടുന്നതു വിരിഞ്ഞാണ് പുഴുക്കൾ നിറയുന്നത്. ഇതു തടയുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം മുറിവിൽ വേപ്പെണ്ണ പുരട്ടുക, ആത്തയില അരച്ചു കുഴമ്പാക്കി പുരട്ടുക എന്നിവയാണ്.

പാൽ കറവയിലും മഴക്കാലത്ത് ശ്രദ്ധ വേണം. കറക്കുവാൻ ഉപയോഗിക്കുന്ന പാൽപാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകി വായഭാഗം താഴേക്കു തിരിച്ചു വെയ്ക്കണം. പാൽ പാത്രത്തിന്റെ ചുവട് ഉണങ്ങിയില്ലെങ്കിൽ ബാക്ടീരിയ പെരുകി, കറന്നെടുക്കുന്ന പാൽ പെട്ടെന്ന് കേടുവരുന്നതിനും തൈര്, മോര് ഇവയ്ക്ക് രുചി കുറവിനും ദുർഗന്ധം ഉണ്ടാകുന്നതിനും ഇടയാക്കും. കറന്നു കഴിഞ്ഞിട്ട് പശുക്കൾ അരമണിക്കൂറെങ്കിലും നിലത്തുകിടക്കുന്നത് ഒഴിവാക്കണം; മുലകാമ്പിന്റെ അഗ്രഭാഗത്തെ ദ്വാരം അടയുന്നതു വൈകുമെന്നതിനാൽ നിലത്തുനിന്നും അണുക്കൾ മുലകാമ്പിനുള്ളിലേക്ക് പ്രവേശിക്കുന്നത് തടയുവാൻ ഇതുവഴി സാധിക്കും.

മഴക്കാലം പനിക്കാലമായതിനാൽ കറവ സമയത്ത് കറവക്കാരന് കൊതുകുകടിയേറ്റ് ചിക്കുൻഗുനിയ പോലെയുള്ള രോഗങ്ങൾ പകരാതിരിക്കുവാൻ എളുപ്പ വഴികളുണ്ട്. മഴക്കോട്ടുപോലെയുള്ള പ്ലാസ്റ്റിക് കുപ്പായം, റബ്ബർ ഗംബൂട്ട് ഇവ ധരിച്ചുകൊണ്ടു തൊഴുത്തിൽ പ്രവേശിക്കുക.



കാലികൾക്കും കാലി കർഷകർക്കും മഴക്കാലം കഷ്ടകാലമാണെങ്കിലും മുപ്പതു ശതമാനത്തോളം പാൽ ഉൽപ്പാദനം വർധിക്കുമെന്നതിനാൽ ഇതു വരുമാനവർധന കാലം കൂടിയാണ്. ■

*ലേഖകൻ സീനിയർ വെറ്റിനറി സർജ്ജനാണ്.*



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 16

# സാംഖ്യ-ഡബിൾ എൻട്രി അക്കൗണ്ടിംഗ് അടിയന്തര കടമകൾ

പുതിയ സമ്പ്രദായവും നടപടിക്രമവുമാണ് ത്രിതല പഞ്ചായത്തുകളുടെ അക്കൗണ്ടിംഗിൽ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിലവിൽ വരുന്നത്. താഴെ പറയുന്നവയാണവ:

1. അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾഎൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം;
2. 'സാംഖ്യ' ഡബിൾ എൻട്രി അക്കൗണ്ടിംഗ് സോഫറ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള കംപ്യൂട്ടർവൽക്കൃത അക്കൗണ്ടിംഗ് നടപടിക്രമം.

ഇതുമായി ബന്ധപ്പെട്ട് രണ്ട് ഉത്തരവുകളും അക്കൗണ്ട്സ് ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചു കഴിഞ്ഞു.

### പുതിയ ഉത്തരവുകളും ചട്ടങ്ങളും

താഴെ പറയുന്നവയാണ് പുതിയ ഉത്തരവുകളും ചട്ടങ്ങളും:

1. 2010 ഡിസംബർ 23ലെ ജിഒ(എം.എസ്) 308/2010/എൽഎസ്ജിഡി നമ്പർ സർക്കാർ ഉത്തരവ്.
2. 2011 മാർച്ച് 28ലെ ജിഒ (എം.എസ്) 83/11 എൽഎസ്ജിഡി നമ്പരായി പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 2011 ഏപ്രിൽ 6ന്റെ 865-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 266/2011 ആയി പ്രസിദ്ധപ്പെടുത്തിയ 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ.
3. 2011 ജൂലൈ 6ലെ ജിഒ(എംഎസ്) 128/2011/എൽഎസ്ജിഡി നമ്പർ സർക്കാർ ഉത്തരവ്.

മേൽപ്പറഞ്ഞ ഉത്തരവുകളും ചട്ടങ്ങളും www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇവ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും സൂക്ഷിക്കുന്നത് ഉപകാരപ്രദമായിരിക്കും. മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും ഓഡിറ്റ് ഉദ്യോഗസ്ഥർക്കും ഇവ സഹായകമായിരിക്കും.

### 'സാംഖ്യ' ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ്

23.12.2010ലെ ഉത്തരവിലെ താഴെപറയുന്ന നിർദ്ദേശങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു:

1. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ചു മാത്രമേ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അക്കൗണ്ടിംഗ് നിർവഹിക്കാവൂ. അതുപോലെ, പ്ലാൻ മോണിറ്ററിംഗ് നിർവഹിക്കുന്നത് സുലേഖ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ചായിരിക്കണം.
2. ത്രിതല പഞ്ചായത്തുകളിൽ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ സാംഖ്യ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ നിർബന്ധമാണ്.
3. എല്ലാ രജിസ്റ്ററുകളും രേഖകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നത് സാംഖ്യ, സുലേഖ എന്നീ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് കംപ്യൂട്ടറിൽ ആയിരിക്കണം.
4. സാംഖ്യയിലും സുലേഖയിലും നിന്നു ലഭിക്കുന്ന കംപ്യൂട്ടർവൽക്കൃത റിപ്പോർട്ടുകൾക്കു പകരമായി കൈക്കൊണ്ടെഴുതിയ റിപ്പോർട്ടുകൾ തയ്യാറാക്കരുത്.

### അക്കൗണ്ട്സ് ചട്ടങ്ങൾ

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചില പ്രധാന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ചട്ടങ്ങൾ 2011 ഏപ്രിൽ 1 മുതൽ നിലവിൽ വരും.
2. പഞ്ചായത്തുകളുടെ അക്കൗണ്ട് ഡബിൾഎൻട്രിയിൽ അക്രൂവൽ സമ്പ്രദായത്തിൽ ആയിരിക്കും.
3. പ്രധാന അക്കൗണ്ട് ബുക്കുകളും സഹായക രേഖകളും താഴെപ്പറയുന്നവയാണ്:
   - i. കാഷ്ബുക്ക്
   - ii. ബാങ്ക് ബുക്ക്
   - iii. ജേണൽ ബുക്ക്
   - iv. ജനറൽ ലെഡ്ജർ, സബ് ലെഡ്ജർ
   - v. വൗച്ചറുകൾ
4. താഴെപ്പറയുന്നവയായിരിക്കും പ്രധാന ധനകാര്യപത്രികകൾ.
   - i. ബാലൻസ് ഷീറ്റ്
   - ii. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
   - iii. റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
5. അടുത്ത മാസം 10-ാം തീയതിക്കു മുമ്പായി പ്രതിമാസ റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് സെക്രട്ടറി ധനകാര്യ സ്റ്റാൻഡിംഗ് സമിതിക്കു സമർപ്പിക്കണം.
6. അടുത്തവർഷം മേയ് 15-ാം തീയതിക്കുമുമ്പായി പഞ്ചായത്ത് അംഗീകരിച്ച വാർഷിക ധനകാര്യ പത്രിക ഓഡിറ്റിനു സമർപ്പിക്കണം.
7. അടുത്തവർഷം ഒക്ടോബർ 31നു മുമ്പായി ഓഡിറ്റർ ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണം.
8. ഓരോ ദിനാന്ത്യത്തിലും കാഷ് ബുക്കിന്റെയും ബാങ്ക് ബുക്കുകളുടെയും പ്രിന്റ് ഔട്ട് ഒത്തുനോക്കി, സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.
9. ഈ ചട്ടങ്ങളിലെ ചട്ടങ്ങളാൽ സിദ്ധിച്ച അധികാരപ്രകാരമോ നിർദ്ദേശിച്ച ഫോറങ്ങളിലും ഫോർമാറ്റുകളിലും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായി മാറ്റം വരുത്തേണ്ടതാണ്.

### അടിയന്തര കടമകൾ, ചുമതലകൾ, മേൽനോട്ടം

അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കംപ്യൂട്ടർവൽക്കൃതമായി സാംഖ്യ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറി, അക്കൗണ്ടന്റ്, കാഷിയർ, ക്ലാർക്കുമാർ, ഹെഡ് ക്ലാർക്ക്, ഫൈനാൻസ് ഓഫീസർ എന്നിവർക്ക് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ഉള്ള ഉത്തരവാദിത്തം 2011 ജൂലൈ 6ന്റെ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമേ ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർ (ജനറൽ) എന്നിവരുടെ ഉത്തരവാദിത്വങ്ങളും നിർവചിച്ചിട്ടുണ്ട്. അവയിലേക്കു കടക്കുന്നതിനു മുമ്പായി സാംഖ്യ നടപ്പാക്കുന്നതിനു മുന്നോടിയായി അവശ്യം ആവശ്യമായ കാര്യങ്ങളും ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

> **അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കംപ്യൂട്ടർവൽക്കൃതമായി സാംഖ്യ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറി, അക്കൗണ്ടന്റ്, കാഷിയർ, ക്ലാർക്കുമാർ, ഹെഡ് ക്ലാർക്ക്, ഫൈനാൻസ് ഓഫീസർ എന്നിവർക്ക് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ഉള്ള ഉത്തരവാദിത്തം 2011 ജൂലൈ 6ന്റെ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമേ ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർ (ജനറൽ) എന്നിവരുടെ ഉത്തരവാദിത്വങ്ങളും നിർവചിച്ചിട്ടുണ്ട്.**

### പശ്ചാത്തല സൗകര്യം

താഴെപ്പറയുന്ന പശ്ചാത്തല സൗകര്യം ഉണ്ടെങ്കിൽ മാത്രമേ പഞ്ചായത്തിൽ സാംഖ്യ വിന്യസിക്കാനാവൂ.

1. പണവും ചെക്കും സ്വീകരിക്കാൻ ഫ്രണ്ട് ഓഫീസിൽ കംപ്യൂട്ടർ; രസീത് പ്രിന്റു ചെയ്തു നൽകാൻ 80കോളം ഡോട്മാട്രിക്സ് പ്രിന്റർ.
2. അക്കൗണ്ടന്റ് ജോലി നിർവഹിക്കാൻ കംപ്യൂട്ടർ, റിപ്പോർട്ടുകളുടെ പ്രിന്റ് ഔട്ട് എടുക്കാൻ ലേസർ പ്രിന്റർ.
3. സെക്രട്ടറിക്ക് അപ്രൂവൽ രേഖപ്പെടുത്താൻ കംപ്യൂട്ടർ.
4. വാടക, പിഴ, ഫീസ് തുടങ്ങിയവ ഡിമാൻഡ് ചെയ്യാൻ ഒരു കംപ്യൂട്ടർ.
5. മേൽപ്പറഞ്ഞ നാലു കംപ്യൂട്ടറുകളും ലോക്കൽ ഏരിയ നെറ്റ്വർക്ക് സംവിധാനം വഴി സെർവർ കമ്പ്യൂട്ടറുമായി നെറ്റ്വർക്ക് ചെയ്തിരിക്കണം.
6. 1 കെവിഎ ഉള്ള യുപിഎസ് എങ്കിലും ഉണ്ടായിരിക്കണം.

മേല്പറഞ്ഞ വിധത്തിലുള്ള അടിസ്ഥാന സൗകര്യം അടിയന്തരമായി ഒരുക്കാൻ എല്ലാ പഞ്ചായത്തുകളും നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റിന് നൽകുന്ന കംപ്യൂട്ടർ ബ്ലോക്ക് പഞ്ചായത്തുകളിൽ ഹെഡ് ക്ലർക്കിനും ജില്ലാ പഞ്ചായത്തുകളിൽ മറ്റൊരു ക്ലർക്കിനും ആയിരിക്കണം നൽകുന്നത്. ഡിമാന്റ് തയ്യാറാക്കാനും പേയ്മെന്റിനും (ഒരു ക്ലാർക്കിന് നൽകാൻ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ നിർദ്ദേശിച്ച) ഒരു കംപ്യൂട്ടർ ഐഎവൈ, എൻആർഇജിഎ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന ക്ലാർക്കിന് ബ്ലോക്ക് പഞ്ചായത്തിൽ നൽകണം. ജില്ലാ പഞ്ചായത്തുകളിൽ ഫൈനാൻസ് ഓഫീസർക്കും സൂപ്രണ്ടിനും കംപ്യൂട്ടർ നൽകണം.

കംപ്യൂട്ടറുകൾ ഉണ്ട്; ആവശ്യമായ നെറ്റ്വർക്ക് ഇല്ല എന്ന സ്ഥിതിയാണെങ്കിൽ നെറ്റ്വർക്കിംഗ് ചെയ്യിക്കാവുന്നതാണ്. ഇതിനാവശ്യമായ റേറ്റ് കോൺട്രാക്ട് നിലവിലുണ്ട്. ആവശ്യത്തിന് കംപ്യൂട്ടറുകളും പ്രിന്ററുകളും ഇല്ലെങ്കിൽ സർക്കാർ നിർദ്ദേശത്തിനു വിധേയമായി അവ വാങ്ങിക്കേണ്ടതാണ്.

ഇപ്രകാരം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അടിയന്തരമായി സജ്ജമാക്കി ഗ്രാമപഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ ഇൻഫർമേഷൻ കേരളമിഷനേയും ഡെപ്യൂട്ടിഡയറക്ടറേയും/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറേയും/ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറേയും വിവരം അടിയന്തരമായി അറിയിക്കേണ്ടതാണ്.

### സാംഖ്യ പ്രവർത്തനാരംഭം

പടിപടിയായിട്ടായിരിക്കും സാംഖ്യ വിന്യസിച്ചു പ്രവർത്തനം ആരംഭിക്കുന്നത്. നാലു കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സെർവറുമായി നെറ്റ്വർക്ക് ചെയ്ത് തയ്യാറായിട്ടുള്ള ഗ്രാമ/ബ്ലോക്ക് ജില്ലാപഞ്ചായത്തുകളിൽ ഉടൻതന്നെ സാംഖ്യ വിന്യസിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

### ഓപ്പണിംഗ് ബാലൻസ് ഷീറ്റ്

സാംഖ്യപ്രവർത്തനം ആരംഭിക്കുന്നതിന് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് ആവശ്യമാണ്. കാഷ് അടിസ്ഥാനത്തിൽനിന്ന് അക്രൂവൽ അടിസ്ഥാനത്തിലേക്കു മാറുമ്പോഴുള്ള ആരംഭബാലൻസ് ഷീറ്റാണ് ഓപ്പണിംഗ് ബാലൻസ് ഷീറ്റ്. 2011 മാർച്ച് 31ലേതാണ് ഇത്. എല്ലാ ആസ്തി-ബാദ്ധ്യതകളും ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിലും ആസ്തി രജിസ്റ്ററുകളിലെ ആസ്തികൾ അവയുടെ മൂല്യം സഹിതം ചേർക്കുന്നതിന് അല്പം കാലതാമസം വന്നേക്കുമെന്നതിനാൽ അവ തല്ക്കാലം മാറ്റിവെയ്ക്കാം. കാഷ്ബാലൻസുകളും ബാങ്ക്/ട്രഷറി ബാലൻസുകളും പ്രാരംഭമായി ഉൾപ്പെടുത്താം. ഇവ 31.03.2011 ലെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റിൽ ഉണ്ടായിരിക്കും. കാഷ് ബാലൻസിൽ ഉൾപ്പെടുത്തി കാഷ്ബുക്കിലും വാർഷിക ധനകാര്യ പത്രികയിലും കാണിച്ചിട്ടുള്ള ഇംപ്രസ്റ്റ്, ഫിക്സ്ഡ് ഡെപ്പോസിറ്റ്, സഹകരണ ബാങ്ക് ഷെയർ എന്നിവയോരോന്നും പ്രത്യേക ആസ്തിയാ



പഞ്ചായത്ത് രാജ്

**പട്ടിക 1**

<table>
<tr><td rowspan="2">➢ ജില്ലയിലെ പഞ്ചായത്തുകളിൽ സാംഖ്യ നടപ്പാക്കലും മോണിറ്ററിംഗും<br>➢ സെക്രട്ടറിമാർ, അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക്, ഐകെഎം ജില്ലാ ടെക്നിക്കൽ ഓഫീസർ, ഐകെ എം ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർ ഉൾപ്പെട്ട പ്രതിമാസ റിവ്യൂ മീറ്റിംഗുകൾ<br>➢ എല്ലാ മാസവും 10-ാം തീയതിക്കകം സാംഖ്യ നടപ്പാക്കിയതിന്റെ പുരോഗതിയും തത്സമയത്തെ സ്ഥിതിയും സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടർക്ക്/കമ്മീഷണർക്ക് സമർപ്പിക്കൽ</td><td>ഗ്രാമപഞ്ചായത്തുകൾ</td><td>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ബ്ലോക്ക് പഞ്ചായത്തുകൾ</td><td>അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)</td></tr>
</table>

യിട്ടാണ് ഉൾപ്പെടുത്തേണ്ടത്. ഇതിനുപുറമേ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം ലഭിക്കാനുള്ള വസ്തുനികുതി തുടങ്ങിയ തുകകൾ, നിർവ്വഹണ ഏജൻസികൾക്കും മറ്റും നൽകിയ അഡ്വാൻസുകൾ, വായ്പകൾ, ബാദ്ധ്യതയായി കാണിക്കേണ്ട ഡെപ്പോസിറ്റുകൾ, മാർച്ച് മാസത്തെ ശമ്പളത്തിൽ നിന്ന് ജീവനക്കാർക്ക് നൽകേണ്ട അറ്റതുക, അടച്ചു തീർക്കേണ്ട റിക്കവറികൾ, പെൻഷൻ കോൺട്രിബ്യൂഷൻ, ലൈബ്രറിസെസ് തുടങ്ങി അടച്ചു തീർക്കേണ്ട ബാദ്ധ്യതകൾ തുടങ്ങിയവ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ചേർക്കേണ്ടതുണ്ട്. സാംഖ്യയിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നതിന് 'ഓപ്പണിംഗ് ബാലൻസ്' എന്ന സ്ക്രീൻ വഴി എൻട്രി നടത്തിയാൽ മാത്രം മാതി.

### കൈകൊണ്ട് എഴുതിയ രജിസ്റ്ററുകൾ

ഇപ്പോൾ നിലവിലുള്ള രീതിയിലുള്ള കാഷ് ബുക്ക്, വരവ് രജിസ്റ്റർ, ചെലവു രജിസ്റ്റർ തുടങ്ങിയവ സാംഖ്യ നടപ്പാക്കുന്നതുവരെ തുടരണം. സാംഖ്യ ഓൺലൈൻ ആകുന്ന ദിവസം മുതൽ ഇവയൊന്നും ആവശ്യമില്ല. എല്ലാ രജിസ്റ്ററുകളും റിപ്പോർട്ടുകളും സാംഖ്യയിൽ നിന്നു ലഭിക്കും.

ഓൺലൈൻ ആകുന്ന ദിവസം മുതൽ എല്ലാ ഇടപാടുകളും വീഴ്ചകൂടാതെ സാംഖ്യയിൽ തത്സമയം രേഖപ്പെടുത്തണം. ഇപ്രകാരം രേഖപ്പെടുത്തിയതിനു തെളിവായി ഓരോ ദിനാന്ത്യത്തിലും കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയുടെ പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റ് ഒപ്പിട്ട് ഫയൽ ചെയ്തു സൂക്ഷിക്കണം. തുടർന്ന് 2011 ഏപ്രിൽ 1 മുതൽ ഓൺലൈൻ ആയ ദിവസംവരെയുള്ള ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്തി കുടിശ്ശിക തീർക്കണം. ഇപ്രകാരം കുടിശ്ശിക തീർക്കുന്നതുവരെയുള്ള കാഷ്ബുക്ക്/ബാങ്ക്ബുക്ക് പ്രിന്റ് ഔട്ടിൽ 'താല്ക്കാലികം' അല്ലെങ്കിൽ 'Provisional' എന്നെഴുതിവെയ്ക്കണം. ബാലൻസുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റർമാരെ അറിയിക്കാനാണത്.

സാംഖ്യ ഓൺലൈൻ ആയിക്കഴിഞ്ഞ തീയതി മുതല്ക്കുള്ള കാഷ് ബുക്ക്, വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ എന്നിവ കൈകൊണ്ടെഴുതി തയ്യാറാക്കി നൽകാൻ മേലുദ്യോഗസ്ഥരോ ഓഡിറ്റർമാരോ ആവശ്യപ്പെടില്ല.

### പരിശീലനം

കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തയ്യാറാക്കിക്കഴിഞ്ഞ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നത്. കിലയാണ് പരിശീലനം നടത്തുന്നത്. ഇതിനായി പരിശീലനം പ്ലാൻ ചെയ്യുന്നതിനുള്ള സഹായവും ഹാൻഡ് ബുക്കുകൾ, യൂസർ മാന്വലുകൾ, ഫാക്കൽറ്റി, മാസ്റ്റർ ട്രെയിനർമാർ എന്നിവ ഇൻഫർമേഷൻ കേരള മിഷൻ കിലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനത്തിനാവശ്യമായ ചെലവ് കില വഹിക്കും.

പരിശീലനം ലഭിച്ചാൽ മാത്രമേ സാംഖ്യയിൽ പ്രവർത്തിക്കാനാവൂ എന്നതിനാൽ യഥാർത്ഥത്തിൽ സാംഖ്യയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടവരെയാണ് പരിശീലനത്തിനയക്കേണ്ടത്. സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിശീലനാർത്ഥികളുടെ പേരുവിവരം ഡെപ്യൂട്ടിഡയറക്ടർമാർ ഇൻഫർമേഷൻ കേരള മിഷനെ അറിയിക്കേണ്ടതും ഇൻഫർമേഷൻ കേരള മിഷൻ ഈ വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറായിരിക്കും പരിശീലകരെ കിലയിലേക്ക് നാമനിർദ്ദേശം ചെയ്യുക. ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഗ്രാമവികസന കമ്മിഷണറും ജില്ലാപഞ്ചായത്തുകളുടെ കാര്യത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കും.

### മേൽനോട്ടം

ത്രിതല പഞ്ചായത്തുകളിൽ സാംഖ്യ നടപ്പാക്കുന്നതിന്റേയും മോണിറ്റർ ചെയ്യുന്നതിന്റേയും സംസ്ഥാനതല ഉത്തരവാദിത്തം താഴെപ്പറയുന്നവർക്കായിരിക്കും.

1. ഗ്രാമപഞ്ചായത്തുകൾ: പഞ്ചായത്ത് ഡയറക്ടർ
2. ബ്ലോക്ക് പഞ്ചായത്തുകൾ: ഗ്രാമവികസന കമ്മിഷണർ
3. ജില്ലാപഞ്ചായത്തുകൾ: സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

ജില്ലകളിലെ ഉത്തരവാദിത്തം പട്ടിക 1ൽ പറയുന്നവിധം നിർദ്ദേശിച്ചിരിക്കുന്നു.

ജില്ലാപഞ്ചായത്തുകളിൽ ഇതിനു തത്തുല്യമായ ഉത്തരവാദിത്തം ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കും.

### കാഷ്യർ

ഫ്രണ്ട് ഓഫീസിൽ കാഷ്/ചെക്ക് എന്നിവയ്ക്ക് സാംഖ്യയിൽ രസീത് രേഖപ്പെടുത്തുന്നതും, അക്കൗണ്ടന്റ് തയ്യാറാക്കി നൽകുന്ന പേയ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ സാംഖ്യയിൽ കാഷ്പേയ്മെന്റ് രേഖപ്പെടുത്തുന്നതും ഫ്രണ്ട് ഓഫീസിൽ പണം സ്വീകരിക്കാൻ നിയോഗിച്ച കാഷ്യർ ആയിരിക്കും. ആവശ്യമെങ്കിൽ കംപ്യൂട്ടർ നൽകി ഒന്നിലധികം കാഷ്യർമാരെ നിയോഗിക്കാം. ദിനംപ്രതി കാഷ്യറെ മാറ്റുകയുമാവാം. ഫ്രണ്ട് ഓഫീസിൽ കാഷ് സ്വീകരിക്കുന്ന ആളോ ആളുകളോ അല്ലാതെ മറ്റൊരു കാഷ്യർ ഉണ്ടായിരിക്കുകയില്ല. ഔട്ട്ഡോർ കളക്ഷൻ, മണിഓർഡർ, റിട്ടേൺ, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ചെക്കുകൾ എന്നിവയെല്ലാം കാഷ്യർ തന്നെയാണ് രസീത് രേഖപ്പെടുത്തുക.

"കാഷ്യർ എന്നാൽ പഞ്ചായത്ത് ആഫീസിൽ പണം കൈകാര്യം ചെയ്യാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു" എന്നാണ് 2011 ലെ കേരളപഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർവചനം (ചട്ടം 2(ഒ))

### ബജറ്റ്

അക്രൂവൽ അടിസ്ഥാനത്തിലുള്ളതായിരിക്കും വാർഷിക ബജറ്റ് (ചട്ടം 71(1)). ബജറ്റും പ്ലാനും ഏകീകരിച്ച്, സുലേഖയിൽ തയ്യാറാക്കിയ വാർഷിക പ്ലാനുമായി സംയോജിപ്പിച്ച് സാംഖ്യയിൽ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കാൻ സാധിക്കും. ■

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ: 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*





# ധനപരിപാലനത്തിൽ പുതിയ കാൽവെയ്പ്

**ആൽജോ സി. ചെറിയാൻ**

**ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ്വെയറും സാങ്കേതിക കാര്യങ്ങളായതിനാൽ ഇവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കാര്യപ്രാപ്തി വികസിപ്പിക്കേണ്ടതുണ്ട്. അതിന് ഊർജ്ജിതമായ പരിശീലനം നൽകേണ്ടതുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാരിൽ 11 ശതമാനം ജീവനക്കാർക്ക് മാത്രമാണ് കോമേഴ്സ് വിദ്യാഭ്യാസ പശ്ചാത്തലമുള്ളത്. ഇത് അക്കൗണ്ടിംഗിന്റെ അടിസ്ഥാനം ഉൾപ്പെടെയുള്ള പരിശീലനത്തിന്റെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇവയൊക്കെ പരിഗണിച്ച് സമഗ്രമായ പരിശീലന പന്ഥാവിലാണ് 'കില'.**

കാര്യക്ഷമമായ ധനപരിപാലനത്തിലുള്ള അടിസ്ഥാനശിലകളിൽ സുപ്രധാനമായ ഘടകമാണല്ലോ കൃത്യവും സമയബന്ധിതവുമായ അക്കൗണ്ടിംഗ്. കേരളത്തിലെ പഞ്ചായത്തുകളുടെ ധനകാര്യം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനമെടുത്തത്. നിലവിലെ സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുക, ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യവും വിവരപ്രദവുമാക്കുക, റിപ്പോർട്ടുകൾ എളുപ്പത്തിൽ തയ്യാറാക്കുക എന്നിവ മുന്നിൽ കണ്ടുകൊണ്ടാണ് ഡബിൾ എൻട്രി സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്നത്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സാംഖ്യ' സോഫ്റ്റ്വെയറിന്റെ സഹായത്താലാണ് ഡബിൾ എൻട്രി പ്രകാരം അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. കേരളത്തിലെ മുഴുവൻ നഗരസഭകളിലും 2010 ഏപ്രിൽ 1 മുതൽ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവലിനെ അടിസ്ഥാനമാക്കി ഡബ്ബിൾ എൻട്രി സംവിധാനം സാംഖ്യ നടപ്പിലാക്കിയിരുന്നു. 2011 ഏപ്രിൽ ഒന്ന് മുതൽ ത്രിതല പഞ്ചായത്തുകളിലും ഡബിൾ എൻട്രി സംവിധാനം നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിക്കുന്നു.

### കാര്യപ്രാപ്തി വികസനം

ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ്വെയറും സാങ്കേതിക കാര്യങ്ങളായതിനാൽ ഇവ കൈ കാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കാര്യപ്രാപ്തി വികസിപ്പിക്കേണ്ടതുണ്ട്. അതിന് ഊർജ്ജിതമായ പരിശീലനം നൽകേണ്ടതുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാരിൽ 11 ശതമാനം ജീവനക്കാർക്ക് മാത്രമാണ് കോമേഴ്സ് വിദ്യാഭ്യാസ പശ്ചാത്തലമുള്ളത്. ഇത് അക്കൗണ്ടിംഗിന്റെ അടിസ്ഥാനം ഉൾപ്പെടെയുള്ള പരിശീലനത്തിന്റെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇവയൊക്കെ പരിഗണിച്ച് സമഗ്രമായ പരിശീലന പന്ഥാവിലാണ് 'കില'.

സാംഖ്യ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് അക്കൗണ്ടൻസിയിലുള്ള അടിത്തറ ഒരു പ്രധാന ഘടകമാണെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലും അക്കൗണ്ടന്റുമാരിൽ നിന്നും ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലു






മാണ് ത്രിതല പഞ്ചായത്തുകളിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് പരിശീലനം രണ്ട് ഘട്ടമായി നടപ്പിലാക്കുവാൻ 'കില' തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ സാംഖ്യ സോഫ്റ്റ്‌വെയറുമായി ദൈനംദിനം ഇടപഴകുന്ന അക്കൗണ്ടന്റുമാർക്കായി ഡബിൾ എൻട്രി അക്കൗണ്ടിംഗിന്റെ ബാലപാഠങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ഡബിൾ എൻട്രി അക്കൗണ്ടിംഗ്: അടിസ്ഥാന കാര്യങ്ങൾ' എന്ന ദ്വിദിന പരിശീലനം 'കില' നടപ്പിലാക്കിയത്. രണ്ടാംഘട്ടത്തിൽ സാംഖ്യ സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കുന്നതിനുവേണ്ട വൈദഗ്ദ്ധ്യം നേടുന്നതിനായി 6 ദിവസം നീണ്ടുനിൽക്കുന്ന സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ പരിശീലനം നടപ്പിലാക്കുന്നുണ്ട്.

### ആദ്യഘട്ട പരിശീലനം

സാംഖ്യ സോഫ്റ്റ്‌വെയർ എളുപ്പം നടപ്പിലാക്കുന്നതിനായി അക്കൗണ്ടന്റുമാർക്ക് ഡബിൾ എൻട്രി അക്കൗണ്ടിംഗിൽ ഒരു ശാസ്ത്രീയ അടിത്തറ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒന്നാംഘട്ട പരിശീലനം കില സംഘടിപ്പിച്ചത്. 2011 ഫെബ്രുവരി മാസം തുടങ്ങിയ പരിശീലനം ആഗസ്റ്റ് മാസത്തിൽ അവസാനിച്ചു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആകെ 914 അക്കൗണ്ടന്റുമാർ (93.5% പങ്കാളിത്തം) 19 ബാച്ചുകളിലായി സംഘടിപ്പിച്ച പരിശീലനത്തിൽ പങ്കെടുത്തു. പത്ത് സെഷനുകളിലായി തിരിച്ചിരുന്ന പരിശീലനത്തിൽ പ്രാക്ടിക്കലും സെഷനുകളും ഉൾപ്പെടുത്തിയിരുന്നു. പരിശീലനത്തിന്റെ ഭാഗമായി 'ഡബിൾ എൻട്രി അക്കൗണ്ടിംഗ് അടിസ്ഥാന കാര്യങ്ങൾ' എന്ന പേരിൽ ഒരു കൈപുസ്തകവും പരിശീലകർക്ക് വേണ്ടി 'പരിശീലന സഹായി'യും തയ്യാറാക്കിയിരുന്നു. അക്കൗണ്ടൻസിയിൽ പരിജ്ഞാനമുള്ള കോളേജ് അധ്യാപകരുടെ സഹായത്താലാണ് പ്രസ്തുത പരിശീലനം കില പൂർത്തീകരിച്ചത്.

ഡബിൾ എൻട്രി അക്കൗണ്ടിംഗിൽ പരിശീലനാർത്ഥികൾക്ക് ഉണ്ടായ അറിവിന്റെ വർദ്ധനവ് പരിശീലനത്തിന്റെ ഫലവത്തതയെ സൂചിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുത്ത അക്കൗണ്ടന്റുമാർക്ക് പരിശീലനത്തിനുമുമ്പ് (പ്രീ-ഇവാലുവേഷൻ ടെസ്റ്റ്) ലഭിച്ച ശരാശരി മാർക്ക് 15-ൽ 6.9 ഉം പരിശീലനശേഷം നടത്തിയ (പോസ്റ്റ് ഇവാലുവേഷൻ) ടെസ്റ്റിൽ ലഭിച്ച ശരാശരി മാർക്ക് 15 ൽ 12.70 ഉം ആണ്. പരിശീലനാ ർത്ഥികൾക്ക് ഉണ്ടായ അറിവിന്റെ വർദ്ധനവ് ശരാശരി 84% ആണ്. കൂടാതെ അക്കൗണ്ടൻസിയിൽ ഒരു ശാസ്ത്രീയ അടിത്തറ ഉണ്ടാക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും പരിശീലനം സഹായിച്ചുവെന്നാണ് പരിശീലനാർത്ഥികൾ പങ്കുവച്ചത്.

### രണ്ടാംഘട്ട പരിശീലനം

ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയതിനെതുടർന്ന് 2011 ആഗസ്റ്റ് 22-ാം തീയതിയാണ് രണ്ടാംഘട്ട പരിശീലനം കില തുടങ്ങിയത്. സെക്രട്ടറിമാർക്ക് മൂന്ന് ദിവസവും; അക്കൗണ്ടന്റ്, ക്ലാർക്ക് എന്നിവർക്കായി ആറും ദിവസവും വീതമുള്ള പരിശീലനങ്ങളാണ് കില രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിലേക്കായി ഐ.കെ.എം.ന്റെ സാങ്കേതിക സഹായത്താൽ 'സാംഖ്യ' പ്രവർത്തനസഹായിയും തയ്യാറാക്കിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ പ്രായോഗിക പരിജ്ഞാനത്തിന് ഊന്നൽ നൽകിയാണ് രണ്ടാംഘട്ട പരിശീലനം.

2012 ജനുവരി മാസത്തോടെ പരിശീലനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങളാണ് കില നടത്തിവരുന്നത്. ഒന്നും രണ്ടും ഘട്ട പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിലൂടെ ഡബിൾ എൻട്രി സംവിധാനം കാര്യക്ഷമമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് ജീവനക്കാർ പ്രാപ്തരാകും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ധനപരിപാലനം കാര്യക്ഷമമാക്കുന്നതിനും കൃത്യതയും വ്യക്തതയുമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും കൂടാതെ സ്ഥാപനത്തിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്തുന്നതിനും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം വളരെ സഹായകരമാകും. ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ പഞ്ചായത്ത് സ്ഥാപനങ്ങൾ പൂർണ്ണമായും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നത് മറ്റു സംസ്ഥാനങ്ങൾക്കും ഒരു മാതൃകയാകും. ■

**ഡബിൾ എൻട്രി അക്കൗണ്ടിംഗിൽ പരിശീലനാർത്ഥികൾക്ക് ഉണ്ടായ അറിവിന്റെ വർദ്ധനവ് പരിശീലനത്തിന്റെ ഫലവത്തതയെ സൂചിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുത്ത അക്കൗണ്ടന്റുമാർക്ക് പരിശീലനത്തിനു മുമ്പ് (പ്രീ-ഇ വാലുവേഷൻ ടെസ്റ്റ്) ലഭിച്ച ശരാശരി മാർക്ക് 15-ൽ 6.9ഉം പരിശീലനശേഷം നടത്തിയ (പോസ്റ്റ് ഇവാലുവേഷൻ) ടെസ്റ്റിൽ ലഭിച്ച ശരാശരി മാർക്ക് 15ൽ 12.70ഉം ആണ്. പരിശീലനാർത്ഥികൾക്ക് ഉണ്ടായ അറിവിന്റെ വർദ്ധനവ് ശരാശരി 84% ആണ്. കൂടാതെ അക്കൗണ്ടൻസിയിൽ ഒരു ശാസ്ത്രീയ അടിത്തറ ഉണ്ടാക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും പരിശീലനം സഹായിച്ചുവെന്നാണ് പരിശീലനാർത്ഥികൾ പങ്കുവച്ചത്.**

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ട്രെയിനിംഗ് അസോസിയേറ്റാണ്*







**ബി. മനോജ്**

# വയോജനങ്ങൾക്ക് കൈത്താങ്ങായി സന്ദീപനം

ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കമായൊരു പ്രദേശമാണ് വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്ത്. എസ്റ്റേറ്റ് തൊഴിലാളികളും കർഷകതൊഴിലാളികളും കർഷകരും അടങ്ങുന്ന മുപ്പൈനാട് പഞ്ചായത്തിന് ക്ഷേമവികസന രംഗങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 2010ൽ കില-ക്യാപ്ഡെക്ക് പരിപാടിയുടെ ഭാഗമായി 21 വിഷയങ്ങളിൽ നടത്തിയ ആക്ഷൻ റിസർച്ചിന്റെ ഭാഗമായി മുപ്പൈനാട് പഞ്ചായത്ത് വയോജനക്ഷേമം എന്ന വിഷയമാണ് ഏറ്റെടുത്തിരുന്നത്. അന്നത്തെ പ്രസിഡന്റായിരുന്ന ബഷീറ അബൂബക്കറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി വയോജനങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തുകയും അതിന്റെ വെളിച്ചത്തിൽ വയോജന നയത്തിനും കർമ്മപരിപാടിക്കും രൂപം നല്കുകയും ചെയ്തു. ഈ കർമ്മപരിപാടിയുടെ ആദ്യപരിപാടി എന്ന നിലയിൽ പഞ്ചായത്തുതലത്തിൽ വയോജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ വാർഡിലും വയോജന കമ്മിറ്റിയും പഞ്ചായത്തിൽ വയോജന ക്ലബ്ബിനും രൂപം നല്കി. 2010 ഏപ്രിൽ ഏഴിനു പഞ്ചായത്തുതല പ്രഖ്യാപനവും നടത്തി. സന്ദീപനം എന്നാണു വയോജന കർമ്മപദ്ധതിക്കു പേരിട്ടത്.

അടുത്ത ഭരണസമിതി എന്ന നിലയിൽ ഞങ്ങൾ ഈ കർമ്മപരിപാടി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 16 വാർഡുകളുള്ള പഞ്ചായത്തിൽ വർഷത്തിൽ രണ്ടു തവണയായി നാലു കേന്ദ്രങ്ങളിൽ വച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുള്ള പരിപാടി ആരംഭിച്ചു. 2011 ആഗസ്റ്റ് 4ന് ആദ്യ ക്യാമ്പ് സംഘടിപ്പിച്ചുകൊണ്ട് ഈ പരിപാടിക്ക് ആരംഭം കുറിച്ചു. ഈ ക്യാമ്പിൽ 500ൽപരം വയോജനങ്ങൾ പങ്കെടുത്തു. സന്ദീപനം എന്ന കർമ്മപരിപാടിയുടെ പുസ്തക പ്രകാശനവും ഇതിന്റെ ഭാഗമായി നടന്നു.

മുപ്പൈനാട് പഞ്ചായത്തിൽ 2079 പേരാണ് 60 വയസ്സിന് മുകളിലുള്ള വയോജനങ്ങൾ. ഇതിൽ 1400 പേരും BPL വിഭാഗത്തിൽപെട്ടവരാണ്. സന്ദീപനത്തിൽ ലക്ഷ്യം വെയ്ക്കുന്നത് ചുവടെ കൊടുക്കുന്നവയാണ്.

- മുതിർന്ന പൗരസമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്തുക.
- മുതിർന്നവരുടെ ആരോഗ്യവും, പോഷണവും ഉറപ്പാക്കുക.
- സാമൂഹ്യ സുരക്ഷയും പരിചരണവും നല്കുക.
- വിനോദത്തിനും വിശ്രമത്തിനും അവസരം ഒരുക്കുക.
- വയോജനങ്ങൾ നിരന്തരം ബന്ധപ്പെടുന്നിടത്ത് അനുയോജ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- വയോജനങ്ങൾക്ക് അനുകൂലമായൊരു സംസ്ക്കാരം വളർത്തിയെടുക്കുക.
- വയോജന കൂട്ടായ്മ പരിപോഷിപ്പിക്കുക, വയോജനങ്ങളുടെ അറിവും, കഴിവും സമൂഹത്തിന് പ്രയോജനപ്പെടുത്തുക.
- വയോജന സൗഹൃദ പഞ്ചായത്താകുക.





ഈ ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന തരത്തിലാണ് കർമ്മ പദ്ധതിക്ക് രൂപം നല്കിയിട്ടുള്ളത്.

ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ വർഷം യുവജനങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ട നയത്തിനും കർമ്മപരിപാടിക്കും രൂപം നല്കാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ പ്രാഥമിക ആലോചനയ്ക്കായി വിവിധ യുവജന സംഘടനകളുടെ ഒരു യോഗം നടത്തി. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഈ പഠനവും തുടർ പ്രവർത്തനവും വളരെ വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു. ഈ രംഗത്ത് എന്തെങ്കിലും പ്രവർത്തനം നടത്തിവരുന്നുണ്ടെങ്കിൽ ആ അനുഭവം പങ്കുവെയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു. ■

*ലേഖകൻ മുപ്പൈനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 21

റോയ് ചാക്കോ ഇളമണ്ണൂർ

രാഷ്ട്രപതി ഭവന്റെ 80-ാം വാർഷികത്തോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ സ്റ്റാമ്പിന്റെ പ്രകാശനം 2011 ഓഗസ്റ്റ് 5-ാം തീയതി രാഷ്ട്രപതി പ്രതിഭാദേവി സിംഗ് പാട്ടീൽ പ്രകാശനം ചെയ്യുകയുണ്ടായി. ഇന്ത്യയുടെ ഗവർണർ ജനറലായിരുന്ന ഇർവിൻ പ്രഭു 80 വർഷം മുൻപാണ് രാഷ്ട്രപതി ഭവൻ ഔദ്യോഗിക വസതിയാക്കിയത്. രാഷ്ട്രപതി ഭവനിലെ ആദ്യ താമസക്കാരൻ ഇർവിൻ പ്രഭു ആയിരുന്നു. 'വൈസ്രോയ്സ് ഹൗസ്' എന്ന പേരിനുപകരം 'രാഷ്ട്രപതി ഭവൻ' എന്ന പേരു നൽകിയത് 1950 ലെ റിപ്പബ്ലിക് ദിനത്തിലാണ്. 130 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയിൽ 340 മുറികളും 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള രാഷ്ട്രപതി ഭവന്റെ പണി ആരംഭിച്ചത് 1913 ലാണ്. 17 വർഷമെടുത്തു ഇതു പൂർത്തിയാക്കാൻ.



ട്രാവൻകൂർ പാലസ്

രാഷ്ട്രപതി ഭവനിൽനിന്നു പരമാവധി ഒരു കിലോമീറ്റർ ദൂരമേയുള്ളൂ പാർലമെന്റ് ഹൗസിലേക്ക്. ഡൽഹിയിൽ ഏറ്റവും കൂടുതൽ സ്വത്തുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഒന്നാം സ്ഥാനത്ത് ആന്ധ്രാപ്രദേശാണെന്നറിയുന്നു. ഇക്കാര്യത്തിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളതെന്നും കേൾക്കുന്നു. കേരളത്തിനു ഡൽഹിയിലുള്ള സ്വത്തെല്ലാം പാർലമെന്റിനു വളരെ അടുത്താണ് എന്നതും വലിയൊരു പ്രത്യേകത തന്നെ. കേരളാഹൗസ് സ്ഥിതി ചെയ്യുന്നത് ജന്തർമന്ദർ റോഡിന്റെ ഒരു വശത്താണ്. ഒന്നര ഏക്കറോളം വസ്തുവാണു നമുക്ക് ഇവിടെയുള്ളത്. കേരളാ ഹൗസിൽ നിന്നും പാർലമെന്റിലേക്കു 2 കിലോമീറ്ററോളം ദൂരം മാത്രമേയുള്ളൂ. കേരളാ ഹൗസിന് ഒന്നരകിലോമീറ്റർ അടുത്തുതന്നെയാണു കേരളത്തിന് സ്വന്തമായുള്ള ട്രാവൻകൂർ പാലസും. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്തുതന്നെ ഉണ്ടായിരുന്നതാണു ട്രാവൻകൂർ പാലസ്. അതിനോടു ചേർന്നുള്ള വസ്തു കപൂർത്തല (പഞ്ചാബ്) രാജാവിന്റെ പക്കൽ നിന്നും തിരുവിതാംകൂർ രാജാവു വാങ്ങിയതാണ്. 'കപൂർത്തല പ്ലോട്ട്' എന്നാണ് ഈ വസ്തു ഇപ്പോഴും അറിയപ്പെടുന്നത്. ട്രാവൻകൂർ പാലസും കപൂർത്തല പ്ലോട്ടും ചേർന്ന് കേരളാ ഗവൺമെന്റിന് ഏകദേശം പതിനൊന്ന് ഏക്കറോളം വസ്തു ഡൽഹിയിൽ ഉണ്ടെന്നാണറിയുന്നത്. കേരളാ ഹൗസിന്റെ വസ്തു കൂടി ചേർക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ന്യൂഡൽഹിയിലുള്ള വസ്തു പന്ത്രണ്ടര ഏക്കറോളം വരും. ഇവിടെ ഒരു സെന്റ് വസ്തുവിന് കോടി കണക്കിന് രൂപ വിലയാണുള്ളത്. ന്യൂഡൽഹി നഗരത്തിന്റെ ന്യൂക്ലിയസിലാണ് കേരളത്തിന്റെ വസ്തുവകകൾ എന്നതോർക്കണം. കസ്തൂർബാഗാന്ധി മാർഗിന്റെ (ഒരു റോഡിന്റെ പേര്) ഒരു വശത്താണ് ട്രാവൻകൂർ പാലസ്. സമീപം ഒരു 'കേരളാ സ്കൂളും' പ്രവർത്തിക്കുന്നു. പ്രധാനമായും കേരളത്തിലെ കുട്ടികൾക്കു വേണ്ടി മലയാളികളുടെ ഒരു ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാലാണ് കേരളാ സ്കൂൾ എന്നറിയപ്പെടുന്നത്. ഈ സ്കൂളിന് വേണ്ടി 3 ഏക്കർ വസ്തു നൽകിയിരുന്നു. ബാക്കിയുള്ളതാണ് 11 ഏക്കർ.






കേരളാ ഹൗസ് സ്ഥിതിചെയ്യുന്ന പ്ലോട്ടിൽ 3 കെട്ടിടങ്ങളാണുള്ളത്. പഴയ ബ്ലോക്കിൽ 2 നില കെട്ടിടം. മെയിൻ ബ്ലോക്ക് 3 നിലയാണ്. കൂടാതെ 4 നില കെട്ടിടവും ഉണ്ട്. ദിവസവാടകയ്ക്ക് നൽകാനായി 60 മുറികൾ ഉണ്ട്. ഇവയിൽ 3 എണ്ണം വിശിഷ്ട അതിഥികൾക്കു വേണ്ടി മാത്രമുള്ളതാണ്. എല്ലാ മുറികളും ഡബിൾ ബെഡ് സൗകര്യത്തിലാണ്. പുറത്തുനിന്നുള്ളവർക്ക് ഒരു ദിവസം 500 രൂപയാണ് മുറിവാടക. എന്നാൽ സർക്കാർ ആവശ്യങ്ങൾക്ക് ഡൽഹിയിൽ വരുന്ന സർക്കാർ ജീവനക്കാർക്കും സ്വകാര്യ ആവശ്യത്തിനായി ഡൽഹിയിൽ വരുന്ന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കും കേരളത്തിലെ കേന്ദ്ര സർക്കാർ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസർമാർക്കും അക്രഡിറ്റഡ് ജേർണലിസ്റ്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുമെല്ലാം മുറിവാടകയിൽ വലിയ ഇളവുണ്ട്. 5 ദിവസം വരെയാണു മുറി നൽകുന്നത്. എന്നാൽ സർക്കാർ ഡ്യൂട്ടിയിൽ വരുന്നവർക്ക് ഡ്യൂട്ടി കഴിയുന്നതുവരെ താമസിക്കാൻ മുറി നൽകും. മുറികൾ അനുവദിക്കുന്നത് തിരുവനന്തപുരത്തുനിന്നാണ്. സെക്രട്ടറിയേറ്റിലെ ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ) വിഭാഗമാണ് മുറികൾ അനുവദിച്ചു നൽകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ മുറികളുടെ ലഭ്യത അനുസരിച്ച് കേരളാ ഹൗസിലെ പ്രോട്ടോകോൾ ഓഫീസർ അപേക്ഷകന് മുറി നൽകിവരുന്നു. ഗവർണർ, മുഖ്യമന്ത്രി, മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, ജഡ്ജിമാർ, റിട്ട. ജഡ്ജിമാർ, മുൻ എം.എൽ.എമാർ, മുൻ എം.പി.മാർ തുടങ്ങിയവർക്ക് തന്നെ മുൻഗണന. കേരളാ ഹൗസിൽ മുറി കിട്ടുക ഒരു വലിയ കാര്യമായി തന്നെ ഇവിടെ എത്തുന്ന മലയാളികൾ കരുതുന്നു. ഒരു ചെറിയ ലോട്ടറി അടിച്ച സന്തോഷമായിരിക്കും കേരളാ ഹൗസിൽ ഒരാഴ്ചത്തേക്ക് താമസസൗകര്യം ലഭിച്ചാൽ.

കേരളാ ഹൗസിലെ മുറികൾ മിക്കവാറും ഹൗസ്ഫുൾ ആയിരിക്കും. ഏതാണ്ട് 9 ശതമാനം മുറികൾ എപ്പോഴും ഫുൾ ആയിരിക്കും. മെയിൻ ബ്ലോക്കിലെ മുറികൾ മന്ത്രിമാർ, എം.എൽ.എമാർ, ജസ്റ്റിസുമാർ, മറ്റ് വി.ഐ.പികൾ, ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ, മറ്റ് സീനിയർ ഓഫീസർമാർ എന്നിവർക്ക് മാത്രമേ നൽകുകയുള്ളൂ. 4 നില കെട്ടിടത്തിലെ മുറികളാണ് മറ്റുള്ളവർക്ക് നൽകുന്നത്.

കേരളാ ഹൗസ് പരിസരത്ത് മുതിർന്ന ഉദ്യോഗസ്ഥർക്കായി 12 ക്വാർട്ടേഴ്സുകൾ ഉണ്ട്. കപൂർത്തല പ്ലോട്ട്, ട്രാവൻകൂർ പാലസ് എന്നിവിടങ്ങളിലായി 108 ക്വാർട്ടേഴ്സുകൾ ഉണ്ട്. ഇവയിൽ 10 എണ്ണം ഡോർമിറ്ററിയായി ഉപയോഗിക്കുന്നു. ഈ ഡോർമിറ്ററികളിൽ ആകെ 42 പേർക്ക് താമസിക്കാൻ സൗകര്യമുണ്ട്. 75 രൂപയാണ് പുറത്തു നിന്നുള്ളവരിൽനിന്ന് ഡോർമിറ്ററി ബെഡ് ഒന്നിന് ഒരു ദിവസം ചാർജ് ഈടാക്കുന്നത്.

കേരളാ ഹൗസിൽ നിന്നും പാർലമെന്റിലേക്കു 2 കിലോമീറ്ററോളം ദൂരം മാത്രമേയുള്ളൂ. കേരളാ ഹൗസിന് ഒന്നരകിലോമീറ്റർ അടുത്തു തന്നെയാണു കേരളത്തിന് സ്വന്തമായുള്ള ട്രാവൻകൂർ പാലസും. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്തുതന്നെ ഉണ്ടായിരുന്നതാണു ട്രാവൻകൂർ പാലസ്. അതിനോടു ചേർന്നുള്ള വസ്തു കപൂർത്തല (പഞ്ചാബ്) രാജാവിന്റെ പക്കൽ നിന്നും തിരുവിതാംകൂർ രാജാവു വാങ്ങിയതാണ്. 'കപൂർത്തല പ്ലോട്ട്' എന്നാണ് ഈ വസ്തുവിനെ ഇപ്പോഴും അറിയപ്പെടുന്നത്. ട്രാവൻകൂർ പാലസും കപൂർത്തല പ്ലോട്ടും ചേർന്ന് കേരളാ ഗവൺമെന്റിന് ഏകദേശം പതിനൊന്ന് ഏക്കറോളം വസ്തു ഡൽഹിയിൽ ഉണ്ടെന്നാണറിയുന്നത്.

കേരളാ ഹൗസിന്റെ പഴയ ബ്ലോക്കിൽ റസിഡന്റ് കമ്മിഷണറുടെ ഓഫീസ്, അഡീഷണൽ റസിഡന്റ് കമ്മിഷണറുടെ ഓഫീസ്, പ്രോട്ടോകോൾ, നിയമവകുപ്പ് ഓഫീസുകൾ, ലയ്സൺ ഓഫീസ്, മീഡിയ റൂം, എം.പി. സെൽ എന്നിവ പ്രവർത്തിക്കുന്നു. ട്രാവൻകൂർ പാലസിൽ SBT, NORKA ROOTS, Tourism, KSEB, KELTRON മലയാളഭാഷാപഠന കേന്ദ്രം, മലയാളം മിഷൻ, റഫറൻസ് ലൈബ്രറി എന്നിവയെല്ലാം പ്രവർത്തിക്കുന്നു.

ഡൽഹിയിൽ എത്തുന്ന മലയാളികളിൽ കുറച്ചുപേർക്ക് എങ്കിലും കേരളാ ഹൗസിലെ കാന്റീൻ വലിയൊരാശ്വാസമാണ്. പാർലമെന്റ്, സെൻട്രൽ സെക്രട്ടറിയേറ്റ്, റയിൽവേ സ്റ്റേഷൻ, കനോട്ട് പ്ലേസ് എന്നിവയെല്ലാം കേരളാ ഹൗസിന് അടുത്തായതിനാൽ ഈ ഭാഗത്ത് വന്നുപോകുന്നവർക്ക് മലയാളികളുടെ ആഹാരം നൽകുന്ന ഇവിടുത്തെ കാന്റീനുകൾ വലിയൊരു സഹായിതന്നെ. കേരളാഹൗസിൽ താമസിക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിന് വേണ്ടി 2 റസ്റ്റോറന്റുകൾ പ്രവർത്തിക്കുന്നു. മുൻകൂട്ടി ബുക്ക് ചെയ്താൽ പുറത്തുനിന്നുള്ളവർക്കും ഭക്ഷണം ലഭിക്കും. എന്നാൽ സ്റ്റാഫ് കാന്റീനിൽ (മൂന്നാമത്തെ റസ്റ്റോറന്റ്) നിന്ന് ഭക്ഷണം ലഭിക്കാൻ മുൻകൂട്ടി ബുക്കിംഗ് ആവശ്യമില്ല. ഉച്ചയൂണ് മാത്രമേ ലഭിക്കുകയുള്ളൂ. വെജിറ്റേറിയൻ ഊണിന് 30 രൂപ. സ്റ്റാഫിന് 6 രൂപ മാത്രം. മറ്റ് രണ്ട് റസ്റ്റോറന്റുകളിലും ഊണിന് 40 രൂപയാണെങ്കിലും ഗവൺമെന്റ് സ്റ്റാഫിന് 18 രൂപയേയുള്ളൂ.

മലയാളികളെയും പശ്ചിമബംഗാളികളെയും 'മീൻ തീറ്റക്കാർ' എന്നും ഡൽഹിയിൽ മറ്റുള്ള വെജിറ്റേറിയൻസ് വിളിക്കും (രഹസ്യമായി). ഏതു മീൻചന്തയിൽ പോയാലും അവിടെ എത്തുന്നവരിൽ ഭൂരിഭാഗവും മലയാളികൾ തന്നെ. മത്സ്യവും മാംസവും കഴിക്കുന്നവർ ഡൽഹിയിൽ (മലയാളികളെയും പശ്ചിമ ബംഗാളികളെയും ഒഴിച്ചുനിർത്തിയാൽ) കുറവാണ്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾ ഒഴികെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ മഹാഭൂരിഭാഗവും സസ്യാഹാരികളാണല്ലോ.

ഡൽഹി നഗരത്തിലെ വലിയ മീൻ മാർക്കറ്റായ ഗാന്ധിപൂർ, ഇവിടെ താമസിക്കുന്ന മലയാളികൾക്കെല്ലാം പരിചിതമായ സ്ഥലം തന്നെ. ഡൽഹിയിലെ ഒരതിർത്തിയിലാണ് ഗാന്ധിപൂർ. മലയാളികളുടെ പ്രധാന താവളങ്ങളിൽ ഒന്നായ മയൂർ വിഹാർ എന്ന സ്ഥലത്തിനടുത്താണ് ഈ പ്രസിദ്ധ മത്സ്യമാർക്കറ്റ്. ഡൽഹിയിലെ ഒരു പ്രധാന റസിഡൻസ് മേഖലയായ (ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ മാത്രം) R.K. Puram എന്ന സ്ഥലത്തുനിന്നും ഏകദേശം 25 കിലോമീറ്റർ ദൂരമുണ്ട് ഗാന്ധിപൂരിലേക്ക്. എന്നിരുന്നാലും മൊത്തവില നിരക്കിൽ മീനും കോഴിയുമൊക്കെ ലഭിക്കുന്നതിനാൽ ചില മലയാളി കുടുംബങ്ങൾ ഒഴിവുദിനങ്ങളിൽ ഗാന്ധിപൂർ മാർക്കറ്റിൽ എത്താറുണ്ട്. ഡൽഹിയിലെ ഹോൾസെയിൽ വെജിറ്റബിൾ മാർക്കറ്റ് ആസാദ്പൂരിലാണ്. ■

(തുടരും...)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്*



# അഗ്രോ സൂപ്പർ ബസാർ
## കർഷകരുടെ മിത്രം

വി.എസ്. ലാലി

കർഷകർക്കു മാത്രമല്ല കൃഷിയിൽ അല്പമെങ്കിലും താല്പര്യമുള്ള ഏവർക്കും ഒരു മിത്രവും വഴികാട്ടിയും ആയി മാറിയിരിക്കുകയാണ് അഗ്രോ സൂപ്പർ ബസാർ. ഇവിടം ആദ്യമായി സന്ദർശിക്കുന്ന ആരും ഒന്നമ്പരക്കും. എന്താണിവിടെ വരാൻ ഇത്രയും വൈകിയതെന്നു ചിന്തിക്കുകയും ചെയ്യും. ഇങ്ങനെ ചിന്തിക്കാനുള്ള കാരണങ്ങൾ എന്തെന്ന് അറിയുന്നത് മറ്റുള്ളവർക്കും ഉപകാരപ്രദമാകും.

കേരള സർക്കാരിന്റെ കീഴിലെ ഒരു പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഒരു നൂതന സംരംഭമാണ് 'അഗ്രോ സൂപ്പർ ബസാർ'. തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ടയിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയ്ക്കടുത്തു സ്ഥിതിചെയ്യുന്ന അഗ്രോ ഇൻഡസ്ട്രീസിന്റെ ആസ്ഥാനമന്ദിരത്തോടുചേർന്നാണ് സൂപ്പർബസാർ ഒരുക്കിയിരിക്കുന്നത്. സൂപ്പർ ബസാറിനുള്ളിൽ കയറിയാൽ 'ഉപ്പു മുതൽ കർപ്പൂരം വരെ' എന്നു പറയുന്നതുപോലെ കൃഷിചെയ്യാനാവശ്യമായ എല്ലാ ഉത്പാദനോപാധികളും ഇവിടെ മിതമായ വിലയ്ക്ക് ലഭ്യമാണ്. ഒരു വീട്ടമ്മയുടെ ആവശ്യം മുതൽ വൻകിട കർഷകന്റെ വരെ കാർഷികാവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും സാധനങ്ങളും ലഭ്യമാണ്. 3200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആധുനിക സജ്ജീകരണങ്ങളുള്ള ഈ ബസാറിൽ നടീൽ വസ്തുക്കൾ ലഭിക്കുന്ന ഗ്രീൻഹൗസ്, കാർഷിക യന്ത്രങ്ങളുടെ വില്പനയ്ക്കൊപ്പം പരിശീലനവും നൽകുന്ന അഗ്രികൾച്ചറൽ മെഷിനറി സെക്ഷൻ, വിത്ത്, വളം, ജൈവ വളങ്ങൾ, ജൈവകീടനാശിനികൾ, വിവിധ വലിപ്പത്തിലും രൂപത്തിലുമുള്ള ചെടിച്ചട്ടികൾ, ചെല്ലിക്കോൽ മുതൽ കൊയ്ത്തുമെതിയന്ത്രം വരെയുള്ള കാർഷികോപകരണങ്ങൾ എന്നിവ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ട്രാക്ടർ, പവർടില്ലർ, കൊയ്ത്തു യന്ത്രം, പതിരു വേർതിരിക്കാനുള്ള യന്ത്രം, ഞാറുനടീൽ യന്ത്രം, ഗാർഡൻ ടില്ലർ, വീഡ് കട്ടർ തുടങ്ങിയവയുടെ പ്രവർത്തനം വീഡിയോ ചിത്രത്തിലൂടെ കർഷകർക്ക് വിവരിച്ചു നൽകുന്നു എന്നത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. പച്ചക്കറി വിത്തുകൾക്കു പുറമേ പൂന്തോട്ട നിർമ്മാണത്തിനായുള്ള വിത്തുകളും ചെടികളും ഇവിടെ ലഭ്യമാണ്.

ആധുനിക പൂന്തോട്ട നിർമ്മാണത്തിനാവശ്യമായ ഷേഡ്നെറ്റ്, യു.വി. സ്റ്റെബിലൈസ്ഡ് നെറ്റ് തുടങ്ങിയവയുടെ ശേഖരമുൾപ്പെട്ട ഗ്രീൻഹൗസ് ഷെയിഡിംഗ് മെറ്റീരിയൽ വിഭാഗം സുസജ്ജമാണ്. വിവരസാങ്കേതിക വിദ്യയുടെയും ഇന്റർനെറ്റിന്റെയും സഹായത്തോടെ താല്പര്യമുള്ള കർഷകർക്ക് ലോകത്താകമാനമുള്ള കാർഷിക യന്ത്രങ്ങളെയും നൂതന യന്ത്രവത്കൃത കൃഷിരീതികളും എന്തൊക്കെയാണെന്നു കണ്ടുമനസ്സിലാക്കാൻ അവസരം നൽകുന്ന ഒരു ടെക്നോളജി കോർണർ ഒരുക്കിയിട്ടുണ്ട്. ഒരു കാർഷികയന്ത്രം വാങ്ങാൻ വരുന്ന ആളിനു ആ യന്ത്രത്തിന്റെ വിശദാംശങ്ങളും അവയുടെ പ്രവർത്തനവും വീഡീയോ ചിത്രത്തിന്റെ സഹായത്തോടെ വിവരിക്കുകയും അവരുടെ ആവശ്യത്തിനനുസരിച്ചുള്ള യന്ത്രം തെരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതിനാൽ യന്ത്രം ഉപയോഗിക്കാനും അവയുടെ യന്ത്രഭാഗങ്ങൾ ഏതൊക്കെയാണെന്നും അവയ്ക്ക് പ്രശ്നമുണ്ടായാൽ പരിഹാരത്തിനായി ആരെയാണു സമീപിക്കേണ്ടതെന്നും വ്യക്തമായ ഒരു ധാരണ വാങ്ങുന്ന ആളിനു ലഭിക്കും.








കേരള സർക്കാരിന്റെ കീഴിലെ ഒരു പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഒരു നൂതന സംരംഭമാണ് 'അഗ്രോ സൂപ്പർ ബസാർ'. തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ടയിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയ്ക്കടുത്തു സ്ഥിതിചെയ്യുന്ന അഗ്രോ ഇൻഡസ്ട്രീസിന്റെ ആസ്ഥാനമന്ദിരത്തോടുചേർന്നാണ് സൂപ്പർബസാർ ഒരുക്കിയിരിക്കുന്നത്. സൂപ്പർ ബസാറിനുള്ളിൽ കയറിയാൽ 'ഉപ്പു മുതൽ കർപ്പൂരം വരെ' എന്നു പറയുന്നതുപോലെ കൃഷിചെയ്യാനാവശ്യമായ എല്ലാ ഉത്പാദനോപാധികളും ഇവിടെ മിതമായ വിലയ്ക്ക് ലഭ്യമാണ്.

നൂതന ജലസേചനസംവിധാനങ്ങളായ ട്രിപ്പ്, സ്പ്രിങ്ക്ളർ, മിസ്റ്റ് തുടങ്ങിയവ സജ്ജീകരിക്കാനുള്ള സാധനങ്ങൾക്കു പുറമേ ഇവ നിർമ്മിക്കാൻ ഇവിടെനിന്നും ന്യായമായ നിരക്കിൽ സേവനവും ലഭ്യമാണ്. വിവിധയിനം പമ്പുസെറ്റുകളും ഇവിടെനിന്നും വാങ്ങാൻ കഴിയും. പമ്പുസെറ്റ് തെരഞ്ഞെടുക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനുള്ള സാങ്കേതിക ഉപദേശം ഇവിടെ ലഭ്യമാണ്.

ചാണകം, മണ്ണിരക്കമ്പോസ്റ്റ്, വേപ്പിൻ പിണ്ണാക്ക്, ബയോഫെർട്ടിലൈസർ, ബയോകൺട്രോൾ ഏജന്റുകൾ, ജൈവ കീടനാശിനികൾ എന്നിവയും ഇവിടെ നിന്നും വാങ്ങാവുന്നതാണ്.

ഉത്പാദനോപാധികൾ മാത്രമല്ല കാർഷികോല്പ്പന്നങ്ങളും ഇവിടെ ലഭ്യമാണ്. തവിടുകളയാത്ത ചമ്പാപച്ചരി മുതൽ കസ്തൂരിമഞ്ഞൾ പൊടിവരെയും അഗ്രോയുടെ തന്നെ സംസ്കരിച്ച ഉത്പന്നങ്ങളായ സ്ക്വാഷ്, അച്ചാറുകൾ മുതലായവ ജ്യോതി എന്ന ബ്രാൻഡ് നാമത്തിൽ ലഭ്യമാക്കിയിരിക്കുന്നു. മണ്ണിൽ തീർത്ത അലങ്കാരവസ്തുക്കളും ചെടിച്ചട്ടികൾക്കും പുറമേ മൺമറഞ്ഞുകൊണ്ടിരിക്കുന്ന കൂജകൾവരെ വില്പനയ്ക്കെത്തിച്ച് വ്യത്യസ്തമായൊരു വിപണന ശൈലി പ്രാവർത്തികമാക്കിയിരിക്കുന്നു. അഗ്രോ സൂപ്പർ ബസാർ സന്ദർശിക്കുന്ന ഏതൊരാളും ഒരു ചെടിയെങ്കിലും നടണം എന്ന ഉറച്ച തീരുമാനത്തോടെയാകും ബസാറിൽ നിന്നും പുറത്തിറങ്ങുക. കാരണം ഇവിടെ കൃഷിക്കാവശ്യമായതെല്ലാം കൈപ്പിടിയിലൊതുങ്ങുന്ന തരത്തിൽ ലഭ്യമാണ്. ഇവയൊക്കെ നമ്മുടെ പോക്കറ്റിന്റെ ഉള്ളടക്കത്തിനനുസരിച്ചു തെരഞ്ഞെടുക്കാൻ നമ്മെ സഹായിക്കുന്ന ഒരുകൂട്ടം ഉദ്യോഗസ്ഥരും ബസാറിന്റെ ചുമതല ഭംഗി







**സൂപ്പർബസാറിനനുബന്ധമായി ഒരു കാർഷിക തൊഴിൽ സേനയും സജ്ജമായിക്കഴിഞ്ഞു. നൂതന കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാങ്കേതിക പരിശീലനം നേടിയ ഒരു കൂട്ടം യുവാക്കളുടെ സേവനമാണ് തൊഴിൽ സേനയിലൂടെ ഇവിടെ നിന്നും ലഭിക്കുന്നത്. തെങ്ങിൽ കയറാനും യന്ത്രങ്ങളുപയോഗിച്ച് നിലം ഉഴുന്നതിനും ഞാറുനടുന്നതിനും കൊയ്യാനും മെതിക്കാനും പാറ്റാനും ഒക്കെ ഇവിടുത്തെ തൊഴിൽസേന സജ്ജമാണ്.**

യായി നിർവഹിക്കുന്ന എഞ്ചിനീയർ സജീവും നൽകുന്ന സേവനം എടുത്തു പറയേണ്ടതാണ്.

സൂപ്പർബസാറിനനുബന്ധമായി ഒരു കാർഷിക തൊഴിൽ സേനയും സജ്ജമായിക്കഴിഞ്ഞു. നൂതന കാർഷികയന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാങ്കേതിക പരിശീലനം നേടിയ ഒരു കൂട്ടം യുവാക്കളുടെ സേവനമാണ് തൊഴിൽ സേനയിലൂടെ ഇവിടെനിന്നും ലഭിക്കുന്നത്. തെങ്ങിൽ കയറാനും യന്ത്രങ്ങളുപയോഗിച്ച് നിലം ഉഴുന്നതിനും ഞാറുനടുന്നതിനും കൊയ്യാനും മെതിക്കാനും പാറ്റാനും ഒക്കെ ഇവിടുത്തെ തൊഴിൽസേന സജ്ജമാണ്. ഇവരുടെ സേവനം കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാനും ഉദ്ദേശമുണ്ട്. ഈ രണ്ടു സംരംഭങ്ങളും കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നത് കൃഷിയിലേക്ക് കൂടുതൽ കുടുംബങ്ങളെ ആകർഷിക്കുമെന്നതിൽ രണ്ടഭിപ്രായമുണ്ടാകില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ– 0471–2471343, 2466674. ■

*ലേഖിക കൃഷിവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറാണ്*





# കുമരകം ഗ്രാമപഞ്ചായത്തിന്
# സ്നേഹസാഗരം കൊണ്ടൊരു സമ്മാനം



**ഡി.ജി. പ്രകാശൻ**

വേമ്പനാട്ടു കായലിന്റെ സഖിയായി, അന്താരാഷ്ട്ര പ്രശസ്തമായ കുമരകത്തെ സമ്പന്നതയുടെയും ശാലീനതയുടെയും സൗകുമാര്യത്തിന്റെയും സർവ്വോപരി എല്ലാ നന്മയുടെയും പ്രതിഫലനമായി ശാന്തമായി ഒഴുകുന്ന കുമരകം കോട്ടത്തോടിന്റെ ഓരത്ത് ഒരു നാടിന്റെ വേദനയും ദുഃഖവുമായി മാറിയ 29 പേരുടെ ജീവൻ തുടിക്കുന്ന സ്മൃതി മണ്ഡപം കുമരകം ബോട്ട് ദുരന്തത്തിന്റെ 9–ാം വാർഷിക ദിനമായിരുന്ന 2011 ജൂലൈ 27ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

2002 ജൂലൈ 27 രാവിലെ 6 മണിയോടെ 300ലധികം യാത്രക്കാരുമായി ആലപ്പുഴ ജില്ലയിലെ മുഹമ്മ സർക്കാർ ബോട്ടുജെട്ടിയിൽ നിന്നും സർക്കാർ വക യാത്രാബോട്ട് കുമരകത്തിന്റെ തീരത്തോട്ട് അടുക്കുമ്പോൾ കുമരകം വേമ്പനാട്ടു കായലിന്റെ അഗാധ തലത്തിലേക്ക് മുങ്ങിതാഴ്ന്നു. ഒരു പിഞ്ചുകുഞ്ഞുൾപ്പെടെ 29 മനുഷ്യജീവൻ എല്ലാ മോഹങ്ങളും സ്വപ്നങ്ങളും തല്ലിക്കൊഴിച്ച് ദുരന്തം സമ്മാനിച്ച മരണത്തിന്റെ നിത്യതയിലേക്ക് വഴുതി വീണു.

അനശ്വരനായ കേരളത്തിന്റെ പ്രിയപ്പെട്ട കവി വയലാർ രാമവർമ്മ പാടിയത് പോലെ

*'ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി....!'*

ഒരിക്കലെങ്കിലും ഈ മനോഹരതീരത്ത് ജീവിച്ച് സ്വപ്നങ്ങൾ പങ്കുവയ്ക്കാൻ ആയിരം മോഹങ്ങൾ നെഞ്ചിൽ സൂക്ഷിച്ചവർ ജീവനും മരണത്തിനുമിടയിൽ തണുത്തുറഞ്ഞ ജലാശയത്തിന്റെ അടിത്തട്ടിലേക്ക് എല്ലാ മോഹങ്ങളും വലിച്ചെറിഞ്ഞ് മരണമെന്ന യാഥാർത്ഥ്യത്തിലേക്ക് നീങ്ങി, സ്വപ്നങ്ങളുടെ ശാശ്വത സ്മൃതിമണ്ഡപം തീർത്തത് അനശ്വരനായ വയലാർ രാമവർമ്മയുടെ ഈ സ്വപ്നങ്ങളെ ഓർത്താവുമോ?....!

കുമരകം ബോട്ട് ദുരന്തത്തെ തുടർന്ന് മികച്ച രക്ഷാപ്രവർത്തനം നടത്തിയ കുമരകം ഗ്രാമപഞ്ചായത്തിനെ അഭിനന്ദിച്ച് കൊണ്ടും ആദരിച്ചുകൊണ്ടും റവന്യൂ വകുപ്പ് 46 ലക്ഷം രൂപ മുടക്കി കുമരകം ബോട്ടുജെട്ടിയിൽ ഒരു ബഹുനില മന്ദിരം നിർമ്മിക്കുകയും അതു ബോട്ടുദുരന്തത്തിന്റെ വാർഷിക ദിനത്തിൽ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ബീനാ ബിനു പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ചടങ്ങിൽ കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യ ബാബു അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.എസ്. സുഗേഷ്, സ്മാരകം സ്ഥിതിചെയ്യുന്ന വാർഡ് അംഗം ഡി.ജി. പ്രകാശൻ, മറ്റു ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ദുരന്തത്തിൽ ഏറെ പേർ നഷ്ടപ്പെട്ട മുഹമ്മ ഗ്രാമപഞ്ചായത്തും വിവിധ സന്നദ്ധസംഘടനകളും, സ്കൂൾ കുട്ടികളും ചേർന്നു മുഹമ്മ ബോട്ട് ജെട്ടിയിൽനിന്നും ഓർമ്മകളുടെ ആയിരം സ്നേഹദീപങ്ങൾ ജലാശയത്തിലൂടെ ഒഴുക്കി വേമ്പനാട്ടു കായലിന്റെ അതിവിശാലമായ ജലാശയത്തെ മനുഷ്യ സ്നേഹത്തിന്റെ സ്നേഹകുടീരമാക്കി മാറ്റി.

ദുരന്തം നടന്ന് 9 വർഷങ്ങൾക്ക് ശേഷമാണ് ദുരന്തത്തിൽപ്പെട്ടവർക്കും, രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ കുമരകം ഗ്രാമപഞ്ചായത്തിനെയും ആദരിച്ച് കൊണ്ട് ഈ സ്മാരകം പണി പൂർത്തിയാക്കി നാടിന് സമർപ്പിക്കുന്നത്. ഇതുപോലെ ഒരു ദുരന്തമുണ്ടാകുമ്പോൾ എങ്ങനെയാണ് രക്ഷാപ്രവർത്തനം നടത്തേണ്ടത് എന്ന് കുമരകം മോഡൽ രക്ഷാപ്രവർത്തനം ഏവരേയും ബോദ്ധ്യപ്പെടുത്തി.

അന്നു കുമരകം ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ഞാൻ വെളുപ്പിന് 5 മണി കഴിഞ്ഞ് ഒരു പൊതു പരിപാടിയിൽ പങ്കെടുക്കാൻ കോട്ടയത്തേക്ക് പോകാൻ വണ്ടി കാത്തുനിൽക്കുമ്പോഴാണ് വേമ്പനാട്ടുകായലിൽ സർക്കാർ ബോട്ട് മുങ്ങി താഴുന്നു എന്ന സന്ദേശം ലഭിക്കുന്നത്. ആദ്യമായി ദുരന്തമേഖലയിൽ ഓടി എത്തുന്ന ജനപ്രതിനിധിയും ഞാനായിരുന്നു. അപ്പോഴേക്കും മരണത്തെ മുന്നിൽ കണ്ടവർ അലറിക്കരയുന്ന ശബ്ദം വേമ്പനാട്ടു കായലോരത്തെ കുമരകം നിവാസികളുടെ കാതുകളിൽ ദീനരോദനമായി എത്തിക്കഴിഞ്ഞിരുന്നു. കൈയിൽ കിട്ടിയ ചെറുതും വലുതുമായ വള്ളങ്ങൾ മണ്ണും കക്കായും, മീൻപിടിക്കാനും പോയ വള്ളങ്ങളിലെ നൂറുകണക്കിന് തൊഴിലാളികൾ, ട്രാവൻകൂർ സിമന്റ്സ് തൊഴിലാളികൾ, ഒട്ടനവധി യാത്രാ ബോട്ടുകൾ എല്ലാവരും ദുരന്തമുഖത്ത് പാഞ്ഞെത്തി. ഓരോ മനുഷ്യനും സ്വയം കർത്തവ്യനിരതനാവുകയായിരുന്നു.

അപ്പോഴേക്കും കോട്ടയം ജില്ലാ ഭരണകൂടം എന്തിനും സന്നദ്ധമായി. അന്നു പഞ്ചായത്ത് പ്രസിഡന്റായിരുന്ന എ.ജി. ഉഷാകുമാരിക്കും ഞങ്ങൾക്കും ഒപ്പമെത്തി മരിച്ചവരെയും മരണത്തോടു മല്ലടിച്ചു കൊണ്ടിരിക്കുന്നവരേയും കുമരകം പ്രൈമറി ഹെൽത്ത് സെന്ററിലും കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും ഒരു നിമിഷം മുമ്പേ എത്തിക്കുന്നതിനു പരിശ്രമിച്ചു. ജില്ലയിലെ എല്ലാ ആശുപത്രികളിലെയും ആംബുലൻസുകൾ പോലീസ് പിടിച്ചെടുത്ത് അതിവേഗം കുമരകത്ത് എത്തിച്ചു. റിസോർട്ടുകളിലെ സ്പീഡു ബോട്ടുകളും മോട്ടോർ ബോട്ടുകളും കൈവശപ്പെടുത്തി. കുമരകത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ ആംബുലൻസുകളേക്കാൾ അതിവേഗം അപകടത്തിൽപ്പെട്ടവരേയും കൊണ്ട് ആശുപത്രികളിലേക്കു പാഞ്ഞു. എല്ലാ റോഡുകളും ദുരന്തത്തിൽപ്പെട്ടവർക്കായി ആശുപത്രികളിലേക്കു വഴിയൊരുക്കി പോലീസ് കാവൽ നിന്നു. ഇതെല്ലാം എല്ലാവരും ഒറ്റമനസ്സായി പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ സംഭവിച്ചതാണ്.



*കുമരകം ബോട്ടു ദുരന്തത്തിന്റെ 9–ാം വാർഷികദിന അനുസ്മരണ സമ്മേളനം കോട്ടയം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബീനാ ബിനു ഉദ്ഘാടനം ചെയ്യുന്നു.*

ഒടുവിൽ രക്ഷാപ്രവർത്തനം നടത്തിയ കുമരകം പഞ്ചായത്തംഗങ്ങളോട് തികഞ്ഞ ആദരവും അഭിനന്ദനവും നേരാൻ മുഹമ്മ പഞ്ചായത്തും ജനങ്ങളും തയ്യാറായി. മുഹമ്മക്കാരായിരുന്നു മരിച്ചവരിൽ ഏറെയും. ആയിരം സ്നേഹാഭിവാദ്യങ്ങൾ അവർ ഞങ്ങൾക്ക് നൽകി. കെട്ടിപ്പിടിച്ചും പൊട്ടിക്കരഞ്ഞും മുഹമ്മ നിവാസികൾ ഞങ്ങളെ ആദരിക്കുമ്പോൾ ആ കടലോരഗ്രാമം അറബിക്കടലിന്റെ ആരവങ്ങളേക്കാൾ ഉച്ചത്തിൽ ആർത്തു വിളിച്ചു; കുമരകം നിവാസികളെ നിങ്ങൾക്കായിരം സ്നേഹാഭിവാദ്യങ്ങൾ. ഈ ആദരവ് നിലനിർത്താനാണു രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ കുരമകം ഗ്രാമപഞ്ചായത്തിന് ബോട്ടുജട്ടിക്കടവിൽ ഇറിഗേഷൻ പുരയിടത്തിൽ അതിമനോഹര കെട്ടിട സമുച്ചയം നിർമ്മിച്ചത്. ജില്ലാ ഭരണകൂടവും പോലീസ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളും ഗ്രാമപഞ്ചായത്തും ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ വിജയമാണ് കുമരകം ബോട്ട് ദുരന്തത്തിന്റെ രക്ഷാപ്രവർത്തനത്തിന്റെ വിജയം. ■

*ലേഖകൻ കുമരകം ഗ്രാമപഞ്ചായത്ത് അംഗമാണ്*

# വാർത്തകളും വിശേഷങ്ങളും

## നദീതീര സംരക്ഷണം, മണൽവാരൽ നിയന്ത്രണം, ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയൽ: നിർദ്ദേശം പുറപ്പെടുവിച്ചു

മണൽ വാരലുമായി ബന്ധപ്പെട്ട് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-07) 11-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 101-ൽ, മണൽവാരൽ ലേലവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു എന്നും ലേലത്തുകയിൽ കിഴിവ് അനുവദിക്കുക, യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കാതിരിക്കുക, ലേല കുടിശ്ശികയുള്ള ആൾക്കുതന്നെ പുനർലേലം അനുവദിക്കുക, അനധികൃത മണൽവാരലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരിക്കുക എന്നിവ മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റിനും ധനനഷ്ടം ഉണ്ടാകുന്നു എന്നും നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്നും ഉറപ്പുവരുത്തണമെന്നും തുക അടയ്ക്കുന്നതിലും യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കുന്നതിലും വീഴ്ച വരുത്തുന്നവരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും ലേലത്തുകയിൽ കിഴിവ് അനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ആകാവൂ എന്നും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മണൽ ലേലത്തുകയിൽ കിഴിവ് അനുവദിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സമിതികൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കണമെന്നുമുള്ള നിയമസഭാ സമിതി ശുപാർശകൾ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കണമെന്നും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മണൽ ലേലതുകയിൽ യാതൊരു കിഴിവും അനുവദിക്കരുത് എന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചു. കൂടാതെ, കേരള നിയമസഭയുടെ പരിസ്ഥിതി സംരക്ഷണ സമിതി നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ സംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ ഭാഗമായി പരിസ്ഥിതി, തദ്ദേശ സ്വയംഭരണം, റവന്യൂ, ആഭ്യന്തരം, ജലവിഭവം, വനവും-വന്യജീവിയും, വ്യവസായം, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളുടെ മേധാവികളിൽ നിന്ന് നടത്തിയ തെളിവ് ശേഖരണത്തിൽ 2001 ലെ കേരള നദീതീര സംരക്ഷണ നിയമവും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളും അനുബന്ധമായി പുറപ്പെടുവിച്ച സർക്കുലറുകളിലെ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറ്റകരമായ അനാസ്ഥയാണ് പുലർത്തി വരുന്നതെന്നും അതിനാൽ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും സർക്കുലറുകളിലെ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരിസ്ഥിതി സമിതിയുടെ ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ, ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളും ഗവൺമെന്റ് നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും സർക്കാർ അറിയിച്ചു.

ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഗൗരവതരമായ നടപടികൾ സ്വീകരിക്കണമെന്ന് നിയമസഭയുടെ പരിസ്ഥിതി സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കർശനമായ നിയമ വ്യവസ്ഥകൾ 2009ലെ ഭേദഗതിയിലൂടെ 219ലെ വകുപ്പിലായി കേരള പഞ്ചായത്ത് രാജ് ആക്ടിലും 340എ, 340ബി വകുപ്പുകളിലായി കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന കർശനമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചു. മണൽവാരലും വിൽപ്പനയുമായി ബന്ധപ്പെട്ടും ജല സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതുമായി ബന്ധപ്പെട്ടും മേൽ പരാമർശിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കൈക്കൊണ്ട നടപടി വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അടിയന്തരമായി ശേഖരിച്ച് ക്രോഡീകരിച്ച ഒരു റിപ്പോർട്ട് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ സർക്കാരിലേക്ക് നൽകേണ്ടതാണ്. (സർക്കുലർ നം. 42160/ആർ.സി.3/2008/തസ്വഭവ, തീയതി 09.08.2011).

## ജീവധാര കുടിവെള്ള പദ്ധതി : ബാക്കി വന്ന ധനത്തിന്റെ വിനിയോഗത്തിന് മാർഗ്ഗനിർദ്ദേശം

ജീവധാര പ്രോജക്ട് പൂർത്തിയാക്കി മിച്ചം വന്നതിന്റെ 50% തുക തനത് ഫണ്ടിലേക്ക് മാറ്റാനും ബാക്കിയുള്ള 50% തുക എസ്.ഇ.യു.എഫ്-ന് തിരിച്ചു നൽകാനും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. എസ്.ഇ.യു.എഫ്.ന് തിരിച്ചു നൽകുന്ന തുകയിൽ ആഡിറ്റിംഗിനും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും ആവശ്യമായ 10,000/ രൂപ കഴിച്ചു ബാക്കിവരുന്ന തുക പഞ്ചായത്ത് നിർദ്ദേശിക്കുന്ന ഒരു ശുചിത്വ/കുടിവെള്ള പദ്ധതി അതേ പഞ്ചായത്തിൽ തന്നെ നടപ്പിലാക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. എസ്.ഇ.യു.എഫ്.ലെ എഞ്ചിനീയർമാർ പ്രസ്തുത പദ്ധതിയുടെ സാങ്കേതിക സാധ്യത പരിശോധിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്. പഞ്ചായത്തുകൾ തനത് ഫണ്ടിലേക്കുള്ള ചെക്കും എസ്.ഇ.യു.എഫ്-ന് ശുചിത്വ-കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള ചെക്കും തയ്യാറാക്കുന്നതിനുമുമ്പായി എസ്.ഇ.യു. എഫ്-ന്റെ ഉദ്യോഗസ്ഥർ കണക്കു പരിശോധിച്ച് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായുള്ള അനുമതി നൽകേണ്ടതാണ്. കണക്ക് പരിശോധിക്കുന്നതിനായി എസ്.ഇ.യു,എഫ്-ലെ ആഡിറ്റ് അംഗങ്ങൾ എത്തുന്നതിന് സൗകര്യപ്രദമായ ഒരു ദിവസം എസ്.ഇ.യു.എഫ്-നെ പഞ്ചായത്ത് അറിയിക്കേണ്ടതാണ്. ഈ മാനദണ്ഡം ജീവധാരപദ്ധതി നടപ്പാക്കി കഴിഞ്ഞതും പ്രോജക്ട് ഫണ്ട് മിച്ചമുള്ളതുമായ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാണ്. (സർക്കുലർ നംപർ 33178/എഫ്എം3/2011/ത. സ്വ.ഭ.വ, തീയതി 6.08.2011).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.






ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

**പരസ്യ നിരക്ക്**

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033